CARMELITE MONASTERY
ALWAYE, TRAVANCORE
D 95/891

# സേവാസദനം.

239.9
C

*Fr. Victor, C. D.*

(വില അണ 12)

**Imprimi potest**

Fr. John of Jesus Mary
Prior General T. O. C. D.

Ernakulam
15-4-'46.

---

**Imprimatur**

✠ James Kalacherry
Bishop of Changanacherry.

# സേവാസദനം

അഥവാ

## പൊതുജനസേവനവും കത്തോലിക്കാ സഭയും.

ST. ANTONY'S CARMELITE MONASTERY
RAILWAY STATION, ALWAYE, TRAVANCORE
S. I.
ALWAYE, TRAVANCORE

DHARMARAM COLLEGE
LIBRARY
BANGALORE-29

ACHARYA PALACKAL JEEVASS KENDRAM
LIBRARY
16086

ഗ്രന്ഥകർത്താവ്

ഫാദർ വിക്റ്റർ, സി. ഡി.

Printed at the St. Francis Sales' Press, Kottayam.
1947.

# വിഷയവിവരണിക.

M/2399 VIC

| | പേജ് |
|---|---|
| 1. അവതാരിക. | i-v |
| 2. ആമുഖം. | vi-viii |
| 3. ക്രിസ്തുവിന്റെ ആദർശം. | 1-17 |
| 4. ശ്ലീഹന്മാരുടെ പ്രവൎത്തനങ്ങളും പ്രബോധനങ്ങളും | 18-24 |
| 5. പൂൎവ്വക്രിസ്ത്യാനികളുടെ നടപടികൾ | 24-32 |
| 6. പാപ്പാമാരുടെ സേവനങ്ങൾ | 32-41 |
| 7. പ്രോട്ടസ്റ്റന്റു വിപ്ളവത്തിനുമുമ്പ് സഭയിലുണ്ടായിരുന്ന പൊതുജനസംരക്ഷണം. | 42-65 |
| 8. ഭാരതത്തിലെ ക്രൈസ്തവസേവനം | 65-80 |

# അവതാരിക.

പ്രശസ്യമായ ഈ ഗ്രന്ഥത്തിനു ഞാനൊരവതാരിക യെഴുതണമെന്ന ഗ്രന്ഥകാരനുള്ള ആഗ്രഹം നിറവേററുന്നതിനു യോഗ്യതാബോധത്താലല്ലെങ്കിലും കത്തവ്യബോധത്താൽ ഞാൻ പ്രേരിതനായിരിക്കുന്നു. ബ. ഫാ. വിക്ററിനോടെനിക്കുള്ള സ്നേഹവും ബഹുമാനവും അദ്ദേഹത്തിൻെറ വാഞ്ഛയെ നിരാകരിക്കുന്നതിനെന്നെ അനുവദിക്കുന്നില്ല.

ഫാ. വിക്ററർ കേരളീയകമ്മലീത്താസഭയിലെ സുവിദിതന്മാരായ ധ്യാനപ്രാസംഗികന്മാരിലൊരുവനാണ്. ആദ്ധ്യാത്മികാഭ്യാസങ്ങളുടെ പ്രചാരയിതാവായ വിശുദ്ധ ഇഗ്നാസിയോസിൻെറ "മൻറേസാ" എന്ന ധ്യാനഗ്രന്ഥം അദ്ദേഹം വിവത്തനം ചെയ്തു പ്രസിദ്ധം ചെയ്തിരിക്കുന്നതു ധ്യാനകാര്യങ്ങളിൽ അദ്ദേഹത്തിനുള്ള ഉത്സാഹത്തെ പ്രഖ്യാപനം ചെയ്യുന്നു. ക്രിസ്തുവും ശ്ലീഹന്മാരും അവരുടെ അനന്തരന്മാരായ പുണ്യാത്മാക്കളും പ്രവൃത്തികൊണ്ടും വചനംകൊണ്ടും ഉപദേശിച്ചുതന്നിട്ടുള്ള ആദശങ്ങളെ ക്രിസ്ത്യാനികളായ നാമെല്ലാവരും പാലിച്ചുകാണുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു. ഈ ആഗ്രഹത്തിൻെറ ഒരു ഫലമാണു പ്രകൃതഗ്രന്ഥം.

തിരുസ്സഭ കല്പിച്ചിട്ടുള്ളതെല്ലാം കേരളീയകത്തോലിക്കർ ചെയ്യുന്നുണ്ടല്ലോ. അവർ തങ്ങളുടെ ശിശുക്കൾക്കു യഥാവിധി മാമ്മോദീസാ നൽകുന്നു; ബാലന്മാക്കു മുമ്പിലത്തെ ഒപ്പ്രുശുമാ കൊടുക്കുന്നു; കടമുള്ള ദിവസങ്ങളിൽ കുർബാന കാണുന്നു; കുമ്പസാരിക്കുന്നു; കുർബാന കൈക്കൊള്ളുന്നു. ഇങ്ങനെ അവശ്യംകരണീയങ്ങളായ കൃത്യങ്ങളെല്ലാം അവർ നിവ്വഹിക്കുന്നു. അവരുടെ ജീവിതം തൃപ്തികരമല്ലെന്നു എങ്ങനെ പറയാം?

നമ്മുടെ വൈദികരുടെയും വൈദികാദ്ധ്യക്ഷന്മാരുടെയും നിരന്തരമായ പ്രയത്നംകൊണ്ടു് ഇതെല്ലാം നടക്കുന്നുണ്ടു്. താൻ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കയും തൻെറ

സമ്പാദ്യങ്ങളുടെ ദശാംശം ദാനം ചെയ്യുകയും ചെയ്യുന്നുവെന്നു പറഞ്ഞ പ്രീശേനും വിധിക്കപ്പെട്ടിരുന്ന കൃത്യങ്ങൾ നിൎവ്വഹിക്കുന്നവനായിരുന്നല്ലൊ. ആ പ്രീശേനെയും വിധികളെല്ലാം കണിശമായി അനുഷ്ഠിച്ചിരുന്ന മററു പ്രീശേന്മാരെയും നമ്മുടെ കൎത്താവെന്തിനപലപിച്ചു? വിധികളുടെ ബാഹ്യമായ അനുഷ്ഠാനം അവയുടെ ഉദ്ദേശത്തെ സാധിക്കുന്നതല്ലാത്തതായിരിക്കാമെന്നാണല്ലൊ ഇതിൻെറ അൎത്ഥം.

ക്രിസ്തുവിൻെറ ആദൎശങ്ങളനുസരിച്ചു നാം ജീവിക്കണമെങ്കിൽ ആ ആദൎശങ്ങളെന്താണെന്നു നാം വ്യക്തമായി മനസ്സിലാക്കിയിരിക്കണമല്ലൊ. ക്രിസ്തുവിനെ നാം കരുതേണ്ടതു നമ്മുടെ മററു പ്രവൃത്തികൾ എങ്ങനെയിരുന്നാലും നാം കൂദാശകൾ യഥാവിധി അനുഷ്ഠിച്ചാൽ നമുക്കു് ഇഹത്തിലും പരത്തിലും സുഖം നൽകാമെന്നുടമ്പടി ചെയ്തിരിക്കുന്ന ഒരു വാഗ്ദാനകാരനായിട്ടാണോ, അതൊ നമുക്കെന്തെല്ലാം കഷ്ടപ്പാടുകളുണ്ടായാലും അനുകരണീയനായ ഒരു പരമ ഗുരുവായിട്ടാണോ? സുവിശേഷങ്ങളിൽ സ്പഷ്ടമായിട്ടുപദേശിച്ചിട്ടുള്ള കൂദാശകളിലൊന്നു കുൎബാനയാണല്ലൊ. എന്തിനായിട്ടു ആ കൂദാശ അനുഷ്ഠിക്കണമെന്നാണു് കൎത്താവു പറഞ്ഞിരിക്കുന്നതു്? "എൻെറ ഓൎമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ". (ലൂക്കാ XXII, 19) എന്നു പറഞ്ഞിരിക്കുന്നു. "ഞങ്ങളുടെ കൎത്താവായ യേശുക്രിസ്തുവിൻെറ പങ്കപ്പാടിൻെറയും ഉയിൎപ്പിൻെറയും, സ്വൎഗ്ഗാരോഹണത്തിൻെറയും ഓൎമ്മയ്ക്കായി ഞങ്ങൾ അൎപ്പിക്കുന്ന ഈ ബലി സ്വീകരിക്കണമെ" എന്നു നാം കുൎബാനയിൽ പരിശുദ്ധ ത്രിത്വത്തോടു് പ്രാൎത്ഥിക്കുന്നുമുണ്ടു്. (Roman Missal)

ക്രിസ്തുവിനെ നാം സ്മരിക്കുമ്പോൾ ക്രിസ്തുവിൻെറ ആദൎശങ്ങളെയും ഉപദേശങ്ങളെയും നാം സ്മരിക്കേണ്ടിയിരിക്കുന്നു. സ്മരിക്ക മാത്രമല്ല, അവയെ അനുസരിച്ചു നാം പ്രവൎത്തിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിൻെറ ജീവിതത്തിലും ഉപദേശങ്ങളിലും സവിശേഷം തെളിഞ്ഞുനിൽക്കുന്നതു ദീനാനുകമ്പയാണു്. താൻ സ്വൎഗ്ഗത്തിൽ നിന്നിറങ്ങി മനുഷ്യനായിത്തീൎന്നതുതന്നെ ദീനാനുകമ്പകൊണ്ടാണല്ലൊ. മനുഷ്യരെ പാപശൃംഖലയിൽനിന്നു മോചിപ്പിക്കാനായി താൻ തൻെറ ജീവനെ അതിദാരുണമായ ഒരു മര

ണത്തിനു വിധേയമാക്കി. പാപംകൊണ്ടോ, രോഗംകൊണ്ടോ, വിശപ്പുകൊണ്ടോ, മററു പ്രകാരങ്ങളിലോ ആത്തരായി ആരെയെങ്കിലും കണ്ടാൽ അവരുടെ ദീനതപം ശമിപ്പിക്കുന്നതിനു വേണ്ടതു താൻ സവ്വദാ ചെയ്തുകൊണ്ടിരുന്നു. നാം ക്രിസ്തുവിനെ അനുകരിമ്പോൾ ഇതെല്ലാം അനുകരിക്കേണ്ടിയിരിക്കുന്നു. ശ്ലീഹന്മാരും, മററു പുണ്യാത്മാക്കളും ഔദ്യോഗികമായി കത്തോലിക്കാസഭയും ക്രിസ്തുവിൻെറ ഈ ആദശമനുസരിച്ചാണു പ്രവത്തിച്ചിട്ടുള്ളതു്.

ദീനസംരക്ഷണത്തിൽ ക്രിസ്ത്യാനികൾക്കുള്ള കത്തവ്യം സ്പഷ്ടമാക്കുന്നതിനുവേണ്ടിയാണു ബ. റാ. വിക്ററർ ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതു്. ഇംഗ്ലീഷിലുള്ള ഒരു ഗ്രന്ഥത്തെ (The Catholic Church and the Destitute) അനുജീവിച്ചു് ഇതെഴുതപ്പെട്ടിരിക്കുന്നു. ഇതിൻെറ ആദ്യഭാഗത്തിൽ ആതുരസംരക്ഷണത്തെക്കുറിച്ചു ക്രിസ്തുവിൻെറ ആദശങ്ങളെന്തെന്നു സംക്ഷിപ്തമായി വിവരിക്കപ്പെടുന്നു. ശ്ലീഹന്മാരും പൂർവ്വക്രിസ്ത്യാനികളും കത്തോലിക്കാസഭയും ആതുരസംരക്ഷണത്തിനു എത്രവലിയ പ്രാധാന്യം കല്പിച്ചിരുന്നുവെന്നു പിൻഭാഗങ്ങൾ തെളിയിക്കുന്നു. കത്തോലിക്കാസഭയും പല പല ഭക്തസംഘങ്ങളും അസംഖ്യം വ്യക്തികളും ഇന്നും ക്രിസ്തുവിൻെറ ഉപദേശമനുസരിച്ചു് ആതുരസംരക്ഷണം ചെയ്യുന്നുണ്ടു്. എന്നാൽ സാമാന്യമായി ജനങ്ങളുടെ മനസ്സിൽ ഇതിൻെറ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധം മങ്ങിപ്പോയിരിക്കുന്നു. ഈ പുസ്തകം മങ്ങിപ്പോയ ആ ബോധത്തെ പ്രത്യുദ്ദീപിപ്പിക്കുന്നതിനുപകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

നമ്മുടെ മതപ്രബോധനം പയ്യാപ്തമല്ലെന്നെനിക്കു തോന്നുന്നു. നാം നമ്മുടെ കുട്ടികളെ വേദോപദേശം പഠിപ്പിക്കുവാൻ പ്രയത്നിക്കുന്നുണ്ടു്. ഇതു് ആവശ്യം തന്നെ. എന്നാൽ ഇതു് പയ്യാപ്തമല്ല. ക്രിസ്തുവിൻെറ ആദശങ്ങളെക്കുറിച്ചു് ശരിയായ ബോധം ജനിപ്പിക്കുവാൻ ഇതിൽ കൂടുതലായ പ്രബോധനം വേണ്ടിയിരിക്കുന്നു. സാമാന്യ ജനങ്ങളിൽ പലക്കും വേദോപദേശപ്രായം കഴിഞ്ഞാൽ പിന്നെ വേദാദ്ധ്യയനത്തിനു സൌകയ്യം കിട്ടാതെ വരുന്നു. പ്രായം കൂടുംതോറും കായ്യങ്ങളുടെ കാരണങ്ങളറിവാനുള്ള ആഗ്രഹവും കൂടിവരും. ഇതിനെല്ലാം നാം പരിഹാരമുണ്ടാക്കേണ്ടിയി

രിക്കുന്നു. സുവിശേഷങ്ങളിലും ശ്ലീഹന്മാരുടെ ലേഖനങ്ങളിലും അടങ്ങിയിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു ജനങ്ങൾക്കു കൂടുതൽ പ്രബോധനം നൽകിയാൽ മുകളിൽ പറഞ്ഞ ന്യൂനതകൾക്കു പരിഹാരമുണ്ടാകുമെന്നാണെന്റെ അഭിപ്രായം. ഇതുതന്നെയാണു നമ്മുടെ വൈദികാദ്ധ്യക്ഷന്മാരുടെയുമഭിപ്രായമെന്നു തോന്നുന്നു. ഞായറാഴ്ചതോറും പൊതു കുർബാനകളിൽ ഏവൻഗേലിയോനും എംഗത്തായും പരസ്യമായി വായിക്കണമെന്നു മെത്രാന്മാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പല ഇടവകകളിലും ഈ കൃത്യം നിർവ്വഹിക്കപ്പെടുന്നതു യാതൊരു പ്രയോജനവുമില്ലാത്തവിധത്തിലാണ്. എന്നുമാത്രമല്ല, കുർബാന ചൊല്ലുന്ന പുരോഹിതനല്ലാതെ കപ്പിയാരൊ മററു വല്ലവനുമോ ഒരു മൂലയിലിരുന്നൊ നിന്നോ മൂക്കിമൂളി ഇവ വായിക്കുന്നതു കേൾക്കുമ്പോൾ ഇവയ്ക്കു് കല്യാണം വിളിച്ചുചൊല്ലിനേക്കാൾ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടില്ലെന്നു തോന്നിപ്പോകും. വേണ്ട ആദരവോടും ഭക്തിയോടുംകൂടെ പുരോഹിതൻതന്നെ ഇവ വായിച്ചു വിശദമല്ലാത്തതു വിശദമാക്കിയെങ്കിൽ മാത്രമെ മെത്രാന്മാരുടെ ഉദ്ദേശം സാധിക്കപ്പെടുകയുള്ളു. ജനങ്ങൾ ക്രിസ്തുവിനെ അനുകരിക്കേണമെന്നാഗ്രഹിക്കുന്നവർ ക്രിസ്തുവിനെത്തന്നെ പ്രസംഗിക്കണം. അനുകരണീയമെന്തെന്നറിയാതെ അനുകരണമെങ്ങനെ?

ഈ പുസ്തകം രണ്ടുദ്ദേശങ്ങളെ സാധിക്കുന്നു. ഒന്നാമതായി ആതുരസംരക്ഷണത്തിൽ ക്രിസ്ത്യാനികളുടെ കർത്തവ്യമെമെന്തെന്നു കാണിക്കുന്നു. രണ്ടാമതായി ആതുരസംരക്ഷണത്തിനായി കത്തോലിക്കാസഭ എന്തെല്ലാം ചെയ്യുന്നുവെന്നു സഭയ്ക്കു പുറത്തുള്ളവരെ മനസ്സിലാക്കുന്നു. കത്തോലിക്കാസഭ നിർജ്ജീവമായ ചടങ്ങുകളുടെ ഒരു സംഘടനയാണെന്നു വിചാരിക്കുന്നവരുടെ തെററിദ്ധാരണയെ നീക്കുവാൻ ഈ പുസ്തകമുപകരിക്കും.

ആതുരസംരക്ഷണത്തിനായി കത്തോലിക്കാസഭ ഈ നമ്മുടെ ഭാരതത്തിൽപോലും എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു ഗ്രന്ഥകാരൻ വിവരിക്കുന്നു. എന്നാൽ പുരാതനക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന കേരളീയ ക്രിസ്ത്യാനികളായ നമുക്ക് ഇതിൽ ഗണ്യമായ ഒരു സ്ഥാനമുണ്ടോ എന്നു

നാം ആലോചിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ക്രിസ്ത്യാനിത്വം പുരാതനമാണെങ്കിലും ക്രിസ്തുവിന്റെ ആദർശങ്ങളെ നിറവേറ്റുന്നതിനു വേണ്ട ത്യാഗങ്ങൾ നാം പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഈ ഗ്രന്ഥം ആ പാഠത്തിലേയ്ക്കു നമ്മുടെ ശ്രദ്ധയെ നയിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പുളിങ്കുന്നു,<br>
29-12-1946.

ഐ. സി. ചാക്കോ.

# ആമുഖം

ഇന്നു് ലോകത്തിൽ പലവിധപ്രസ്ഥാനങ്ങളും തലപൊക്കിയിട്ടുണ്ടു്. സാധുജനസേവനമാണു് അവയുടെയെല്ലാം ബാഹ്യവേഷം. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, അവയുടെ സ്ഥിതി മധുവിൽപൊതിഞ്ഞ ഗരളംപോലെയാണെന്നു്, മനുഷ്യനു് അനുഭവപ്പെടാതിരിക്കുകയില്ല. കമ്യൂണിസം, നാസിസം, ഫാസിസം, ബോൾഷേവിസം മുതലായ സംഘടനകളുടെ പരമ ലക്ഷ്യമെന്തെന്നു് പരിശോധിക്കുമ്പോൾ, മേൽകാണിച്ച വസ്തുത അനിഷേധ്യമാണു്. ലോകത്തിൽ പലവിധ അസമത്വങ്ങൾ നട്ടുവളൎത്തി് വേരുറപ്പിച്ചു്, സൎവ്വജനാശ്രയ സങ്കേതമെന്നു് പുറമെ പേരും കൊത്തി, സാധുജനസേവനത്തിൻെറ നാമത്തിൽ പ്രവൎത്തിച്ചുപോരുന്ന ചില പ്രസ്ഥാനങ്ങളും ഭൂമുഖത്തു് പ്രവൎത്തിക്കുന്നുണ്ടു്. ഈ പ്രവൎത്തനങ്ങളുടെയെല്ലാം ജീവതന്തുവായി നിലകൊള്ളുന്നതു്, തൽകൎത്താക്കന്മാരുടെ സ്വാൎത്ഥതയാണെന്നു് കാൎയ്യവിവരമുള്ളവൎക്കു് സമ്മതിക്കാതെ കഴികയില്ല.

ഒരു വശത്തു് സ്വാഭിലാഷവൃത്തിയും മറുവശത്തു് സ്വാൎത്ഥബുദ്ധിയും നടനം ചെയ്യുമ്പോൾ, മറ്റൊരുരംഗത്തു് കുത്തഴിഞ്ഞ പുസ്തകത്തിൻെറ നിലയിലുള്ള ഒരു വക സ്വാതന്ത്ര്യബുദ്ധിയും കളിയാടുന്നതു കാണാം.

എന്നാൽ ഇവിടെയെങ്ങും യഥാൎത്ഥസ്നേഹത്തിൻെറ കണികയെങ്കിലും മനുഷ്യനു് കാണ്മാൻ സാധിക്കുകയില്ല. മനുഷ്യൻെറ മഹത്വത്തെ യഥാൎത്ഥത്തിൽ വികസിപ്പിക്കുന്നതിനു് ഈ സംരംഭങ്ങളൊന്നും തികച്ചും പൎയ്യാപ്തങ്ങളല്ല.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വായ്ക്കുന്ന അമൂല്യരത്നങ്ങളാണു് മനുഷ്യർ. ഈ രത്നങ്ങളെ ഇഹത്തിലും പരത്തിലും അലങ്കാരങ്ങളാക്കിത്തീൎക്കാനുതകുന്ന സംവിധാനങ്ങൾക്കേ, സാക്ഷാൽ വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ നിസ്വാൎത്ഥവും ആത്മാൎത്ഥവുമായ സേ

വനംകൊണ്ടു് ലോകത്തെ അനുഗ്രഹിക്കുന്ന സംഘടനകൾക്കു മാത്രമേ ലോകത്തിൽ ശാശ്വതമായ നിലനിൽപ്പുലഭിക്കാൻ ഇടയുള്ളു എന്നു് സിദ്ധം.

എന്നാൽ ഇന്നു് ലോകത്തു് പല വിധ വീരാട്ടഹാസങ്ങളും മുഴങ്ങുന്നതു് കേൾക്കാം. ചിലരുടെ അപദാനങ്ങൾ പ്രകീർത്തിക്കുകയും, ചില പരമാണുക്കളെ പർവ്വതീകരിക്കുകയും ചെയ്യുന്ന ഉച്ചഭാഷിണികളും മുഴങ്ങുന്നുണ്ടു്. ചില ആദർശങ്ങൾ പകർത്തി ഒരു വക ചായം തേച്ചു ചെപ്പടിവിദ്യകൾ കാണിക്കുന്നതും നമുക്കു കാണ്മാൻ കഴിയും.

ഈ ഘട്ടത്തിൽ കത്തോലിക്കാസഭയുടെ നിലയെന്തെന്നും, അവൾ ഇതഃപര്യന്തം എന്തുചെയ്തു എന്നും, വിശദമാക്കുന്നതു് ചില തെററിദ്ധാരണകൾ പരിഹരിക്കപ്പെടുന്നതിനു് ഉപയുക്തമാകാതിരിക്കയില്ല. ഇന്നു് ക്രൈസ്തവസംസ്കാരം ഭൂമുഖത്തു്നിന്നു മാഞ്ഞുപോയിരിക്കുന്നുവെന്നും, ക്രിസ്ത്യാനികളുടെ സാധുസേവനാത്മകങ്ങളായ പ്രവൃത്തികൾ ആത്മാർത്ഥമായ സേവനങ്ങളല്ലെന്നും, ജല്പിക്കുന്ന ചില വേദാന്തികൾക്കുപോലും ഈ ഗ്രന്ഥം ഒരു ചെറിയ വിശദീകരണമാകാതിരിക്കയില്ല.

അതിനാൽ കത്തോലിക്കാസഭയും പൊതുജനസേവനവും എന്ന വിഷയത്തെ അധികരിച്ചു് ഏററവും സംക്ഷിപ്തമായ തോതിൽ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. സേവനത്തിൻെറ യഥാർത്ഥമായ ഒരു സദനം എന്നവണ്ണം കത്തോലിക്കാസഭ പരിശോഭിക്കുന്നതിനാൽ ഈ ഗ്രന്ഥത്തിനു് 'സേവാസദനം, എന്നാണു് നാമകരണം ചെയ്തിരിക്കുന്നതു്.

ഈ ഗ്രന്ഥത്തിൻെറ രൂപവത്കരണത്തിൽ എനിക്കു കാര്യമായ സഹായം ചെയ്തുതന്ന ശ്രീമാൻ ററി. പി. സേവ്യർ അവർകളോടും, വിശിഷ്ടതരമായ ഒരവതാരികകൊണ്ടു വിനീതമായ ഈ കൃതിയെ അലങ്കരിച്ച പണ്ഡിത വരേണ്യനായ രാജശ്രീ ഐ. സി. ചാക്കോ അവർകളോടും, ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്യുന്നതിനു പണസഹായം ചെയ്ത ഒരു ധനാ

ഢ്യനും ധർമ്മിഷ്ഠനുമായ ശ്രീമാൻ പുത്തൻപുരയ്ക്കൽ കുഞ്ചെറിയ ജോൺ അവർകളോടും, ഇതിൻെറ അച്ചടി യഥാകാലം നിർവഹിച്ചുതന്ന സെൻറ് ഫ്രാൻസീസ് സാലെസ് മുദ്രാലയാധികൃതരോടും ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു.

മുട്ടാർ 1946 ജൂൺ 18<br>വി. അപ്രേമിൻെറ തിരുനാൾ ദിവസം } ഗ്രന്ഥകർത്താവ്.

# പൊതുജനസേവനവും കത്തോലിക്കാ സഭയും

---

## I.

## ക്രിസ്തുവിന്റെ ആദർശം.

കരുണയുടെ അങ്കുരങ്ങൾ.

ഇന്നു ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സാധുജനസംരക്ഷണപരമായ ഉദ്യമങ്ങൾ പലതും കാണുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരും എന്നല്ല, മററു പല സജ്ജനങ്ങളും ഈ സത്കൃത്യത്തിന്റെ പരിപാടികളെപ്പററി ചിന്തിക്കുന്നുണ്ടു്. ലോകം ഇന്നു് അനുഭവിക്കുന്ന നിരവധി അനിഷ്ടങ്ങളുടെ പ്രത്യാഘാതങ്ങൾ, യഥാർത്ഥമായി സാധുജനഹൃദയങ്ങളെയാണു് തിരതല്ലിത്തകർക്കുന്നതു്. അതിനാൽ വിവിധ മതക്കാരും ദേശക്കാരും സാധുജനസംരക്ഷണവിഷയകമായി അകമഴിഞ്ഞു പ്രവർത്തിക്കുവാൻ കുതികൊള്ളുന്നു. ലോകമഹാശക്തികളുടെ ശക്തിപ്രകടനപരമായ വിവിധ സംഘട്ടനങ്ങൾക്കിടയിൽ, അഥവാ, അധർമ്മത്തിന്റെ നാരകീയ ശക്തികളോടു് ധർമ്മം സിംഹനാദം പുറപ്പെടുവിച്ചു്, ഘോരസമരം ചെയ്യുമ്പോൾ, തദന്തരാളവർത്തികളായ സാധുക്കൾക്കു് അവശതയനുഭവിക്കാതെ ഗത്യന്തരമില്ലല്ലോ. ലോകത്തിന്റെ ജീവരക്തം കൊതിച്ചു്, ജഡ വിതിർത്താടുന്ന സംഹാരമൂർത്തിയുടെ കരാളദംഷ്ട്രങ്ങൾക്കിടയിൽ അകപ്പെട്ടു്, ഞെളിപിരികൊള്ളുന്ന സാധുലക്ഷങ്ങളുടെ രക്ഷാവിഷയകമായ പരിപാടികൾ, അഹമഹമികയാ സഹൃദയലോകം വീക്ഷിച്ചു് പ്രോത്സാഹനം നൽകുന്നതു് അത്യന്തം ആശ്വാസകരമത്രെ.

സഭയുടെ ആദർശം എന്തു്?

ഏതൽകൃത്യനിർവ്വഹണത്തിൽ കത്തോലിക്കാസഭയുടെ ആദർശമെന്തെന്നും, സഭയുടെ ആരംഭകാലം മുതൽക്കു തന്നെ അതു സ്വീകരിച്ചിരിക്കുന്ന പ്രവർത്തനസമ്പ്രദായങ്ങൾ എന്തെല്ലാമെന്നും, ചിന്തിക്കുന്നതു കാലോചിതവും വിജ്ഞാനപ്രദ

വുമായിരിക്കും. മാത്രമല്ല, സാധുജന സംരക്ഷണത്തിന്റെ നാമത്തിൽ ഇന്നു പലരും നടത്തിവരുന്ന പ്രവൎത്തനങ്ങൾക്കും പ്രവൎത്തകന്മാൎക്കും ലഭിച്ചിട്ടുള്ള സേവനാത്മകമായ സ്നേഹത്തിന്റെ രശ്മികൾ, എവിടെ നിന്നു് എങ്ങനെ ലഭിക്കുന്നു എന്നു മനസ്സിലാക്കുന്നതിനും, സാധിക്കുന്നതാണു്. അതിനാൽ സ്നേഹത്തിന്റെ ആത്മാൎത്ഥമായ മരീചികൾ ലോകത്തിൽ എവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നുണ്ടെന്നും, കത്തോലിക്കാസഭയുടെ ആദൎശങ്ങൾ എന്തെല്ലാമെന്നും, കുറഞ്ഞൊന്നു ഇവിടെ പ്രതിപാദിച്ചുകൊള്ളുന്നു.

**സഭയുടെ വെളിച്ചം**

ഇന്നു കത്തോലിക്കാ സഭാസൌധത്തിൽ കത്തിജ്ജ്വലിക്കുന്ന സത്പ്രഭാദീപം, ലോകരക്ഷകനായ ക്രിസ്തുനാഥനാൽ ഉദ്ദീപിതമായിട്ടുള്ള ഒന്നാണു്. അതിനാൽ ആ ദിവ്യപുരുഷൻ ഏതദ്വിഷയകമായി ലോകത്തിനു നൽകീട്ടുള്ള ആദൎശങ്ങൾ എന്തെല്ലാമെന്നു പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതു്, അത്യന്തം ഉപയോഗപ്രദമായിരിക്കും. ഈ വസ്തുതയിലേക്കു് നാം പ്രവേശിക്കുംമുൻപെതന്നെ, ലോകാന്തരീക്ഷത്തിൽ സ്നേഹത്തിന്റെ കണികകൾ എവിടെയെല്ലാം ഉയൎന്നുകാണുന്നുണ്ടെന്നു്, ഒരു വിഹഗവീക്ഷണം നടത്തുന്നതു് ഏററവും ഉചിതമായിരിക്കും. അതിനാൽ അപ്രകാരമുള്ള ചില പ്രത്യേക വീക്ഷണമുഖങ്ങളിലേക്കു വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

**പൂൎവ്വപഠനം**

ക്രിസ്തുവിന്റെ ആഗമനത്തിനു മുൻപു ഗ്രീസ്, റോം മുതലായ പരിഷ്കൃതരാജ്യങ്ങളിൽ പ്ളൂട്ടാക്കു്, സെനക്കാ മുതലായ താത്വികന്മാർ, സ്നേഹത്തിന്റെ സ്വാഭാവികമായ മഹത്വത്തേയും, അതിന്റെ ബാഹ്യമായ പ്രയോജനങ്ങളേയും പാഠി പഠിപ്പിച്ചിരുന്നു. ഈ പാഠങ്ങൾ സുന്ദരങ്ങളായ ശബ്ദങ്ങളുടെ രൂപത്തിൽ ജനഹൃദയങ്ങളെ കവൎന്നു. എങ്കിലും പ്രയോഗപഥത്തിൽ സജീവ ചൈതന്യങ്ങളോടുകൂടി വൎത്തിക്കുന്നതിനു്, അവയ്ക്കു കഴിഞ്ഞില്ല. യഥാൎത്ഥത്തിൽ സ്നേഹാത്മകങ്ങളായ പ്രവൃത്തികൾക്കു് ശരിയായ മാതൃക നൽകുവാൻ ലോകത്തിനു് അന്നു് ആരെയും ലഭിക്കുകയുണ്ടായില്ല. ലോകം ചില ശബ്ദങ്ങൾ ശ്രവിച്ചു. പക്ഷെ അവയു

ടെ സാരൂപ്യം വഹിക്കുന്ന ക്രിയകൾ കാണ്മാൻ ലോകത്തിനു് അന്നു ഭാഗധേയം സിദ്ധിച്ചില്ല. അതിനാൽ ആ വക തത്വപ്രസംഗങ്ങൾ വെറും മിഥ്യാലാപങ്ങളായി, അന്തരീക്ഷത്തിൽ മാററൊലികൊള്ളുക മാത്രം ചെയ്തു.

**യഹൂദസിദ്ധാന്തം**

അന്നു് യഹൂദജനങ്ങളുടെ ഇടയിൽ വ്യാപിച്ചിരുന്ന സ്നേഹത്തിന്റെ പ്രകൃതി കേവലം ജാതീയമായിരുന്നു. അന്നു് അവർക്കു പലവിധ ശത്രുക്കളോടും നിരന്തരസമരം ചെയ്യേണ്ടിയിരുന്നു. മാത്രമല്ല, റോമാക്കാരിൽനിന്നു് ഗുരുതരമായ ഒരു പരാജയം തന്നെ അവർ ആയിടക്കു് വരിക്കേണ്ടിവരികയും ചെയ്തു. തന്മൂലം വർഗ്ഗീയമായ ഒരു സ്നേഹശൃംഖലയുടെ ആവശ്യമാണു്, അവരെ അത്യന്തം അലട്ടിയിരുന്നതു്. ഈ സാഹചര്യങ്ങൾക്കു വിധേയമായി യഹൂദജനത ഒരുവിധം ഉണർവുകൊണ്ടിരുന്നു എന്നും പറയാതെ കഴികയില്ല. തന്മൂലം ആ ജനസംഹതി സ്നേഹത്തിന്റെ വർഗ്ഗീയ രൂപത്തിലുള്ള സങ്കുചിതമായ ഒരു പ്രാകാരം തന്നെ നിർമ്മിക്കുകയുണ്ടായി. ഇന്നും ആ ജനതതി അങ്ങനെ നിലകൊള്ളുന്നു. അതു് ലോകത്തിനു ഏററവും വ്യക്തമായിത്തീർന്നിട്ടുള്ള ഒരു വസ്തുതയാണല്ലോ. അതിനാൽ യഹൂദജനതയിൽക്കൂടി ബഹിർഗ്ഗമിച്ചിരുന്ന സ്നേഹത്തിന്റെ കല്ലോലങ്ങൾക്കു്, ലോകാന്തരീക്ഷത്തെ ആകമാനം ചലിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. ഇതു് സർവ്വവിദിതമായ ഒരു പരമാർത്ഥം മാത്രമാണു്.

**ഭാരതീയാദർശം**

ഈ അവസരത്തിൽ ഭാരതഖണ്ഡത്തിന്റെ നിലയെപ്പററിയും കുറഞ്ഞൊന്നു ചിന്തിക്കുന്നതു് സമുചിതമായിരിക്കും. ഇന്നും ഭാരതത്തിൽ നിലവിലിരിക്കുന്ന ജാതിഭേദം, അയിത്തം മുതലായ ദുരാചാരങ്ങൾ പൂർവ്വകാലങ്ങളിൽ സമുദായങ്ങൾ സൃഷ്ടിച്ചിട്ടുള്ള അസമത്വത്തിന്റേയും, അനൈകമത്യത്തിന്റേയും—ബാഹ്യരൂപങ്ങൾ മാത്രമാണല്ലോ. ആര്യപരിഷ്കാരം സംസ്കാരോന്മുഖമായിരുന്നെങ്കിലും, അതു് യഥാർത്ഥമായ സ്നേഹബുദ്ധിക്കു് സാർവ്വത്രികമായ വ്യാപ്തി അനുവദിക്കുന്ന വിധത്തിലുള്ള ഒന്നായിരുന്നില്ല. ഉച്ചനീചത്വങ്ങളുടെ അസഹിഷ്ണുതാപരമായ കല്ലോലങ്ങൾ,— ജനഹൃദയഭിത്തി

കളെ പാടെ വിപാടനം ചെയ്തിരുന്നു. ഭാരതീയജനതയുടെ സങ്കുചിതമായ സ്നേഹപ്രകടനങ്ങളുടെ പ്രത്യാഘാതങ്ങൾ, പരസ്പരം അസ്വാസ്ഥ്യത്തിന്നു തന്നെ ഹേതുവായിത്തീൎന്നു. സാധുജനങ്ങൾ അത്യന്തം ദുസ്സഹമായ ഒരു നിലയിൽ എത്തി, ഏററവും വിഷമിക്കേണ്ടതായി വന്നുകൂടി. അവർ ഒരുവക അധഃകൃതരായി പരിഗണിക്കപ്പെട്ടു.

**ശ്രീബുദ്ധന്റെ അനുകമ്പ.**

ഈ ഘട്ടത്തിൽ സാധുജനതയുടെ ദയനീയതയിൽ ശ്രീബുദ്ധൻ അകമലിഞ്ഞു്, അശ്രുകണങ്ങൾ വാൎത്തു. ജനതതിയെ അനുഗ്രഹിക്കുവാൻ അദ്ദേഹം തീവ്രയത്നം ചെയ്തു. ആ ദയാശീലൻ ലൌകികസ്നേഹത്തിന്റെ യഥാൎത്ഥരൂപം ജനതയിൽ പ്രതിഷ്ഠിക്കാൻ പരിശ്രമിച്ചു. അതിന്റെ ബാഹ്യചിഹ്നങ്ങൾ ഒരു മതത്തിന്റെ രൂപത്തിൽ ഏതാനും കാലം ഭാരതീയജനങ്ങളുടെ ഹൃദയഭിത്തികളിൽ ചിത്രീകൃതമായിരുന്നിട്ടുമുണ്ടു്. എന്നാൽ യഥാൎത്ഥമായ സ്നേഹബുദ്ധിയോടുകൂടി ആത്മബലി അൎപ്പിക്കുന്നതിനും, സ്നേഹത്തിന്റെ തനിനിറത്തിലുള്ള പ്രവൎത്തികൾകൊണ്ടു് ലോകത്തെ അനുഗ്രഹിക്കുന്നതിനും, ബുദ്ധനു സാധിച്ചില്ല. തന്നിമിത്തം സ്നേഹാത്മകമായ ബൌദ്ധചിത്രം—അതേ, ആ ബുദ്ധമതം—തേഞ്ഞുമാഞ്ഞു നാമാവശേഷമായിത്തീൎന്നു. സ്നേഹപ്രകടനവിഷയത്തിൽ അതു് തികച്ചും പരാജയമടഞ്ഞു എന്നു സമ്മതിക്കാതെ കഴികയില്ല. അങ്ങനെ സ്നേഹവിഹീനമായിക്കണ്ട മനുഷ്യഹൃദയങ്ങളെ സേചനംചെയ്വാൻ ബുദ്ധൻ വൎഷിച്ച സ്നേഹശീകരങ്ങൾ, കേവലം മരുഭൂമിയിൽ ലയിക്കുകയാണുണ്ടായതു്. എന്തുകൊണ്ടെന്നാൽ, അതു് കേവലം ലൌകികവും നിൎജ്ജീവവുമായിരുന്നു. മനുഷ്യഹൃദയങ്ങളുടെ മാർദ്ദവരഹിതങ്ങളായ പാറക്കെട്ടുകൾക്കിടയിൽ കടന്നു്, അതു് ഒടുവിൽ നിർല്ലീനമാവുകതന്നെ ചെയ്തു. യാതൊരു ദിക്കിലേക്കും പ്രവഹിക്കുവാൻ കഴിവില്ലാതെ അങ്ങനെ അസ്തമിച്ചു എന്നതു് ഏററവും വാസ്തവമാണു്. ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിലും ലൌകികസ്നേഹത്തിന്റെ സ്വാഭാവികനിറങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, അതിനു ശരിയായ രൂപം സ്വീകരിക്കുന്നതിനു സാധിച്ചിട്ടില്ല.

## ക്രിസ്തുവിൻെറ ആദർശം

സ്നേഹത്തിൻെറ അവതാരം.

തന്നിമിത്തം സ്നേഹാത്മകമായ ദാഹം ലോകത്തിനു് വർദ്ധിക്കുകതന്നെ ചെയ്തു. ലോകത്തിൻെറ ഏതാവൽപര്യന്തമുള്ള ജീവിതത്തിൽ പരിശുദ്ധമായ സ്നേഹത്തിൻെറ മാധുര്യം ആസ്വദിക്കുവാൻ അതിനു് സാധിച്ചില്ല. പരിപാവനമായ സ്നേഹം ദൈവത്തിൻെറ യഥാർത്ഥ രൂപത്തോടു് സംബന്ധിച്ചിരിക്കുന്നതിനാൽ, ദൈവം തന്നെ അതു പ്രകാശിപ്പിക്കേണ്ടിയിരുന്നു. അതിനാൽ സച്ചിദാനന്ദസ്വരൂപനായ ദൈവം, സ്നേഹസ്വരൂപനായ തൻെറ പുത്രനെ ലോകത്തിലേയ്ക്കയച്ചു. അങ്ങനെയാണു് ദൈവപുത്രനായ ക്രിസ്തുവിൻെറ അവതാരം, ലോകത്തിനു് സംസിദ്ധമായതു്. ക്രിസ്തുവിൻ സ്നേഹത്തിൻെറ പരിപൂർണ്ണസ്വരൂപം ദർശിക്കുവാൻ ലോകത്തിനു് സാധിച്ചു. ശത്രുമിത്രങ്ങളെ അഭേദമായി ആശ്ലേഷിക്കാൻ സാക്ഷാൽ സ്നേഹത്തിനു് സാധിക്കുമെന്നും, ക്രിസ്തു ലോകത്തെ പഠിപ്പിച്ചു. ആ പാവനമായ സ്നേഹത്തിൻെറ അപരിമേയമായ മഹിമാവിൽ ലോകം അത്യന്തം വിസ്മയിക്കുകതന്നെ ചെയ്തു. കല്ലിലും, മുള്ളിലും, പൂമെത്തയിലും എന്നല്ല വന്യഭൂമിയിലും, മരുവനത്തിലും ഒന്നുപോലെ ആ സ്നേഹം അഭിന്നമായി പ്രവഹിക്കുമെന്നും ക്രിസ്തുനാഥൻ ലോകത്തെ ഉദ്ബോധിപ്പിച്ചു. ലോകം പണ്ടൊരിക്കലും കണ്ടറിയാത്ത സൌന്ദര്യത്താലും, സൗരഭ്യത്താലും അനുഗ്രഹീതമായ ഒരു നവ്യവസ്തുവാണു്, സാക്ഷാൽ സ്നേഹമെന്നും ക്രിസ്തു സ്വജീവിതദ്വാരാ ലോകത്തെ ഗ്രഹിപ്പിക്കാതിരുന്നില്ല. മാത്രമല്ല, മഹത്വമേറിയ മനുഷ്യാത്മാവിനു് ഏററവും ഹൃദ്യമായ ഒരു ഭക്ഷ്യസാധനം സാക്ഷാൽ സ്നേഹമല്ലാതെ മറെറാന്നുമല്ലെന്നും, ആ ദിവ്യഗുരുനാഥൻ തെളിയിച്ചു. സത്യത്തിൻെറ സൗന്ദര്യമായും, ഹൃദയത്തിൻെറ പ്രകാശമായും സ്ഥിതിചെയ്യുന്ന അദൃശ്യമായ ഒരു ദിവ്യവസ്തുവാണു് സ്നേഹമെന്നുള്ള വസ്തുതയും, ലോകത്തിനു് ക്രിസ്തുവിൽ നിന്നനുഭവപ്പെട്ടു. പാവനമായ സ്നേഹത്തിൻെറ ജീവൻ യഥാർത്ഥമായ ത്യാഗബുദ്ധിയാണെന്നും, ക്രിസ്തുവിൽ നിന്നല്ലാതെ ലോകത്തിനു് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. അന്യാദൃശവും, സ്വാർത്ഥരഹിതവുമായ സ്നേഹത്തിൻെറ യഥാർത്ഥ രശ്മികൾകൊണ്ടു്, ക്രിസ്തു ലോക

ത്തെ പ്രകാശിപ്പിച്ചു. അതിനാൽ, ക്രിസ്തുവിൻെറ അവതാ
രം സാക്ഷാൽ സ്നേഹത്തിൻെറ അവതാരമായിത്തന്നെ
രേഖപ്പെടുത്താം. ഇതുകൊണ്ടു തന്നെയാണ് ക്രിസ്തുവിനെ
ലോകത്തിൻെറ പ്രകാശമായി പരിഗണിക്കുന്നതു്. താൻ
ലോകത്തിൻെറ പ്രകാശമാകുന്നു. എന്നു് അവിടുന്നു് തിരു
വായ്മൊഴിഞ്ഞിട്ടുമുണ്ടല്ലോ.

**മഹത്വമേറിയ ആദർശപാഠങ്ങൾ.**

ക്രിസ്തുവിൻെറ ചരിത്രം ആപാദചൂഡം പ
രിശോധിക്കുന്നതായാൽ, മഹത്വമേറിയ
നിരവധി ആദർശപാഠങ്ങൾകൊണ്ടു് അതു്
സവിശേഷം പ്രകാശിക്കുന്നതായി കാണ്മാൻ
കഴിയും. ഒരുവൻെറ അയൽക്കാരൻ ആരാകുന്നു എന്നുപോലും,
ക്രിസ്തുവിൽ നിന്നല്ലാതെ ഗ്രഹിക്കുവാൻ ജനസമൂഹത്തിനു്
കഴിഞ്ഞില്ല. സുവിശേഷത്തിലെ ആ നിയമജ്ഞൻ ദിവ്യരക്ഷ
കനോടു് "എന്നാൽ എൻെറ അയൽക്കാരൻ ആരാകുന്നു." എ
ന്നു ചോദിച്ചതിനു്, ക്രിസ്തു അവനോടു്, ആ നല്ല സമരി
യാക്കാരനെപ്പററിയുള്ള അന്യാപദേശം അരുളിച്ചെയ്തു. (ലൂ
ക്കാ. 10. 30.) "ഒരു മനുഷ്യൻ ഓറശ്ലേത്തുനിന്നു് ഈറി
ഹോയിലേയ്ക്കു് പോകുകയായിരുന്നു. അപ്പോൾ കള്ളന്മാർ അ
വൻെറമേൽ പാഞ്ഞുവീണു. അവർ അവൻെറ വസ്ത്രങ്ങൾ ഉ
രിഞ്ഞെടുത്തു് അവനെ അടിച്ചു് അല്പശ്വാസം മാത്രം അവ
നിൽ ശേഷിച്ചിരിക്കെ അവനെ വിട്ടുപോയി.

അപ്പോൾ പുരോഹിതൻ ആ വഴിയെ പോകുവാൻ ഇട
യായി. അവൻ അവനെ കണ്ടു എങ്കിലും കടന്നു പൊയ്ക്കളഞ്ഞു.

അങ്ങനെതന്നെ ഒരു ലെവായനും വന്നു് ആ സ്ഥലത്തി
നടുത്തു് അവനെ കണ്ടു എങ്കിലും അവനും കടന്നുപോയി.

എന്നാൽ ശമറായനായ ഒരു മനുഷ്യൻ യാത്ര ചെയ്കയി
ൽ അവൻ കിടന്നിരുന്ന സ്ഥലത്തുവന്നു് അവനെ കണ്ടാറെ
അവൻെറമേൽ മനസ്സലിഞ്ഞു അവൻ അടുത്തുചെന്നു് അവ
ൻെറ മുറിവുകൾ വെച്ചുകെട്ടി. അവയിൽ വീഞ്ഞും എണ്ണയും
ഒഴിച്ചു. മാത്രമല്ല, അവനെ തൻെറ കഴുതപ്പുറത്തു കയററി
സത്രത്തിലേയ്ക്കു് അവനെ കൊണ്ടുവന്നു് അവൻെറ കാര്യം
അന്വേഷിച്ചു. പിന്നെ (അടുത്ത) നാൾ രാവിലെ അവൻ
രണ്ടു ദെനാറ എടുത്തു സത്രക്കാരനു് കൊടുത്തു അവനോ
ടു് അവൻെറ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എ

ന്തെങ്കിലും നീ ചെലവു ചെയ്താൽ ഞാൻ മടങ്ങിവരുമ്പോൾ നിനക്കു് തന്നുകൊള്ളാം എന്നു പറഞ്ഞു.

ആകയാൽ കള്ളന്മാരുടെ കൈകളിൽ അകപ്പെട്ട ആ മനുഷ്യനു് ഈ മൂവരിൽ ആരു് അയൽക്കാരനായിരുന്നു എന്നാണു് നിനക്കു തോന്നുന്നതു്.?

അതിനു അവൻ: അവന്റെമേൽ മനസ്സലിഞ്ഞവൻ എന്നു പറഞ്ഞു. ഈശോ അവനോടു്: നീയും പോയി അങ്ങനെ തന്നെ ചെയ്യുക എന്നു് അരുളിച്ചെയ്യുന്നു.'' ഇവിടെ നിസ്സഹായരേയും നിർദ്ധനരേയും സഹായിക്കുവാനാണു് ദിവ്യഗുരു ആ നിയമജ്ഞനോടു്. ഉപദേശിക്കയുണ്ടായതു്.

**നിത്യരക്ഷയ്ക്കു**

വിശുദ്ധ ഗ്രന്ഥത്തിന്റെ അതേ അദ്ധ്യായത്തിൽത്തന്നെ നിത്യായുസ്സു് അവകാശപ്പെടുത്തുവാൻ, അവൻ എന്തു ചെയ്യണമെന്നു് ചോദിച്ചപ്പോൾ നിയമത്തിൽ എങ്ങനെ എഴുതിയിരിക്കുന്നു എന്നു് ദിവ്യരക്ഷകൻ ചോദിച്ചു." അവിടെ ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കണമെന്നാണു് എഴുതിയിരിക്കുന്നതെന്നു് അയാൾ ഉത്തരം പറഞ്ഞു. ഉടനെ ഈശോ അവനോടു് "നീ അതു ചെയ്യുക'' എന്നാൽ നിത്യരക്ഷ പ്രാപിക്കും എന്നരുളിച്ചെയ്തു.

**പരസ്നേഹം**

ഈ വിശദീകരണത്തിൽനിന്നു് നിത്യരക്ഷ പ്രാപിക്കുന്നതിനു് ദൈവസ്നേഹത്തെപ്പോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്, പരസ്നേഹം എന്നു്, ക്രിസ്തു പഠിപ്പിക്കുന്നതായി വ്യക്തമാകുന്നു. നോക്കുക! എത്ര ശ്രേഷ്ഠതരമായ ഒരു സ്ഥാനത്തേയ്ക്കാണു് ക്രിസ്തു പരസ്നേഹത്തെ ഉയർത്തിയിരിക്കുന്നതു്. സേവനാത്മകമായ ഒരു ജീവിതത്തിനു് ലഭിക്കേണ്ട വെളിച്ചം ഇങ്ങനെ ക്രിസ്തു ലോകത്തിനു് നൽകിയിരിക്കുന്നു. മാത്രമല്ല, മഹാദരിദ്രനായ ഒരു ശിശുവിനെപ്പോലെ ആയിരുന്നു, മിശിഹാ ലോകത്തിലേയ്ക്കു് അവരോഹണം ചെയ്തതു്.

**സ്വയം ദരിദ്രനായി**

അവിടന്നു് ഒരു കാലിത്തൊഴുത്തിൽ പിറന്നു. എന്തുകൊണ്ടെന്നാൽ സത്രത്തിൽ അവർക്കു് സ്ഥലം ലഭിച്ചില്ല. "കുറുനരികൾക്കു് മാളങ്ങളും ആകാശപ്പറവകൾക്കു് കൂടുകളും ഉണ്ടു്. എന്നാൽ മനുഷ്യപുത്രനു് തല ചായ്ക്കുന്നതിനുപോലും

സ്ഥലമില്ല.'' ഈ വാക്യങ്ങൾ അക്ഷരംപ്രതി ക്രിസ്തുവിൽ നിറവേറി. അങ്ങനെ ദാരിദ്ര്യ ദുഃഖം അതിദാരുണമായ നിലയിൽ ക്രിസ്തു അനുഭവിച്ചറിഞ്ഞു. അതുകൊണ്ട് വി. പൌലോസ് ശ്ലീഹാ പറയുന്നതുപോലെ "ദരിദ്രരായ നമ്മെ സമ്പന്നരാക്കിത്തീർക്കാൻ അവിടന്ന് ഒരു മഹാദരിദ്രനായി കേവലം ഒരു ദാസൻെറ വേഷംധരിച്ചു.'' "ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ പാരിൽ പരക്ലേശവിവേകമുള്ളു.'' എന്നാണല്ലോ മഹദ്വാക്യം. ഇതിൽനിന്നെല്ലാം സാധുജനസംരക്ഷണപരമായ ദിവ്യസേവനത്തിന്, ക്രിസ്തുനാഥൻ ലോകത്തെ എങ്ങനെ സജ്ജീകരിച്ചുഎന്ന്, വ്യക്തമാകുന്നുണ്ടല്ലോ! ഇനിയും നോക്കുക.

**ഒരു ദിവ്യ സന്ദേശം**

ഒരിക്കൽ സ്നാപകയോഹന്നാൻ തൻെറ ശിഷ്യന്മാരിൽ പലരും മിശിഹായുടെ പ്രേഷിതവൃത്തിയെക്കുറിച്ച് സംശയം ജനിച്ചിരിക്കുന്നു എന്നറിഞ്ഞു. അപ്പോൾ സംഗതിയുടെയാഥാർത്ഥ്യം ഗ്രഹിക്കുന്നതിനുവേണ്ടിഅവരിൽ രണ്ടുപേരെ അദ്ദേഹം ക്രിസ്തുവിൻെറ പക്കലേക്കയച്ചു. അവർ ക്രിസ്തുവിനെ സമീപിച്ചുകൊണ്ട് "വരുവാനിരിക്കുന്നവൻ നീ തന്നെയോ അതോ മറ്റൊരുവനേയോ ഞങ്ങൾ കാത്തിരിക്കേണ്ടതു്?'' എന്നു ചോദിച്ചു. അതിനു ക്രിസ്തു ഉത്തരമായി അരുളിച്ചെയ്തു. "നിങ്ങൾ പോയി കുരുടന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കപ്പെടുന്നു.'' എന്നിങ്ങനെനിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം യോഹന്നാനോട് പറയുവിൻ''

ഇവിടെ ക്രിസ്തു നൽകിയ ഈ ഉത്തരംതൻെറ ദൈവികത്വത്തെ തികച്ചും തെളിയിക്കുന്ന ഒന്നാണ്. മാത്രമല്ല സാധുജനസേവനത്തെഅത്ഭുതപ്രവർത്തനങ്ങൾക്ക് തുല്യമായ ഒരുനിലയിൽ അദ്ദേഹംഉയർത്തിയിരിക്കുന്നുവെന്നു കാണിക്കുന്നുണ്ട്.

അമൂല്യങ്ങളായ നിരവധി രത്നങ്ങൾ കോർത്തിണക്കിയിരിക്കുന്ന ഒരു മാലയിൽ, അർത്ഥശൂന്യമായ ഒരു പളുങ്കുമണിയെ ദിവ്യരക്ഷകൻ കൂട്ടിയിണക്കുമെന്നു നമുക്ക് ചിന്തിക്കാമോ? ഒരു വൃക്ഷത്തിൽ സ്വധർമ്മഹീനങ്ങളായ ഫലങ്ങൾ ഉളവായെന്നു വരുമോ? ഇല്ല: അങ്ങനെ ഒരിക്കലും സംഭവിക്ക

PALACKA... L...
16046

കയില്ല. പ്രകൃതിനിയമങ്ങൾ അതിനു് സമ്മതിക്കുകയില്ല അതാണു് കാരണം. അതിനാൽ മരിച്ചവരെ ഉയിൎപ്പിക്കുക മുതലായ പ്രവൎത്തികളോടു് കിടനില്ക്കത്തക്ക ഉൽകൃഷ്ടമായ ഒരു പ്രവൃത്തിയാണു് ദരിദ്രരെ സമുദ്ധരിക്കുകയും അവൎക്കു് വിജ്ഞാനമരുളുകയും ചെയ്യുന്നതു്, എന്നു് നമ്മുടെ ദിവ്യരക്ഷകൻ സവിശേഷം പ്രകാശിപ്പിക്കുകതന്നെ ചെയ്തിരിക്കുന്നു. അതുകൊണ്ടു് സാധുജനസേവനത്തിൻെറ മാഹാത്മ്യം, ഇതിൽപരമായ ഒരു നിലയിൽ ഇനി പ്രകാശിപ്പിക്കേണ്ടതില്ല. അതിൻെറ മാഹാത്മ്യം തികച്ചും ഇവിടെ പ്രകടീകൃതമായിരിക്കുന്നു.

ക്രിസ്തുവിൻെറ ദൃഷ്ടാന്തം.

മനുഷ്യർ തങ്ങളുടെസഹോദരനെ എങ്ങനെ സ്നേഹിക്കണമെന്നുള്ളതിനു് മിശിഹാതന്നെ ഉത്തമ മാതൃക നൽകുന്നു. സാമുദായികമായ സകല വ്യവഹാരങ്ങളിലും, മിശിഹായുടെ സ്നേഹം മൎത്ത്യലോകത്തിനു് മാതൃകയായിരിക്കണമെന്നും, അവിടുന്നു് അതീവം അഭിലഷിക്കുന്നു. മനുഷ്യലോകത്തോടു് അവിടുന്നു് കാണിച്ച സ്നേഹം നിമിത്തം, പീഡകൾ സഹിക്കുന്നതിനും മരണവ്യഥ അനുഭവിക്കുന്നതിനും, കുരിശുമരണം കൈവരിക്കുന്നതിനും, കാരണമായി. തങ്ങളുടെ അയൽക്കാരനെ യഥാൎത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ, അവനുവേണ്ടി ത്യാഗം അനുഷ്ഠിക്കുന്നതിനും, പീഡകൾ സഹിക്കുന്നതിനും സന്നദ്ധരാകണമെന്നും ക്രിസ്തു ലോകത്തിനു് മാതൃക നൽകുന്നു. ശത്രുവിൻെറ കരാളഖഡ്ഗത്തിനിരയായി അനുപമവ്യഥ അനുഭവിക്കുമ്പോഴും, അവരിലേയ്ക്കു് അനുഗ്രഹത്തിൻെറയും സ്നേഹത്തിൻെറയും നീൎച്ചാലുകളെത്തന്നെ പ്രവഹിപ്പിച്ചു്, സാധുസേവനം നിൎവഹിക്കുന്ന ക്രിസ്തു, സേവനാത്മകമായി എന്തൊരു തികഞ്ഞ മാതൃകാപാഠമാണു്, ലോകത്തിനു് നൽകിയിരിക്കുന്നതെന്നു് ഹൃദയമുള്ളവൎക്കു് ഇനിയും ചിന്തിക്കാതിരിക്കാൻ സാധിക്കുകയില്ല.

സാഹോദര്യത്തിൻെറ എളിയപ്രകടനം

നോക്കുവിൻ! ക്രിസ്തു തൻെറ ശിഷ്യന്മാരുടെ കാലുകളെ കഴുകി തുടച്ചശേഷം ഇപ്രകാരം അരുളിച്ചെയ്യുന്നു. (വി. യോഹ. 13. 14.) "നിങ്ങളുടെ കൎത്താവും നാഥനുമായിരിക്കുന്ന ഞാൻ നിങ്ങളുടെകാലുകൾ കഴുകിയെ

ങ്കിൽ, നിങ്ങൾ ഒരുത്തൻ മറ്റൊരുത്തൻ്റെ കാലുകൾ കഴുകുവാൻ എത്രയോ കടപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങളോട്ട ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഈ ദൃഷ്ടാന്തം ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു.„ മനുഷ്യർ പരസ്പരം എത്രതാണപടിയിലുള്ള സേവനങ്ങൾ തന്നെയും അനുഷ്ഠിച്ച്, പരസ്പരസൗഹാർദ്ദം പുലർത്തി, ഉത്തമജീവിതം നിർവഹിച്ച് ക്രിസ്തുനാഥനെ പ്രീണിപ്പിക്കണമെന്നും, ഈ മാതൃകാപാഠത്തിൽനിന്നും ലോകം ഗ്രഹിക്കേണ്ടതാണ്.

അയിത്തോച്ചാടനം

കൂടാതെ, മനുഷ്യർ സമജീവികളാണെന്നും, ദൈവസന്നിധിയിൽ അവർ തുല്യരായി പരിഗണിക്കപ്പെട്ടുമെന്നും, ക്രിസ്തുനാഥൻ വിശദമാക്കി. ആ ദിവ്യപുരുഷൻ കേവലം ചുങ്കക്കാരോടും പ്രീശന്മാരോടും സഹകരിക്കുകയും സഹഭോജനം കഴിയ്ക്കുകയും അങ്ങനെ അയിത്തം മുതലായ അനാചാരത്തിൻ്റെ അടിവേരുകൾ അറുത്തുമാറ്റുകയും ചെയ്തു. യഥാർത്ഥത്തിൽ ഇന്ന് ഭാരതഖണ്ഡത്തിൽ ഓളംതല്ലുന്ന അയിത്തോച്ചാടനത്തിൻ്റെ ആദിമവീചികൾ പുറപ്പെട്ടിരിക്കുന്നത്, ക്രിസ്തുനാഥനിൽനിന്നല്ലെന്ന് പറയുവാൻ ആക്കു സാധിക്കും. ക്രിസ്തുവിൻ്റെ അപ്രകാരമുള്ള സേവനം കൊണ്ട് എത്ര! എത്ര! രക്തക്കല്ലുകളെ അവിടന്ന് തേച്ചുമിനുക്കി കാന്തിയും മൂല്യവും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് തെളിയിക്കുവാൻ, അനവധി ദൃഷ്ടാന്തങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ കാണുന്നുണ്ട്.

ക്രിസ്തുമനുഷ്യനെ സംസ്കരിച്ചു.

വിവിധകുസുമങ്ങൾ ചേർത്ത് അതിമനോഹരമായ ഹാരങ്ങൾ രചിക്കുന്നവിധം, ക്രിസ്തു ജനതതിയെ സംസ്കരിക്കുകയും, അവരെ സംഘടിപ്പിച്ച് ഒരു വിശിഷ്ടമായ സമിതിയെ-സഭയെ, രൂപവത്കരിക്കുകയും ചെയ്തു. ആ സഭയിൽ ലോകരംഗത്തുള്ള എല്ലാവ്യക്തികൾക്കും അവിടന്ന് സ്ഥാനം അനുവദിക്കുകയും, എല്ലാവരേയും സ്വീകരിക്കുവാൻ അവിടന്നു തയ്യാറായിരിക്കുകയും ചെയ്യുന്നു. താത്വികമായി ചിന്തിക്കുന്നപക്ഷം ഏററവും എളിയനിലയിലുള്ള കുസുമങ്ങൾക്കും പ്രസ്തുത ഹാരത്തിൽ സ്ഥാനം ലഭിക്കുന്നതിനാൽ, സാധുജനതയെ ഏററവും ഉയർത്തി ഉയർന്നതരം വ്യക്തികളോട്ട് സഹവർത്തിക്കുന്നതിനും, സാഹോദര്യചേതന സമനിലയിൽ വർത്തിക്കുന്നതി

നം, ക്രിസ്തുസർവ്വപ്രധാനമായി ലോകത്തിന്ന് ഒരു രാജവീഥി തുറന്നിരിക്കുന്നുവെന്നും, ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതിനാൽസാധുജനസേവനപരമായി ഒരു ഉത്തമ പാഠം ഇതിൽപരമായി മനുഷ്യർക്ക് ലഭിക്കാനില്ലതന്നെ. ഒരു മനുഷ്യൻ കത്തോലിസ്സാസഭയുടെമടിയിൽ അണയുമ്പോൾ, മാതൃനിർവ്വിശേഷമായ പരിലാളനയോടുകൂടിതാലോലിച്ച്സമുചിതമായ സ്തന്യം നൽകി, അവൻെറ അവശതകൾ നീക്കിരക്ഷിക്കുക തന്നെ ചെയ്യുന്നു. മനുഷ്യലോകത്തെ സംസ്കരിച്ച് പരിപാവനമായ മഹത്വം നൽകുന്നതിന്ന് യേശുനാഥനാൽ സംസ്ഥാപിതമായ ഒരു മാതൃകാഭവനമാണ കത്തോലിസ്സാസഭയെന്ന്, കാര്യവിവരമുള്ളവർക്ക് സമ്മതിക്കാതെ കഴിയുകയില്ല ഈ സഭാസ്ഥാപകനായ ക്രിസ്തുവിൻെറ ഹൃദയാർദ്രത വീക്ഷിക്കുക.

ക്രിസ്തു കരയുന്നു.

ക്രിസ്തുനാഥൻ കരയുന്ന ഒരു രംഗം നമുക്ക വീക്ഷിക്കാം. അതാ ലാസറിൻെറ കുഴിമാടം സന്ദർശിക്കുന്ന ക്രിസ്തു അവിടെനിന്നു കരയുന്നു. (വി. യോഹ. 11–35)

ദുഃഖിതക്ക ആശ്വാസദായകനാകുന്ന ക്രിസ്തു ഈ രംഗത്തുനിന്നു കരയുന്നതിൻെറ അർത്ഥം എന്ത്? ആ വിലപനം എന്തിനുവേണ്ടി? ദുരന്തദുഃഖം അനുഭവിക്കുന്ന ഒരു സാധുകുടുംബത്തിൻെറ ദയനീയതയിൽ, അതെ, ലാസറിൻെറ നിര്യാണത്താൽ ഹൃദയം പൊട്ടിക്കരയുന്ന അബലകളുടെ അശരണാവസ്ഥയിൽ ഹൃദയപൂർവ്വകമായ അനുകമ്പ പ്രദർശിപ്പിക്കുവാൻ, ആ അനാഥരെ ആത്മാർത്ഥതയോടെ സഹായിപ്പാൻ ദീനജനപാലകനായ ആ സ്നേഹമൂർത്തിയല്ലാതെ ആരുണ്ട്? അവിടെ നാം ക്രിസ്തുനാഥൻെറ അജയ്യമായ സേവനതല്പരതയാണ് വീക്ഷിക്കുന്നത്. വാസ്തവത്തിൽ ക്രിസ്തുവിൻെറ ഈ വിലപന ദ്വാരാ അവിടുന്നു പ്രകാശിപ്പിക്കുന്നതു, സാധുസേവനത്തിൽ അങ്ങെ ഹൃദയത്തിനുള്ള അനന്യാദൃശമായ അഭിവാഞ്ഛ ഒന്നുമാത്രമാണ്. ക്രിസ്തുവിൻെറ ജീവിതത്തേയും അങ്ങേ പ്രവർത്തനങ്ങളേയും ഒന്നൊന്നായും തികച്ചും അപഗ്രഥിച്ചുനോക്കുന്ന പക്ഷം മേൽപറഞ്ഞ തത്വം അവിടെ പ്രകടമായി കാണ്മാൻ കഴിയും. സാധുജനസേവനതത്പരനായ ക്രിസ്തു, ലാസറിൻെറ വിയോഗത്താൽ കേഴുന്ന ആ അനാഥരെ അകമഴിഞ്ഞ് അനുഗ്രഹിക്കുന്നു. അതാ

കഴിമാടം തുറക്കപ്പെടുന്നു. ജീൎണ്ണശരീരശേഷനായി, നിൎജ്ജീവനായി, ദയനീയമായ ദീൎഘനിദ്രക്കു വിധേയനായിരുന്ന ലാസ്സർ, ആ കാരുണ്യനികേതനത്തിന്റെ ശാന്തശീതളമായ മൃദുവചനങ്ങളാൽ, പുനൎജ്ജീവിപ്പിക്കപ്പെടുകയാണു ചെയ്യുന്നതു്. സേവനപരമായ ഒരു മഹാ കൃത്യം അങ്ങനെ നിൎവ്വഹിക്കപ്പെടുന്നു. സാധുജനസംരക്ഷണാൎത്ഥം ക്രിസ്തുനാഥൻ എത്രകണ്ടു് ഉള്ളഴിഞ്ഞു പ്രവൎത്തിച്ചു എന്നു് ഈ സംഭവം വ്യക്തമാക്കുന്നില്ലേ?

മററുരംഗങ്ങൾ

ക്രിസ്തുചരിത്രത്തിന്റെ മററു പല രംഗങ്ങളിലും ദീനാനുകമ്പാപരമായ രശ്മികൾ, ആ സ്നേഹമൂൎത്തിയിൽനിന്നു പ്രവഹിച്ചിട്ടുള്ളതായി കാണുവാൻ കഴിയും. വെള്ളം വീഞ്ഞാക്കുന്നതും വി. യോഹ. അ. 2.) അഞ്ചപ്പംകൊണ്ടു് അയ്യായിരം ആളുകളെ ഊട്ടുന്നതും, (വി. ലൂക്കാ അ. 9) രോഗികളെ സുഖപ്പെടുത്തുന്നതും, (വി. മ. അ. 15) കുരുടന്മാൎക്കു കാഴ്ച്ചയരുളുന്നതും (വി. മ. അ. 20) മററും സാധുജനസേവനപരമായി ക്രിസ്തുനാഥൻ അനുഷ്ഠിച്ച മഹാ കൃത്യങ്ങൾമാത്രമാണു്.

ക്രിസ്തു തന്നിലേക്കു ക്ഷണിക്കുന്നു.

"ഭാരം വഹിക്കുന്നവരും ക്ഷീണിച്ചിരിക്കുന്നവരും എന്റെ പക്കൽ വരുവിൻ" എന്നു് ക്രിസ്തുനാഥൻ ക്ഷണിക്കുന്നതു് ആരെയാണെന്നുള്ള വസ്തുത ഈ സന്ദൎഭത്തിൽ നാം അല്പം ചിന്തിക്കേണ്ടതാണു്. ലോകത്തിൽ ഓരോതരത്തിലുള്ള അവശതകൾകൊണ്ടു് ക്ലേശം സഹിക്കാത്തവരായി നമുക്കു് ആരേയും കാണ്മാൻ സാധിക്കുകയില്ല. ശക്തിയില്ലെന്നും, ധനമില്ലെന്നും, സ്വാസ്ഥ്യമില്ലെന്നും, വിദ്യയില്ലെന്നും മററുമുള്ള മുറവിളികൾ സദാപി മനുഷ്യഹൃദയങ്ങളിൽനിന്നു് മാറെറാലിക്കൊള്ളുന്നതായി, അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. ഇവിടെയെല്ലാം മനുഷ്യന്റെ ബലഹീനതയേയും സാധുത്വത്തേയും നമുക്കു് വീക്ഷിക്കുവാൻ സാധിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കുടിൽതുടങ്ങി കൊട്ടാരം വരേയും സാധുത്വത്തിന്റെ അലകൾ ഓരോവിധത്തിൽ മനുഷ്യലോകത്തെ ക്ലേശിപ്പിക്കുന്നു എന്നു് സമ്മതിക്കാതെ കഴിവില്ല.

**ഏകാവലംബം.**

ഓരോരു വ്യക്തിക്കും തന്റെ സ്ഥിതിയിൽ കവിഞ്ഞ ഒരു മഹാവ്യക്തിയുടെ ആശ്രയം അവശ്യം ആവശ്യമായിത്തീരുന്നു എന്നാണു്, ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. അതിനാൽ ആഢ്യൻ മുതൽ അധഃകൃതൻവരെയുള്ള എല്ലാ വ്യക്തികളും അവശത അനുഭവിക്കുന്നവരും ആശ്വാസം അഭിലഷിക്കുന്നവരുമാണെന്നു് വ്യക്തമാകുന്നില്ലേ? അങ്ങനെയെങ്കിൽ, അപ്രകാരമുള്ള എല്ലാവരും അഭികാംക്ഷിക്കുന്ന ഒരു പരിപാലനം അരുളാൻ ലോകത്തിൽ ഒരു ദേഹം ആവിർഭവിച്ചിട്ടുണ്ടെങ്കിൽ, ആ അഭയസ്ഥാനമാണു് മനുഷ്യൻ ഏകസങ്കേതമായി പരിഗണിക്കേണ്ടതെന്നും, തെളിയുന്നു. ക്രിസ്തു സാക്ഷാൽ മനുഷ്യനും ദൈവവുമാണെന്നുള്ള വസ്തുത അവിടുന്നു് സ്വജീവിതംകൊണ്ടു് സ്ഫടികസ്പഷ്ടം പ്രകടമാക്കിയിരിക്കുന്നതിനാൽ, ആ ദിവ്യപുരുഷൻ ലോകത്തിന്റെ ഏക അത്താണിയാണെന്നു്, മനുഷ്യൻ സവിശേഷം ഗ്രഹിച്ചേ മതിയാവൂ. താൻ സാധുജനസംരക്ഷണത്തിൽ സദാപി ഉള്ളഴിഞ്ഞു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും, ലോകാവസാനത്തോളം മനുഷ്യരോടു് സഹവസിച്ചു് തന്റെ മാംസരക്തങ്ങൾകൊണ്ടു് അവരെ ഊട്ടുമെന്നും അവിടുന്നു് തെളിയിച്ചിരിക്കുന്നു.

ക്രിസ്തു സാധുലോകത്തിനു തന്റെ മാംസരക്തങ്ങൾ ബലിയരുളുന്നു.

“ഇതു് എന്റെ ശരീരവും ഇതു് എന്റെ രക്തവുമാകുന്നു നിങ്ങൾ ഇതു് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുവിൻ„(വി.ലൂക്കാ അ.22) എന്ന തിരുവാക്യംകൊണ്ടു് ക്രിസ്തു അപ്പവും വീഞ്ഞും സ്വന്തം ശരീരരക്തങ്ങളായി പകർത്തി ഇന്നും മനുഷ്യലോകത്തെ ഊട്ടുന്ന വസ്തുത നാം വിസ്മരിക്കുന്നതു് യുക്തമോ? ബലഹീനർക്കു് ആരോഗ്യവും, അജ്ഞാനികൾക്കു് ആത്മജ്ഞാനവും, ആശ്വാസരഹിതർക്കു് നിത്യശാന്തിയും അരുളുന്നതിനായി ക്രിസ്തു മനുഷ്യലോകത്തോടു് ഇങ്ങനെ സഹവസിക്കുന്നതു്, യഥാർത്ഥമായ സാധുപരിപാലനം അരുളുന്നതിനല്ലെന്നു് നമുക്കു് എങ്ങനെ ഖണ്ഡിക്കുവാൻ സാധിക്കും? കാരുണ്യത്തിന്റേയും, സ്നേഹത്തിന്റേയും, പരമസത്യത്തിന്റെയും ആത്മവീര്യമായി നിലകൊള്ളു

ന്ന ക്രിസ്തു തൻെറ എല്ലാവിധ കഴിവുകളേയും സാധുജനസംരക്ഷണാർത്ഥം വിനിയോഗിച്ചശേഷം, തന്നെത്തന്നേയും സാധുജനതയുടെ ഭക്ഷണമായി രൂപാന്തരപ്പെടുത്തിയ ആ കാഴ്ച എത്ര മർമ്മഭേദകം! ഇതുകൊണ്ടു് സാധുസേവനമാണു് ജീവിതത്തെ മഹത്വപ്പെടുത്തുന്നതെന്നും, അതാണു് ലോകത്തിനു് ആശ്വാസമരുളുന്നതെന്നുമല്ലേ ക്രിസ്തുനാഥൻ വെളിപ്പെടുത്തിയിരിക്കുന്നതു്.?

ഉദ്ബോധനം.

അതിനാൽ ക്രിസ്തുനാഥൻ വിലപിച്ചുകൊണ്ടു് ലോകത്തെ ഉത്ബോധിപ്പിക്കുന്നു. “എൻെറ നാമത്തിൽ എളിയ ഒരു സഹോദരനു് നൽകുന്നതെല്ലാം എനിയ്ക്കു നൽകുന്നു,, എന്ന ഈ ഉത്ബോധനത്തിൻെറ അർത്ഥമെന്തെന്നു് ചിന്തിയ്ക്കുക. സാധുസംരക്ഷണമാണു് തൻെറ സർവ്വോത്തരമായ ഉദ്ദേശമെന്നും അതിനുവേണ്ടി മാത്രമാണു് താൻ തിരുഅവതാരം ചെയ്തതെന്നും അതിനായിത്തന്നെ താൻ നിലകൊള്ളുന്നു എന്നുമല്ലേ? ഇതിൽപരമായ ഒരാദർശം ലോകത്തിനു് എവിടെനിന്നു ലഭിക്കുവാൻ കഴിയും?

വിധിപ്രസ്താവന.

അന്തിമവിധിയേപ്പററിയുള്ള പ്രഭാഷണത്തിലാണു ക്രിസ്തുനാഥൻ സ്നേഹത്തിൻെറ പുതിയ പ്രമാണത്തെക്കുറിച്ചുള്ള വ്യാഖ്യാനം സുവ്യക്തമായും സംക്ഷേപമായും പ്രസ്താവിച്ചിരിക്കുന്നതു്. എല്ലാവരും അവരവർ ചെയ്ത പരോപകാരപ്രവൃത്തികൾക്കനുസരിച്ചാണു വിധിക്കപ്പെടുവാനിരിക്കുന്നതെന്നു അവിടുന്നു ഊന്നിപ്പറഞ്ഞിട്ടുണ്ടു. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം. (വി. മത്തായി. 25 31 46) “മനുഷ്യപുത്രൻ തന്നോടൊന്നിച്ചു തൻെറ സകല പരിശുദ്ധന്മാരുമായി മഹത്വത്തോടുകൂടി വരുമ്പോൾ (അപ്പോൾ) അവൻ തൻെറ മഹത്വത്തിൻെറ സിംഹാസനത്തിലിരിക്കും. അവൻെറ മുമ്പിൽ സകല ജനങ്ങളും കൂട്ടപ്പെടും. ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർ തിരിക്കുന്നതുപോലെ അവൻ അവരെ ഒന്നിൽനിന്നു ഒന്നു വേർതിരിക്കയും ചെമ്മരിയാടുകളെ തൻെറ വലത്തു ഭാഗത്തും കോലാടുകളെ തൻെറ ഇടത്തുഭാഗത്തും നിറുത്തുകയും ചെയ്യും.

അപ്പോൾ രാജാവു തൻെറ വലത്തുഭാഗത്തുള്ളവരോടു് അ

രുളിച്ചെയ്യും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ.

എന്തുകൊണ്ടെന്നാൽ നിങ്ങൾ എനിക്ക ഭക്ഷിക്കുവാൻ തന്നു; എനിക്ക ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നു കണ്ടു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു.

അപ്പോൾ ആ നീതിമാന്മാർ അവനോടു ചോദിക്കും: ഞങ്ങളുടെ കർത്താവെ, ഞങ്ങൾ നിന്നെ വിശന്നിരിക്കുന്നവനായി കണ്ടു നിനക്ക ഭക്ഷണം തരികയോ നിന്നെ ദാഹിച്ചിരിക്കുന്നവനായി (കണ്ടു.) നിന്നെ കുടിപ്പിക്കയൊ ചെയ്തത് എപ്പോൾ? നിന്നെ പരദേശിയായി കണ്ടു ഞങ്ങൾ നിന്നെ ചേർത്തുകൊള്ളുകയൊ, നിന്നെ നഗ്നനായി (കണ്ടു) ഞങ്ങൾ നിന്നെ ഉടുപ്പിക്കയൊ ചെയ്തത് എപ്പോൾ.

നിന്നെ രോഗിയായിട്ടോ, കാരാഗൃഹത്തിലൊ കണ്ടു നിന്റെ അടുക്കൽ ഞങ്ങൾ വന്നതും എപ്പോൾ?

അപ്പോൾ രാജാവ് ഉത്തരമായി അവരോട്: ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു നിങ്ങൾ ചെയ്തത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നു തീർച്ചയായും പറയും.

പിന്നെ അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോടും അരുളിച്ചെയ്യും. ശപിക്കപ്പെട്ടവരെ, നിങ്ങൾ എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കപ്പെട്ടിരിക്കുന്നതായ നിത്യാഗ്നിയിലേക്ക പോകുവിൻ.

എന്തുകൊണ്ടെന്നാൽ എനിക്ക വിശന്നു, നിങ്ങൾ എനിക്ക ഭക്ഷിക്കുമാൻ തന്നില്ല; എനിക്ക ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചില്ല; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; ഞാൻ രോഗിയായിരുന്നു, കാരാഗൃഹത്തിലുമായിരുന്നു, നിങ്ങൾ എന്നെ വന്നു കണ്ടില്ല.

അപ്പോൾ അവരും ഉത്തരമായി അവനോട്: ഞങ്ങളുടെ

കർത്താവെ നിന്നെ വിശപ്പുള്ളവനൊ, ദാഹിക്കുന്നവനൊ, പരദേശിയൊ, നഗ്നനൊ, രോഗിയൊ, കാരാഗൃഹത്തിലൊ ആയി ഞങ്ങൾ കണ്ടിട്ടും നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ? എന്നു ചോദിക്കും.

അപ്പോൾ അവൻ ഉത്തരമായി അവരോട്: ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാതിരുന്നപ്പോഴെല്ലാം എനിക്കും നിങ്ങൾ ചെയ്തിട്ടില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്നു പറയും.

ഇങ്ങനെ ഇവർ നിത്യപീഡയിലേക്കും, നീതിമാന്മാർ നിത്യജീവനിലേക്കും പോകും.

സേവനത്തിന്റെ മണിദീപം.

ഇങ്ങനെ ലോകത്തിൽ ഇദംപ്രഥമമായി യഥാർത്ഥസേവനത്തിന്റെ മണിദീപം കൊളുത്തിയ മഹാനാണു ക്രിസ്തുനാഥൻ. ദീനന്മാരെ താങ്ങി തളരുന്ന കരങ്ങളേ, കരങ്ങളെന്നും അനാഥരെ ആശ്വസിപ്പിക്കുന്നതിനു അവരിൽ പതിക്കുന്ന നയനങ്ങളേ നയനങ്ങളെന്നും അവിടുന്നു കാണിച്ചു. മാത്രമല്ല

"ആർത്തസ്വരം കേട്ടൊരു കാതുകാതു്
കാരുണ്യമാർന്നീടിന ദൃഷ്ടിദൃഷ്ടി.
സാന്ത്വോക്തി നൽകീടിന ജിഹ്വ ജിഹ്വ
സാധുക്കളെത്താങ്ങിന ബാഹുബാഹു;

എന്ന അഭിജ്ഞവചനം അവിടുന്നു സ്വജീവിതദ്വാരാ വിശദമാക്കി. ത്യാഗാത്മകമായ സ്നേഹത്തിനു അമൂല്യമായ മാഹാത്മ്യമുണ്ടെന്നു് അവിടുന്നു പ്രസ്പഷ്ടമാക്കുകയും ചെയ്തു.

പ്രത്യേക വ്യക്തികൾ.

ഈ ആദർശങ്ങളെ അവിടുന്നു അദ്യാപി ലോകത്തിൽ ഉത്തേജിപ്പിക്കുക തന്നെ ചെയ്യുന്നു. ദൃശ്യപ്രപഞ്ചത്തിൽനിന്നു നിരോധാനം ചെയ്ത ക്രിസ്തു ഒരു അദൃശ്യയവനികയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്റെ ആദർശങ്ങളുടെ അക്ഷയമണിദീപങ്ങളെ ചില പ്രത്യേക വ്യക്തികൾ മുഖേന ലോകത്തിൽ ഉത്തരോത്തരം പ്രോജ്വലിപ്പിക്കുകയാണു ഇന്നും ചെയ്യുന്നതു്. ഇങ്ങനെ ക്രിസ്തുവിന്റെ ആദർശങ്ങളെ പ്രചരിപ്പിക്കുന്ന പ്രത്യേക വ്യക്തികളെ ഇന്നും കാണുവാൻ സാധിക്കും. ക്രിസ്തുവിനു ശേഷം അവിടുത്തെ ശ്ലീഹന്മാരുടെ നടപടികളിലും പൂ

ല്ക്രിസ്ത്യാനികളുടെ ജീവിതക്രമങ്ങളിലുംകൂടി പരമ്പരാഗതമായി നമ്മുടെ ശ്രദ്ധയിൽപെട്ടിരിക്കുന്ന സേവനാത്മകമായ ദിവ്യപ്രകാശം, അതിൻെറ ജനയിതാവും ഉടമസ്ഥനുമായ ക്രിസ്തുനാഥനിലേക്ക്, നമ്മെ ആകർഷിക്കുകതന്നെ ചെയ്യുന്നു. ദൈവസ്നേഹത്തിൻെറ മണിത്തറയിൽ പരസ്നേഹത്തിൻെറ മേലെട്ടുപ്പുകൾ പടുത്തു്, യഥാർത്ഥത്തിൽ സേവനാത്മകമായ ദിവ്യചൈതന്യം ഉൾക്കൊള്ളുന്ന ഒരു നൂതനമണിസൌധം അവിടുന്നു നിർമ്മിച്ചു. അതാണു് സാക്ഷാൽ 'സേവാസദനം.' ആ പാവനമായ ഹർമ്മ്യമാണു്, കത്തോലിക്കാസഭ. ആകയാൽ ഇന്നു ലോകത്തിൻെറ ഏതെങ്കിലും ഭാഗത്തിൽ സേവനപരമായ ദിവ്യകിരണങ്ങൾ പ്രകാശിക്കുന്നുണ്ടെങ്കിൽ, അവ ക്രിസ്തുവിൻെറആദർശബിംബത്തിൽ നിന്നും പ്രസരിക്കുന്നവ മാത്രമാണെന്നും നിഷ്പ്രയാസം ഗ്രഹിക്കാം.

**അനുകരണങ്ങൾ.** ഒരു പക്ഷേ ക്രൈസ്തവാദർശങ്ങളുടെ സാർവ്വത്രികമായ പ്രവാഹംകൊണ്ടു ക്രൈസ്തവേതരന്മാരിൽകൂടിയും അവിടത്തെ സേവനാത്മകമായ നവചൈതന്യം നടമാടുന്നുണ്ടാവാം. എങ്കിലും ലോകംഅതിൻെറ ആധാരഭൂതമായ ആ അജയ്യ തേജോമഹിമാവിനെപ്പററി ഉണർന്നറിയുമ്പോൾ, ആ സ്നേഹരശ്മികളുടെ ഉത്പത്തിസ്ഥാനത്തേക്കു കുതികൊള്ളാതിരിക്കുകയില്ല. തൽഫലമായി നിസ്വാർത്ഥമായ സേവനംവഴി നിത്യശാന്തി പ്രാപിക്കുന്നതിനും, അങ്ങനെ ജീവിതസാഫല്യം കരഗതമാക്കുന്നതിനും, ഏതൊരു വ്യക്തിക്കും അപ്പോൾ അനായാസേന സാധിക്കും. മാത്രമല്ലാ "ദാവീദിൻെറ പുത്രനായ ഏശുവേ! എന്നിൽ കരുണയുണ്ടാകണമെ" എന്നുള്ള ദീനരോദനത്തിൽ അകമലിഞ്ഞു അനുഗ്രഹത്തിൻെറയും നിസ്വാർത്ഥസേവനത്തിൻെറയും നീർച്ചാലുകളൊഴുക്കിയ ആ ദിവ്യഹൃദയമാകുന്ന സ്നേഹസ്സരസിൽ ആറാടി ആനന്ദാനുഭൂതി അടയുന്നതിനും നമുക്കു കഴിയും.

# ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും.

---

ക്രിസ്തുനാഥൻ ലോകരംഗത്തിൽ ഉയർത്തിയ സേവനത്തിൻെറ അക്ഷയദീപം അവിടത്തെ ശ്ലീഹന്മാർ എങ്ങനെ പ്രോജ്ജ്വലിപ്പിച്ചു എന്നു ചിന്തിക്കുന്നതു് ഏററവും രസാവഹമാണു്.

**ക്രിസ്തുവിൻെറ ഉപദേശ വിത്തുകൾ.**

ക്രിസ്തുവിൻെറ ആദർശവിത്തുകൾ അവിടുന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ "ചിലതു വഴിയരികിൽ വീണു. അപ്പോൾ പക്ഷി വന്നു അതു തിന്നുകളഞ്ഞു. മററു ചിലതു് പാറമേൽ മണ്ണു അധികമില്ലാത്ത സ്ഥലത്തു വീണു. മണ്ണിനു ആഴമില്ലാതിരുന്നതിനാൽ അതു ക്ഷണത്തിൽ മുളച്ചു. എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അതു വാടുകയും അതിനു വേരില്ലാതിരുന്നതുകൊണ്ടു ഉണങ്ങിപ്പോകയും ചെയ്തു. മററു ചിലതു് മുള്ളുകളുടെ ഇടയിൽ വീണു. മുള്ളുകൾ വളർന്നു അതിനെ ഞെരുക്കികളഞ്ഞു. മററു ചിലതൊ നല്ല സ്ഥലത്തു വീണു. ചിലതു നൂറുമേനിയും, ചിലതു അറുപതുമേനിയും, ചിലതു മുപ്പതു മേനിയും ഫലങ്ങൾ നൽകി. (വി. മത്തായി 13, 4-8) ഈ വാക്യങ്ങളിൽനിന്നു ക്രിസ്തുനാഥൻെറ അമൂല്യങ്ങളായ ഉപദേശവിത്തുകൾ സ്ഥാനോചിതങ്ങളായ സാഹചര്യങ്ങളുടെ പ്രത്യാഘാതങ്ങൾക്കു വിധേയങ്ങളായിതീർന്നുവെന്നും, നിർദ്ദോഷമായ വിളഭൂമിയിൽ പതിച്ചവിത്തുകൾക്കുമാത്രമേ ശരിയായ ചൈതന്യത്തോടുകൂടി വളരുവാൻസാധിച്ചുള്ളു എന്നു വ്യക്തമാകുന്നുണ്ടു്.

ക്രിസ്തു ശിഷ്യന്മാരായ ശ്ലീഹന്മാരിൽ യൂദാസിൻെറ മലീമസവും, പാപകണ്ടകകീർണ്ണവുമായ ഹൃദയതലത്തിൽ പതിച്ച വിത്തുകൾ മാത്രമേ നഷ്ടപ്പെട്ടുപോയതായി നമുക്കു പരിഗണിക്കുവാൻ നിവൃത്തിയുള്ളു. മററെല്ലാ വിത്തുകളും യഥോചിതം മുളച്ചുവളർന്നു, അമൂല്യങ്ങളായ ഫലങ്ങൾ തന്നെ പുറപ്പെടുവിച്ചു. അവ ലോകത്തിനു ജീവൻെറ അപ്പമായി പരിണമിച്ചിരിക്കുന്നു.

സാധുജനസേവനപരമായി ആ മഹനീയവ്യക്തികൾ ആചരിച്ചിരിക്കുന്ന ധർമ്മപരിപാടികൾ അവരുടെ സേവനമഹത്വത്തേയും ആദർശവിശുദ്ധിയേയും പ്രകടമാക്കുകതന്നെ ചെയ്യുന്നുണ്ടു്. ക്രിസ്തുനാഥൻ തന്റെ ദിവ്യപ്രകാശത്തിന്റെ മണിദീപം കൊളുത്തിയിരിക്കുന്നതു് സാധുജനസേവനപരമായ മണിസൌധത്തിലാണല്ലോ. അതിനാൽ ആ പുണ്യഭൂമിയിൽനിന്നുകൊണ്ടു സേവനത്തിന്റെ മഹാവീഥിയിൽക്കൂടി അവർ എത്രത്തോളം പുരോഗമിച്ചിരിക്കുന്നു എന്നു ചിന്തിക്കുന്നതു അത്യന്തം അർത്ഥയുക്തമായിരിക്കും.

വി. പൌലോസിന്റെ വിശദീകരണം.

ലേഖകപ്രമാണിയായ വി. പൌലോസ് ഗലാത്തായാക്കാർക്കെഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "ഈശോമിശിഹായിലുള്ള വിശ്വാസം മൂലം നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നുവല്ലോ,, (ഗലാത്ത. 3 26) ഈ വാക്യംകൊണ്ടു വി. പൌലോസു ജനതയിൽ സർവ്വസാഹോദര്യം രൂഢമൂലമാക്കുകയാണു ചെയ്യുന്നതു്. ദൈവസന്നിധിയിൽ മനുഷ്യരെല്ലാവരും തുല്യരാണെന്നും എല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും ഉള്ള പരമബോധം അവരിൽ സവിശേഷം ഉളവാക്കുന്നു. മാത്രമല്ല, സാമൂഹ്യജീവിതത്തിൽ ഇതു് എത്രത്തോളം അത്യന്താവശ്യമാണെന്നും, അദ്ദേഹം വിശദമാക്കുന്നുണ്ടു്. അതേ അദ്ധ്യായത്തിൽതന്നെ അദ്ദേഹം ഇങ്ങനെ തുടരുന്നു. "എല്ലാമനുഷ്യരും ഒരേ ഒരു നിഗൂഢശരീരത്തിന്റെ അവയവങ്ങൾ മാത്രമാണു. എന്നാൽ മ്ശിഹാ ആ പരമശരീരത്തിന്റെ ശിരസ്സു എന്ന വണ്ണം വർത്തിക്കുന്നു,, ഈ വിശദീകരണംകൊണ്ടു വി. പൌലോസു ദൈവത്തിനും മനുഷ്യനും തമ്മിലുള്ള ബന്ധത്തേയും മനുഷ്യർക്കു പരസ്പരമുള്ള ബന്ധത്തേയും പ്രകാശിപ്പിക്കയല്ലേ ചെയ്യുന്നതു്?

നിഗമനം.

ദിവ്യശരീരത്തിന്റെ അവയവങ്ങളാകുന്ന മനുഷ്യർ പരസ്പരം അവലംബിക്കേണ്ട സൗഹാർദ്ദമനഃസ്ഥിതി എത്രത്തോളം ഹൃദ്യമായിരിക്കണമെന്നു് ഇതിൽ നിന്നു വ്യക്തമാകുന്നുണ്ടു്. ഒരു ശരീരത്തിന്റെ ഏതെങ്കിലും അവയവത്തിനുണ്ടാകുന്ന വൈകല്യം അതിന്റെ പൊതുവായ ആരോഗ്യത്തിനു എത്ര

കണ്ടു ബാധകമായിരിക്കണമെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. അതിനാൽ സാമുദായിക ജീവിതത്തിൽ ഒരു വ്യക്തിക്കു അഥവാ ഏതാനും വ്യക്തികൾക്കുള്ള വൈകല്യങ്ങൾ സമുദായ ശരീരത്തിന്റെ സ്വാസ്ഥ്യത്തിനു തികച്ചും ഹാനികരമാണെന്നു സിദ്ധിക്കുന്നു. ശരീരത്തിൽ ഒരു പ്രത്യേക അവയവത്തിനുള്ള സ്വാസ്ഥ്യം മററവയവങ്ങൾ പ്രത്യേകംപ്രത്യേകമായും പൊതുവായും അനുഭവിച്ചു സഹാനുഭൂതി അടയുന്നതുപോലെ സമുദായ ശരീരത്തിന്റെ അവയവങ്ങൾക്കുള്ള അസ്വാസ്ഥ്യം ഇതരാവയവങ്ങളും പകുത്തനുഭവിച്ചു സഹാനുഭൂതി പ്രകടിപ്പിക്കാതെ അവിടെ ഏകയോഗക്ഷേമം പുലരുകയില്ലെന്നുള്ള വസ്തുത, പ്രകടമാകുന്നുണ്ടല്ലോ. ഈ തത്വമാണു വി. പൌലോസു വിശദീകരിച്ചിരിക്കുന്നതു്. . അതേ, സാധുജനസേവനത്തിന്റെ ആന്തരികമായ ജീവ ശക്തിയെ ആണു അദ്ദേഹം ഇവിടെ പ്രകാശിപ്പിച്ചിരിക്കുന്നതു്. ഈ തത്വബോധം മാനവ സമുദായത്തിനു ദുഃഖപീഡിതരെ സഹായിക്കുന്നതിനുള്ള മനഃസ്ഥിതിയും, സന്നദ്ധതയും ഉളവാക്കുക തന്നെ ചെയ്യുന്നു. വി. പൌലോസിന്റെ ഹൃദയത്തിൽ കത്തിയെരിഞ്ഞ സാധുജന സംരക്ഷണ വിഷയകമായ അഭിലാഷം എത്ര ആശാസ്യവും ആദർശപരവുമായിരുന്നു എന്നു മററു തെളിവുകൾകൊണ്ടും വ്യക്തമാകുന്നുണ്ടു.

**സേവനാത്മകമായ ഒരു ആദർശം.**

അദ്ദേഹം കോറിന്ത്യർക്കെഴുതിയ ഒന്നാംലേഖനം 16-ാം അദ്ധ്യായത്തിൽനിന്നു സേവനപരമായ ഒരു വിശേഷപാഠം ലോകത്തിനു ലഭിക്കുന്നുണ്ടു്. ക്രിസ്തുഭക്തന്മാർ അഥവാ- "വിശ്വാസികൾ," ഞായറാഴ്ചതോറും ആ ധർമ്മപ്പിരിവു ശേഖരിച്ചു ഒറല്ലം നഗരത്തിലുമുള്ള സാധുജനങ്ങൾക്കു വിതരണം ചെയ്യണം എന്നു അദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലും സമാരംഭിച്ചിരിക്കുന്ന, ദുരിതനിവാരണ ഫണ്ടുകളുടെയെല്ലാം ഉൽപത്തിക്കു ഹേതുഭൂതമായ പ്രകാശം ക്രിസ്തു ശിഷ്യന്മാർ ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രസംഗിച്ചിട്ടുള്ളതല്ലെന്നു ആർക്കു നിഷേധിക്കുവാൻ സാധിക്കും?

ക്രിസ്തുവിൽ നിന്നുള്ള അനുകരണം.

ക്രിസ്തുനാഥൻ അപ്പംകൊണ്ടും മത്സ്യംകൊണ്ടും മാത്രമല്ല മാധുര്യമേറിയസാന്ത്വനവചനങ്ങൾ കൊണ്ടുംനിരവധി ദിവ്യാനുഗ്രഹങ്ങൾകൊണ്ടും സാധുജനതയെ ഹൃദയപൂർവ്വം പുലർത്തുകയുണ്ടായി. അവയുടെ യഥാർത്ഥരൂപത്തിലുള്ള അനുകരണമാണു നാം ക്രിസ്തു ശിഷ്യന്മാർ വഴിയായി വീക്ഷിക്കുന്നതു്. ശിഷ്യന്മാർ ഗുരുനാഥൻെറ ഗുളികച്ചെപ്പുകൾ തന്നെ കരസ്ഥമാക്കിയിരിക്കുന്നു. ക്രിസ്തുനാഥൻെറ സേവനപരമായ ആദർശവിശേഷണങ്ങൾശ്ലീഹന്മാരുടെനടപടികളുടെ ജീവനാളങ്ങളിൽക്കൂടി അക്ഷയമായി പുരോഗമിച്ചുകൊണ്ടിരുന്നു. ഈ വസ്തുത അവർ ലോകത്തിനു നൽകിയിട്ടുള്ള പല രേഖകളിൽ നിന്നും സുവ്യക്തമായി ഗ്രഹിക്കുവാൻ കഴിയും.

വി. പൌലോസിൻെറ മററു ചില രേഖകൾ.

വി. പൌലോസു കോറിന്ത്യാക്കാർക്കെഴുതിയ രണ്ടാം ലേഖനത്തിൻെറ 8-ാം അദ്ധ്യായം 7-ാം വാക്യത്തിൽ പറയുന്നതു് ശ്രവിച്ചാലും "എന്നാൽ വിശ്വാസത്തിലും, വചനത്തിലും, ജ്ഞാനത്തിലും. എല്ലാവിധമായ ഉത്സാഹത്തിലും നിങ്ങളുടെ പേരിലുള്ള ഞങ്ങളുടെസ്നേഹത്തിലും എല്ലാകാര്യങ്ങളിലും നിങ്ങൾ എങ്ങനെ മികച്ചുനില്ക്കുന്നുവൊ അങ്ങനെതന്നെ ഈ ധർമ്മദാനത്തിലും നിങ്ങൾ മികച്ചുനില്ക്കുവിൻ" ഈ ലേഖനത്തിൻെറ മറെറാരു ഭാഗത്തു "ദൈവത്തിൻെറ തന്നെ മഹത്വത്തിനും ഞങ്ങളുടെ സമാധാനത്തിനുമായി, ഞങ്ങളാൽ നടത്തപ്പെടുന്ന ഈ ധർമ്മദാനത്തിൽ, ഞങ്ങളോടുകൂടി പുറപ്പെടുവാൻ സഭകളാൽ തെരഞ്ഞെടുക്കപ്പെട്ടവൻ തന്നെയും ആകുവാൻ തക്കവണ്ണം സുവിശേഷംമൂലം സർവ്വസഭകളിലും പുകഴ്ച്ചയുള്ളവനായ ഞങ്ങളുടെ സഹോദരനേയും അവനോടുകൂടി ഞങ്ങൾ അയച്ചിരിക്കുന്നു" എന്നും "അവർ ദരിദ്രന്മാർക്കു വാരിവിതറികൊടുത്തു. അവൻെറ നീതി എന്നേക്കും നിലനില്ക്കുന്നു." എന്നും എഴുതപ്പെട്ടിരിക്കുന്നതിൽനിന്നു് ശ്ലീഹന്മാരുടെ നടപടികളിൽ സാധുജനസംരക്ഷണപരമായ ആദർശത്തിനു എത്രമാത്രം പ്രാധാന്യം നല്കിയിരുന്നു എന്നു സുവ്യക്തമാകുന്നുണ്ടല്ലോ. മാത്രമല്ല നാനാദേശങ്ങളിലും സ്ഥാപിച്ചിരുന്ന ക്രൈസ്തവസഭകളിൽ സാധുജനസംരക്ഷണം ഏററം പരിപാവനമായ പ്ര

തം എന്നവണ്ണം പരിപാലിച്ചുപോന്നു എന്നും ഈ രേഖകൾ പ്രകടമായി തെളിയിക്കുന്നു. ഈ വിഷയത്തിൽ വി. പൌലോസു വളരെ തീക്ഷ്ണമായ നിർദ്ദേശങ്ങൾ നൽകുകയും അതിൽ വളരെ അധികം ശ്രദ്ധപതിക്കുകയും ചെയ്തിരിക്കുന്നു എന്നു നമുക്കു കാണാം. ഇതിൽനിന്നു ക്രിസ്തീയ സാഹോദര്യത്തിൻെറ യഥാർത്ഥമായ ബാഹ്യപ്രകടനം സാധുജനസേവനമാണെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നതായിവെളിപ്പെടുന്നുണ്ട്. മററു ശ്ലീഹന്മാരുടെ ലേഖനങ്ങളും ഇത്തരുണത്തിൽ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നവയാണ്.

**വി. യാക്കോബിൻെറ ലേഖനം.**

വി. യാക്കോബിൻെറ ലേഖനം 5–ാം അദ്ധ്യായത്തിൽ ധനികന്മാർ ദരിദ്രരെ ഞെരുക്കരുതെന്നു ശക്തിയുക്തം ഉത്ബോധിപ്പിക്കുന്നു. അദ്ദേഹം ഇങ്ങനെയാണു രേഖപ്പെടുത്തിയിരിക്കുന്നത്. "ഇതാ നിങ്ങളുടെ നിലങ്ങൾ കൊയ്ത വേലക്കാർക്കുള്ളതും നിങ്ങൾ കൊടുക്കാനിരിക്കുന്നതുമായ കൂലി നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിൻെറ ചെവികളിൽ എത്തിയിരിക്കുന്നു.'' (വി. യാക്കോബ് 5, 4)ഈ വാക്യം സാധുജനസംരക്ഷണപരമായ ഒരു വജ്റായുധമല്ലെന്ന് ആർക്കു ഖണ്ഡിക്കുവാൻ സാധിക്കും? ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലും നടമാടുന്ന തൊഴിലാളി മുതലാളിപ്രശ്നങ്ങളുടെ നാരായവേരുകളെ അല്ലയൊ വി. യാക്കോബു ഇവിടെ നിരംകുശമായി അറുത്തിരിക്കുന്നത്? ഇതിൽനിന്ന് സാമൂഹ്യജീവിതത്തിൽ സമുചിതമായ സമാധാനവും അഭിവൃദ്ധിയും കൈവരുന്നതിനു സാധുജനസംരക്ഷണം എത്ര കണ്ടു്കക്ഷമമായി വി. യാക്കോബു നിഷ്കൃഷ്ടിക്കുന്നു എന്നു വ്യക്തമാകുന്നില്ലേ? തൊഴിലാളികളുടെ പ്രയത്നത്തിനു ശരിയായ കൂലി കിട്ടുകയും, ജോലിക്കു തക്ക സൗകര്യം ലഭിക്കുകയും ചെയ്യുമെങ്കിൽ, എത്ര എത്ര സാധുലക്ഷങ്ങളുടെ അവശതകൾക്കാണ് പരിഹാരമാർഗ്ഗം സിദ്ധിക്കാതിരിക്കുന്നത്. അതിനാൽ വേലക്കാർക്കു തക്ക കൂലി കൊടുക്കണമെന്നു ഇന്നു ഭൂമുഖത്തു മുഴങ്ങികൊണ്ടിരിക്കുന്ന മഹാശബ്ദം ക്രിസ്തുവിൽനിന്നു തൻ ശിഷ്യന്മാർ വഴിയായി ലോകത്തിൽ പ്രസരിക്കുന്ന ശബ്ദത്തിൻെറ ഒരു ഉ

ച്ചഭാഷിണിസ്വരമല്ലെന്നു ആക്കെങ്കിലും സമത്ഥിക്കാൻ സാധിക്കുമൊ?

**വി. പത്രോസു പറയുന്നു.**

ഇനിയും ഈ വിഷയത്തെ അധികരിച്ചുവി. പത്രോസു എന്തു പറയുന്നു എന്നു കേൾക്കുക. അദ്ദേഹം തന്റെ ലേഖനത്തിന്റെ 4–ാം അദ്ധ്യായത്തിൽ „നിങ്ങൾക്കു അന്യോന്യം ഉററസ്നേഹമുണ്ടായിരിക്കണമെന്നും നിങ്ങൾ ഓരോരുത്തരും ദൈവത്തിൽ നിന്നു പ്രാപിച്ചിട്ടുള്ള ദാനംകൊണ്ടു ദൈവത്തിന്റെ വിശിഷ്ട കൃപയുടെ നല്ല വീട്ടു കാര്യസ്ഥന്മാർ എന്ന മട്ടിൽ തന്റെ കൂട്ടുകാർക്കു ശുശ്രൂഷ ചെയ്യണം എന്നും എഴുതിയിരിക്കുന്നു. ഈ വാക്യം കൊണ്ടു സേവനാത്മകമായ ഒരു ജീവിതത്തിന്റെ ചൈതന്യമല്ലെ വി. പത്രോസു ജനതയിൽ ഉത്തേജിപ്പിക്കുന്നതു്?

**വി.യോഹന്നാന്റെ പ്രസ്താവം.**

വി. യോഹന്നാൻ തന്റെ ലേഖനങ്ങളുടെ 2–ം, 3–ം, 4–ം, അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതും പ്രത്യേകം ശ്രദ്ധേയമാണു. “തന്റെ സഹോദരനെ സ്നേഹിക്കുന്നവനെ! (അവൻ) വെളിച്ചത്തിലിരിക്കുന്നു. അവനിൽ ഇർടച്ചയില്ല. (വി. യോഹ. 2, 10) ലൗകിക സമ്പത്തുണ്ടായിരിക്കയും മുട്ടുപാടുള്ള തന്റെ സഹോദരനെ കാണുകയും അവനോടു കരുണ തോന്നാതിരിക്കയും ചെയ്യുന്ന സഹോദരനിൽ ദൈവസ്നേഹം ഉണ്ടായിരിക്കുന്നതെങ്ങനെ?” (വി. യോഹ: 3, 17) “ദൈവം സ്നേഹമാകുന്നു. സ്നേഹിക്കാത്ത ഒരുവനും ദൈവത്തെ അറിയുന്നില്ല. (വി. യോഹ. 4, 8) ദൈവത്തെ ഒരുവൻ കണ്ടിട്ടില്ല. നാം പരസ്പരം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ അധിവസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ പൂത്തിയായിരിക്കുകയും ചെയ്യുന്നു. (വി. യോഹ. 4. 12.) ഈ വക തെളിവുകളെല്ലാം പരസ്നേഹാത്മകമായ സേവനത്തിന്റെ ആദശങ്ങളെ ജനതയിൽ രൂഢമൂലമാക്കുകയല്ലെ ചെയ്യുന്നതു്?

ഇങ്ങനെ ശ്ലീഹന്മാരുടെ രേഖകളിൽ സാവ്വത്രികമായി തെളിഞ്ഞു കാണുന്ന സേവനാത്മകമായ പ്രകാശം സാധുസേവനപരമായ ക്രിസ്തുവിന്റെ പരിത്യാഗപൂവ്വകമായ പരിപാടികളുടെ പാവനമായ ഒരു നിഴൽ മാത്രമാകുന്നു. അതി

നാൽ ക്രിസ്തു ശിഷ്യന്മാർ സാധുജനസംരക്ഷണപരമായ ആദർശങ്ങളുടെ തെരുവീഥിയിൽക്കൂടിയാണു ജനതയെ നിത്യസൌഭാഗ്യത്തിലേക്കു നയിച്ചിരുന്നതെന്നു സിദ്ധിക്കുന്നു.

**വിദേശിയരെ സഹായിക്കുന്നു.**

ശ്ലീഹന്മാർ വിദേശിയരെ ക്ഷാമബാധയിൽനിന്നുദ്ധരിക്കുവാൻ ധനസഹായം ചെയ്യുന്നു. ആ വാക്യം ഇങ്ങനെയാണു, "അതിനാൽ യൂദിയായിൽ പാർക്കുന്ന സഹോദരന്മാരുടെ സഹായത്തിനു അയക്കുവാൻ ശിഷ്യന്മാരിൽ ഓരോരുത്തനും തനിക്കുള്ള വകപോലെ നീക്കിവച്ചു."(നടപടി. 11, 22) ഈ വാക്യം സാധുജനസംരക്ഷണത്തിൽ ശ്ലീഹന്മാർക്കുണ്ടായിരുന്ന അകമഴിഞ്ഞ മനോഭാവത്തിന്റെ ഒരു ലക്ഷ്യമല്ലേ? ഇന്നും ഈ സുവർണ്ണരേഖയുടെ പ്രത്യാഘാതങ്ങൾ ലോകത്തിൽ അവിടവിടെ മാറൊലിക്കൊള്ളുന്നു എന്നും, തൻമൂലം അനവധി മരുപ്രദേശങ്ങൾ മലർവനങ്ങളായിത്തീരുന്നുണ്ടെന്നും സമ്മതിക്കാതെ കഴികയില്ല.

# പൂർവ്വകൃസ്ത്യാനികളുടെ നടപടികൾ.

പൂർവ്വകൃസ്ത്യാനികൾക്കു ക്രിസ്തുവിൽനിന്നു ശ്ലീഹന്മാർ വഴിയായി ലഭിച്ച ആദർശങ്ങൾ, യഥായോഗ്യം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു പല രേഖകളും സ്പഷ്ടമായി തെളിയിക്കുന്നുണ്ടു്. സാധുജനസംരക്ഷണപരമായി അവർ എത്രകണ്ടു പുരോഗമിച്ചു എന്നുമാത്രമാണു ഇവിടെ പ്രതിപാദിക്കുന്നതു്.

**പരസ്നേഹ പ്രകടനം.**

ശ്ലീഹന്മാരുടെ നടപടി 4—ാം അദ്ധ്യായത്തിൽ ഇപ്രകാരം കാണുന്നു. "അവരിൽ മുട്ടുപാടുള്ളവനായി ഒരുത്തരും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ പറമ്പുകളും വീട്ടുകളും ഉണ്ടായിരുന്നവർ അവ വിറ്റു കിട്ടിയ വില കൊണ്ടുവന്നു ശ്ലീഹന്മാരുടെ പാദങ്ങളിൽ വയ്ക്കുകയും അതു ഓ

ഭോരുത്തനും ആവശ്യമായിരുന്നതുപോലെ കൊടുക്കപ്പെട്ടകളും ചെയ്തിരുന്നു.'' ഈ വാക്യം അന്നത്തെ സാധുജനസംരക്ഷണപരമായ പ്രവർത്തനങ്ങളുടെ സമുചിതമായ ഒരു രൂപം നമുക്കു നൽകുന്നുണ്ടു്. ഒരുവൻ വീടും പറമ്പുകളും വിററു ഇപ്രകാരം ഒരു സേവനം ആചരിക്കണമെങ്കിൽ ആ പ്രവൃത്തിയിൽ അയാൾക്കു എത്രമാത്രം തീക്ഷ്ണതയുണ്ടായിരിക്കണമെന്നും ഊഹിക്കാവുന്നതാണല്ലോ. അത്യന്താവശ്യമായി അന്നു ജനസാമാന്യം കരുതിപ്പോന്നിരുന്ന സാധുജനസേവനം ആചരിക്കുന്നതിനു എന്തു ത്യാഗവും സഹിക്കാൻ പൂർവ്വക്രസ്ത്യാനികൾ സന്നദ്ധരായിരുന്നു എന്നും, അന്നത്തെ നേതാക്കന്മാർ ജനതയെ യഥായോഗ്യം നയിച്ചിരുന്നുഎന്നും ഇതിൽനിന്നു സിദ്ധിക്കുന്നുണ്ടു്.

**ഒരു ചിന്താവിഷയം.**

ഇവിടെ ഒരു വസ്തുത നമുക്കു പ്രത്യേകം ചിന്താവിഷയമായിത്തീന്നിരിക്കുന്നു. അതായതു് അന്നു ജീവിതക്ലേശം അനുഭവിക്കുന്നവർ വളരെ വിരളമായിരുന്നു എന്നും, നിലം, പുരയിടങ്ങൾ ഉണ്ടായിരുന്നവർ അവ വിററു അതിൻെറ വില ശ്ലീഹന്മാരെ ഏല്പിച്ചിരുന്നു എന്നും ശ്ലീഹന്മാർ അതു യഥോചിതം വീതിച്ചുകൊടുത്തിരുന്നുവെന്നും വി. ഗ്രന്ഥം ഉൽഘോഷിക്കുന്നുണ്ടല്ലോ. ഈ വസ്തുതയിലാണു നമ്മുടെ ചിന്ത പതിയേണ്ടിയിരിക്കുന്നതു്. അന്നത്തെ സാമൂഹ്യജീവിതം ഇന്നത്തെ കമ്മ്യൂണിസ്റ്റ് തത്വത്തെ ആശ്രയിച്ചിരുന്നുവൊ? മുട്ടുപാടുള്ളവർ എന്തുകൊണ്ടാണു വളരെ ചുരുക്കമായിരുന്നതു്? നിലം, പുരയിടങ്ങൾ ഉള്ളവർ അവ വിററു എന്തിനായി ശ്ലീഹന്മാരെ ഏല്പിച്ചിരുന്നു? എല്ലാവരും അവരവർക്കുള്ളതെല്ലാം വിററിരുന്നുവൊ? അങ്ങനെയെങ്കിൽ ആരാണു ഈ വസ്തുവകകൾ വാങ്ങിയിരുന്നതു്? ഈവക ചോദ്യങ്ങൾക്കാണു നമുക്കു ഉത്തരം ലഭിക്കേണ്ടിയിരിക്കുന്നതു്. ഇതിനു നാം അധികം ദൂരെ അന്വേഷിക്കേണ്ടതില്ല.

**വിശദീകരണം.**

മുട്ടുപാടുള്ളവർ അധികം പേരുണ്ടായിരുന്നില്ല എന്നു പറയുന്നതിൽനിന്നു, സാമാന്യം തൃപ്തികരമായി ജീവിക്കത്തക്കസൗകര്യങ്ങൾ അന്നത്തെജനസാമാന്യത്തിനുണ്ടായിരുന്നു. എന്നുസിദ്ധിക്കുന്നു. എന്നാൽ ദാരിദ്ര്യത്തിനു വിധേയമായ ഒരു ന്യൂനപക്ഷത്തെ

യും അന്നു ഭൂമുഖത്തു കാണ്മാൻ കഴിഞ്ഞിരുന്നു. എന്നും പറയുന്നുണ്ടു്. നിലം, പുരയിടങ്ങൾ ഉണ്ടായിരുന്നവർ അവ വിററു ശ്ലീഹന്മാരെ ഏല്പിച്ചിരുന്നു എന്നും കാണുന്നു. ഇവിടെയാണു ഒരു മഹാപ്രശ്നം നിലകൊള്ളുന്നതു്. അന്നത്തെ ക്രിസ്ത്യാനികൾ വസ്തുവകയില്ലാത്തവരായിരിക്കണമെന്നു നിയമമുണ്ടായിരുന്നില്ല. അങ്ങനെയെങ്കിൽ അവരുടെ വസ്തുവകകൾ കേവലം പുറജാതിക്കാക്കു വിററു എന്നും ക്രിസ്ത്യാനികളിൽ ആക്കും ഭൂസ്വത്തുക്കളൊ മററു സ്ഥാവര വസ്തുക്കളൊ സ്വന്തമായി സൂക്ഷിക്കാൻ പാടില്ലായിരുന്നു എന്നും സമ്മതിക്കണം. അതു തികച്ചും അശാസ്യമായ ഒരു അഭിപ്രായമായിരിക്കയില്ല. നിലം, പുരയിടങ്ങൾ ധാരാളം ഉണ്ടായിരുന്നവർ അവയിൽ ഏതാനും ഭാഗംവിററു സാധുജന സംരക്ഷണത്തിനു വേണ്ടി വിനിയോഗിച്ചിരുന്നു എന്നു മാത്രമാണു ഇതിൽനിന്നു നാം ഗ്രഹിക്കേണ്ടതു്. അങ്ങനെയല്ലാതെ സ്വകാര്യ സ്വത്തുക്കൾ സൂക്ഷിക്കുന്നതിൽ സഭ വൈമുഖ്യം പ്രദർശിപ്പിച്ചു എന്നൊ, ജനങ്ങളുടെ ഇടയിൽ കമ്യൂണിസ്റ്റ് തത്വങ്ങളുടെ ബീജാവാപം ചെയ്തുവെന്നോ വ്യാഖ്യാനിക്കുന്നതു് കേവലം അനാശാസ്യമായിരിക്കും. പൂർവക്രിസ്ത്യാനികൾക്കു ജീവിതസൗകര്യങ്ങൾ സാമാന്യം തൃപ്തികരമായി ഉണ്ടായിരുന്നു. അതു വ്യക്തിഗതമായും സ്ഥിതിചെയ്തിരുന്നു. എന്നാൽ പൊതുവായി സൂക്ഷിക്കപ്പെട്ടിരുന്ന സമ്പാദ്യങ്ങളും അവക്കു വിരളമായിരുന്നില്ലെന്നും മേൽകാണിച്ച വാക്യത്തിൽനിന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**ഒരു നിഗമനം**

ഈവക അനുമാനങ്ങളിൽ നിന്നു നമുക്കു മനസ്സിലാക്കാവുന്ന ഒരു വസ്തുത, പൂർവക്രിസ്ത്യാനികൾ പൊതു സമ്പാദ്യങ്ങളെ കരുതിയിരുന്നതു് പരസംരക്ഷണത്തിനാണെന്നും, അതു ക്രൈസ്തവ ജീവിതത്തിന്റെ ഒരു നെട്ടല്ലായിത്തന്നെ അവർ പരിഗണിച്ചിരുന്നെന്നും ആണു.

**ഇന്നത്തെ പൊതുസമ്പാദ്യത്തിന്റെസ്വഭാവം.**

ഇന്നത്തെ പൊതുസമ്പാദ്യങ്ങളുടെ സ്വഭാവം കാര്യമായി മനസ്സിലാക്കുന്ന പക്ഷം, ഈ തത്വം സ്വീകരിക്കപ്പെടാതെ വരികയില്ലല്ലൊ. എന്തുകൊണ്ടെന്നാൽ ഇന്നുക്രിസ്ത്യാനികൾക്കു പൊതുവായി വല്ലതും ഉണ്ടെങ്കി

ൽ അതുകൊണ്ടു പൊതുക്ഷേമം പുലർത്തേണ്ടതാണെന്നു അവർ അറിയുന്നു. വാസ്തവത്തിൽ പൊതുനന്മയുടെ നാമത്തിലാണു പൊതു മുതലുകൾ എവിടെയും സ്വരൂപിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ ഇക്കാലത്തു് ആ പരമോദ്ദേശ്യത്തെ അവഗണിച്ചു പലരും പ്രവൎത്തിച്ചു പോരുന്നുണ്ടെന്നുള്ളതു വ്യസനപൂർവം പറയാതെ തരമില്ല.

ദേവാലയ വരുമാനം.

ഇന്നും കത്തോലിക്ക ദേവാലയങ്ങളുടെ വരുമാനത്തിൽ സാരമായ ഒരു തുക സാധുജനസംരക്ഷണത്തിനായി മിക്ക ഇടവകകളിലും നീക്കിവയ്ക്കുന്നുണ്ടു്. ഈ രീതി തന്നെ പൂൎവ്വ ക്രിസ്ത്യാനികളുടെ ജീവിതസമ്പ്രദായത്തിൽനിന്നു കരുപിടിച്ചിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. അദിമകാലങ്ങളിലെ പൊതുസമ്പാദ്യനികേതനങ്ങൾ, ദേവാലയസ്ഥാപനങ്ങളായും, ആതുരശാലകളായും, അനാഥമന്ദിരങ്ങളായും, ആശ്രമങ്ങളായും, കന്യകാമഠങ്ങളായും, മിഷ്യൻപ്രവൎത്തനകേന്ദ്രങ്ങളായും രൂപമെടുത്തുവൎത്തിക്കയാണെന്നു അവയുടെ ഇന്നത്തെ നിലയെ ഒന്നു ഉററുനോക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കാൻ കഴിയും

പൂൎവ്വക്രിസ്ത്യാനികളുടെ തനിനിറം.

വാസ്തവത്തിൽ പൂൎവ്വക്രിസ്ത്യാനികളുടെ തനിനിറം സത്യസഭ ശത്രുക്കളാൽ പീഡിപ്പിക്കപ്പെട്ടിരുന്നകാലങ്ങളിൽ പ്രകടമായി കാണ്മാൻ സാധിച്ചിട്ടുണ്ടു്. അക്കാലത്തെ ക്രിസ്ത്യാനികൾ ഊൎജ്ജിതമായി സാധുസേവനകൃത്യവും നിൎവ്വഹിച്ചു പോന്നിരുന്നു. അതിലേക്കു അവരെ ഉത്തരോത്തരം ഉത്തേജിപ്പിക്കുന്നതിനും പല പ്രത്യേക സാഹചൎയ്യങ്ങളും ഉപയുക്തങ്ങളായിരുന്നിട്ടുണ്ടു്.

സഭയുടെ ആദൎശം.

സഭയുടെ ആദൎശം ജനങ്ങൾ വേണ്ടവണ്ണം ഗ്രഹിച്ചിരുന്നു എന്നുള്ളതു് ആ സാഹചൎയ്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. സാധുസംരക്ഷണം മനുഷ്യജീവിതത്തിന്റെയും മതത്തിന്റെയും പേരിൽ ആചരിക്കാനുള്ള മൌലികമായ ഒരു ധൎമ്മമാണെന്നുള്ള ബോധം അന്നത്തെ ജനതയിൽ കുടികൊണ്ടിരുന്നു എന്നുപറയാം. ധനികന്മാരിൽനിന്നു സംതൃപ്തിയും നിൎമ്മലതയും മാത്രമാണു അന്നു സഭാപിതാക്കന്മാർ പ്രതീ

ക്ഷിച്ചിരുന്നതു്. ക്ലെമെൻറു, തെർത്തുല്യൻ, ചിപ്രിയാൻ മുതലായ സഭാപിതാക്കന്മാർ ഈ വിഷയത്തിൽ അതിപ്രധാനങ്ങളായ പ്രബോധനങ്ങൾ നല്കി ജനതയെ യഥായോഗ്യം നയിച്ചിരുന്നതയും കാണുന്നുണ്ടു്.

**പൂർവ്വക്രിസ്ത്യാനികളുടെ ഉപഹാരങ്ങൾ**

ദിവ്യബലിയിൽ ഭാഗഭാക്കുകളാകുന്നതിനാഗ്രഹിച്ചിരുന്ന പൂർവ്വക്രിസ്ത്യാനികൾ ദേവാലയസന്നിധിയിലേക്കു പോകുമ്പോൾ, തങ്ങൾക്കുണ്ടായിരുന്ന പ്രകൃതിവിഭവങ്ങളിൽ(സസ്യധാന്യാദികളിൽ) ഒരംശംകൂടി കാഴ്ചദ്രവ്യമായി കൊണ്ടുപോകണമെന്നുള്ളതു് അത്യന്താപേക്ഷിതമായിരുന്നു. ഇങ്ങനെ എല്ലാവിശ്വാസികളിൽനിന്നും ശേഖരിക്കപ്പെട്ടിരുന്ന സാധനങ്ങൾ അധികാരിയായ മെത്രാൻ സംഭരിച്ചു സാധുജനസംരക്ഷണത്തിനുവേണ്ടി വിതരണം ചെയ്തിരുന്നു.

**ധനാഢ്യന്മാരുടെ ഭീതി.**

ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിൽ കൂടി കടക്കുന്നതു ഏററവും സുഗമമെന്നുള്ള വിശുദ്ധവാക്യം അന്നത്തെ ധനാഢ്യന്മാരുടെ ഹൃദയത്തെ സാരമായി സ്പർശിച്ചിരുന്നു. വാസ്തവത്തിൽ അതിൻെറ യഥാർത്ഥ്യതയിൽ അവർ ഭയപ്പെടുകതന്നെ ചെയ്തു. അതിനാൽ അമിതമായുണ്ടായിരുന്ന ഭൌതികസമ്പത്തു് നിത്യമൃത്യുവിനു നിദാനമായി തീർന്നേക്കുമൊ എന്നുള്ള ആശങ്കയാൽ ധനാഢ്യന്മാർ ധാരാളം ധനം ദീനജനത്രാണനത്തിന്നായി അന്നു വിനിയോഗിച്ചുപോന്നു. സാധുജന സംരക്ഷണാർത്ഥം വിനിയോഗിക്കുന്ന ധനം പരിപൂർണ്ണ സമ്മതത്തോടും നിഷ്കളങ്കമായും നൽകേണ്ടിയിരുന്നു എന്നും പൂർവ്വക്രിസ്ത്യാനികളുടെ നടപടിക്രമങ്ങളിൽനിന്നു നമുക്കു കാണ്മാൻ കഴിയും. അതിനു ഒരു ദൃഷ്ടാന്തം താഴെ ചേർക്കുന്നു.

**ഒരു ഭയങ്കര ശിക്ഷ.**

ഹനനീയാ, സഫീറാ എന്ന വധൂവരന്മാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ അല്പംവ്യാജം പ്രവർത്തിച്ചതിനാൽ അവർക്കു ദൈവത്തിൽ നിന്നു ഭയങ്കരമായ ഒരു ശിക്ഷയുണ്ടായി. ഇവർ തങ്ങളുടെ പുരയിടം വിററുകിട്ടിയ ധനത്തിൽ ഒരു ഭാഗം മറച്ചുവച്ചുകൊണ്ടു ബാക്കിതുക ശ്ലീഹന്മാരുടെപക്കൽ ഏല്പിച്ചു എന്നതായിരുന്നു അവരുടെ കുററം. ഇവരു

ടെ ത്യാഗബുദ്ധി ദൈവത്തിനു ഹിതകരമായിരുന്നെ ങ്കിലും പരിശുദ്ധാത്മാവിനു വിരോധമായി അസത്യം പറ ഞ്ഞു എന്നതു ക്ഷന്തവ്യമായിരുന്നില്ല. അതാണു അവരുടെ നാ ശത്തിനു ഹേതുവായി തീൎന്നതു്. ഈ സംഭവത്തെ ശ്ലീഹ ന്മാരുടെ നടപടി 5—ാം അദ്ധ്യായത്തിൽ 1 മുതൽ 10 വ രെ വാക്യങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിന്നു. "എ.നാ ൽ ഹനാ.ീയ എന്നു പേരുള്ള ഒരു പുരുഷൻ സഫീറ എന്നു പേരുള്ള തന്റെ ഭാൎയ്യയോടുകൂടി തന്റെ പറമ്പു വിററിട്ടുണ്ടാ യിരുന്നു. അവനൊ തന്റെ ഭാൎയ്യ അറിയെ, അതിന്റെ വി ലയിൽ കുറെ എടുത്തു മറച്ചുവച്ചുകൊണ്ടു പണത്തിൽ ഒരു ഭാഗം കൊണ്ടുവന്നു ശ്ലീഹന്മാരുടെ പാദങ്ങളുടെ മുമ്പാകെ വച്ചു. അപ്പോൾ ശെമ്ഓൻ അവരോടു പറഞ്ഞു. ഹനനീയാ നീ പരിശുദ്ധാത്മാവിനോടു കളവു പറയുവാനും പറമ്പി ന്റെ വില പണത്തിൽ ഒരു ഭാഗം മറച്ചു വക്കുവാനും തക്കവ ണ്ണം നിന്റെ ഹൃദയത്തെ സാത്താൻ ഇപ്രകാരം നിറച്ചതെ ന്താകുന്നു. അതു വില്ക്കപ്പെടുന്നതിനു മുമ്പു നിന്റേതായിരുന്നി ല്ലെ? വില്ക്കപ്പെട്ടശേഷം പിന്നെയും അതിന്റെ വിലയി ന്മേൽ നിനക്കു അധികാരമുണ്ടായിരുന്നു. ഇക്കാൎയ്യം ചെയ്വാ ൻ നീ മനസ്സിൽ കരുതിയതു് എന്തിനു? നീ മനുഷ്യരോടല്ല ദൈവത്തോടാണു കളവു പറഞ്ഞിരിക്കുന്നതു്. ഹനനീയ ഈ വാക്കുകൾ കേട്ടപ്പോൾ വീണു മരിച്ചു. ഇതു കേട്ടവരി ലെല്ലാം വലിയ ഭയം ഉളവായി. അവരിലെ ചെറുപ്പക്കാർ എഴുന്നേററു അവനെ പൊതിഞ്ഞു പുറത്തു കൊണ്ടുപോയി അവനെ കുഴിച്ചിട്ടു. പിന്നെ മൂന്നു മണിക്കൂറുകളായ പി ൻപു അവന്റെ ഭാൎയ്യയും എന്തു സംഭവിച്ചു എന്നറിയാതെ അ കത്തു വന്നു. ശെമ്ഓൻ അവളോടു ഈ വിലക്കു തന്നയൊനി ങ്ങൾ പറമ്പു വിററതു് എന്നു എന്നോടു പറയുക എന്നു പറയുന്നു. അവളോ അതേ ഈ വിലക്കുതന്നെ എന്നു പറഞ്ഞു. ശെമ്ഓൻ അവളോടു കൎത്താവിൽ ആത്മാവിനെ പരീക്ഷിക്കുവാൻ ഞാ ങ്ങൾതമ്മിൽ യോജിച്ചതുകൊണ്ടു ഇതാ! നിന്റെ ഭൎത്താവിനെ കുഴിച്ചിട്ടവരുടെ കാലുകൾ വാതില്ക്കൽ ഉണ്ടു. അവർ നി ന്നെയും പുറത്തു കൊണ്ടുപോകും എന്നു പറയുന്നു. ആ നാഴി കയിൽ അവൾ അവരുടെ കാലുകളുടെ മുൻപാകെ വീണു മരിച്ചു. അപ്പോൾ ആ ചെറുപ്പക്കാർ അകത്തു പ്രവേശിച്ചു അ

വളെ മരിച്ചവളായിക്കണ്ടു എടുത്തു പുറത്തു കൊണ്ടുപോയി അവളുടെ ഭർത്താവിന്റെ അടുക്കൽ അവളെ കുഴിച്ചിട്ടു.,,

ഈ ചരിത്രസംഭവത്തിൽ നിന്നു പല വസ്തുതകളും നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. സാധുജനസംരക്ഷണത്തിൽ അന്നത്തെ ആളുകൾക്കുണ്ടായിരുന്ന തീക്ഷ്ണതയും, അതിനു സമ്മതത്തോടുകൂടി അവർ ചെയ്യേണ്ട ത്യാഗത്തിന്റെ നിഷ്കളങ്കതയും ആണു ഇവിടെ നമ്മെ കൂടുതലായി ആകർഷിക്കുന്നതു്. ഇതിൽ നിന്നു പരമമായി നാം ഗ്രഹിക്കുന്ന വസ്തുത, അന്നത്തെ സാധുജനസംരക്ഷണം കേവലം യാന്ത്രികമായിരുന്നില്ല എന്നുള്ളതാണു.

**സഹകരണവും സമ്പാദ്യവും**

പൂർവ്വക്രിസ്ത്യാനികൾ ഒന്നിച്ചു കൂടിയിരുന്നു എന്നും അവർക്കുണ്ടായിരുന്നതെല്ലാം പൊതുവിലുള്ളതായിരുന്നു എന്നും, സമ്പാദ്യമുണ്ടായിരുന്നവർ അതു വിററു ഓരോരുത്തനും ആവശ്യമായിരുന്നതുപോലെ ഭാഗിച്ചു കൊടുത്തിരുന്നു എന്നും (നടപടി. 2, 43—44) പറയുന്നു. ഇതിൽ നിന്നു പൂർവക്രിസ്ത്യാനികൾ പ്രവർത്തിച്ചിരുന്നതു് സർവ സാഹോദര്യത്തിൽ അടിയുറച്ച അനുകമ്പാ ബുദ്ധിയാണു എന്നു നമുക്കു ന്യായമായി ഊഹിക്കാം.

**അശാസ്യമായ സൗജന്യദാനം**

അക്കാലത്തു ബഹു ദേവന്മാരെ ആരാധിച്ചിരുന്ന ക്രിസ്ത്യേതരന്മാരുടെ ശക്തി ഏററവും പ്രബലമായിരുന്നു. എങ്കിലും ക്രിസ്ത്യാനികൾ ഇവരുടെ നന്മക്കായി പലവിധ സദ്പ്രവൃത്തികളും ആചരിച്ചുപോന്നു. പ്രാർത്ഥന തപസ്സു, ദാനധർമ്മം എന്നിവ അവയിൽ പ്രാധാന്യമേറിയവ ആയിരുന്നെങ്കിലും, ദാനധർമ്മത്തിനു അത്യുത്തമമായ ഒരു സ്ഥാനം തന്നെ ഉണ്ടായിരുന്നു.

**മെത്രാന്മാരുടെ ജീവകാരുണ്ണ്യം**

അന്നത്തെ മെത്രാന്മാരും തങ്ങളുടെ ഭരണസീമകൾക്കുള്ളിൽ ജീവകാരുണ്യം സംബന്ധിച്ച കാര്യങ്ങൾ വളരെ നിഷ്കർഷാപൂർവ്വം നിർവ്വഹിച്ചു പോന്നിരുന്നു. ക്ലേശിതരേയും, നിസ്സഹായരേയും അന്വേഷിച്ചു കണ്ടുപിടിക്കുക, അവരുടെ എണ്ണം തിട്ടപ്പെടുത്തുക മുതലായവ ചെയ്തിരുന്നതു് മെത്രാന്മാരാൽ നിയുക്തരായിരുന്ന ഡീക്കന്മാരായിരുന്നു.

**കോർപ്പറേഷൻ**

അക്കാലങ്ങളിൽ മിക്ക ഇടവകകളിലും കോർപ്പറേഷൻ എന്ന സംഘങ്ങൾ രൂപവത്കൃതമായി. ഈ സംഘടനകൾമൂലം സംഭരിച്ചിരുന്ന ധനം കേവലം അനാഥർക്കായിട്ടാണ വിനിയോഗിച്ചിരുന്നതു്. വാസ്തവത്തിൽ അക്കാലത്തു കത്തോലിക്കാസഭ സാധുക്കൾക്കു വേണ്ടി ചെയ്തിട്ടുള്ള സഹായങ്ങൾക്കു കണക്കുണ്ടായിരുന്നില്ല. മറ്റൊരു കാലത്തും ഇത്രത്തോളം അകമഴിഞ്ഞു പ്രവർത്തിച്ചിട്ടില്ലായെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഈ വസ്തുത ലൂത്തേറിയൻ പണ്ഡിതനായ "ഉള്ളത്തോൻ,, പ്രസ്താവിച്ചിരിക്കുന്നതാണ.

**ജീവകാരുണ്യത്തിന്റെ വിവിധ രൂപങ്ങൾ**

തിരുസ്സഭയുടെ പുണ്യപ്രവൃത്തികൾ അലസന്മാർക്കു യാതൊരു വിധത്തിലും പ്രോത്സാഹനമായിത്തീർന്നിട്ടില്ലായെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണ. അവിശ്വാസികളാൽ പരിത്യജിക്കപ്പെട്ട അനേകായിരം ശിശുക്കൾ സഭയുടെ മേൽനോട്ടത്തിൽ വളർന്നു ഉത്തമ പൗരന്മാരായി തീർന്നിട്ടുണ്ടു. അക്രൈസ്തവരാൽ ഉപേക്ഷിക്കപ്പെട്ട അനേകായിരം ശവശരീരങ്ങൾ പൂർവ്വക്രിസ്ത്യാനികളാണ സംസ്കരിച്ചതു്. അക്കാലത്തു ക്രൈസ്തീയ തൊഴിൽ ശാലകളിൽ തൊഴിലാളികളും മുതലാളികളും സഹോദരത്വേന വർത്തിച്ചിരുന്നു. മാത്രമല്ല ഇരുകൂട്ടരും ഒരേ മേശയിൽ ഇരുന്നു ഭക്ഷിച്ചിരുന്നു എന്നും നാം കാണുന്നു. അടിമകൾക്കും തൊഴിലാളികൾക്കും എതിരായുണ്ടായിരുന്ന റോമൻ നിയമങ്ങളുടെ കർക്കശതയെ കത്തോലിക്കാസഭ ലഘൂകരിക്കയും അവരുടെ സംരക്ഷണത്തിനു് പര്യാപ്തമായ പുതിയ നിയമങ്ങളെ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടു. കൈത്തൊഴിൽ അഭിമാനക്ഷയമായി കരുതിപ്പോന്നിരുന്ന അലസരെ പ്രവൃത്ത്യുന്മുഖരാക്കി സമുദായത്തിന്റെ പൊതുക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനു കത്തോലിക്കാസഭ കാര്യക്ഷമമായ നിലയിൽ പ്രവൃത്തിച്ചിരുന്നു. യഥാർത്ഥത്തിൽ ഇന്നു ഭൂമുഖത്തുനിന്നും ക്ഷയിച്ചുപോയിരിക്കുന്ന ആത്മാർത്ഥത അതിന്റെ തനിനിറത്തിൽ പൂർവ്വക്രിസ്ത്യാനികളുടെ എല്ലാ പ്രവർത്തനങ്ങളിലും സ്ഫടികസ്ഫുടം പ്രകാശിച്ചിരുന്നു എന്നാണ ചരിത്രകാരന്മാർ ഉദ്ഘോഷിക്കുന്നതു്. സത്യധർമ്മാദികളുടെ പരിപാവനമായ രൂപം പൂർവ്വക്രിസ്ത്യാനികൾ തങ്ങളുടെ പ്രവൃത്തി പഥങ്ങളി

ത യഥായഥം ചിത്രിച്ചിരുന്നു എന്നു പറയുന്നതു് ഒരു വിധത്തിലും അതിശയോക്തിയല്ല.

ഉപസംഹാരം

ഒരുവൻ യഥാൎത്ഥ മനുഷ്യനായി ജീവിക്കുമെങ്കിൽ അവനു തന്റെ സഹോദരങ്ങളുടെ അവശതയിൽ അകമലിഞ്ഞു ആശ്വാസം നൽകാതിരിക്കുവാൻ സാധ്യമല്ലെന്നും, സർവസാഹോദൎയ്യത്തിന്റെ നിഴലിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ജീവജാലങ്ങൾ സമ്മേളിക്കുന്ന ഒരു ജീവൻ സരസ്സാണു സാധുജനസംരക്ഷണമെന്നും പൂൎവ്വക്രിസ്ത്യാനികൾ ലോകത്തെ ഉത്ബോധിപ്പിന്നിട്ടുണ്ടു. ആ മാതൃകാ പാഠങ്ങൾ യഥായോഗ്യം ഗ്രഹിച്ചു അനുകരിക്കുകയാണു ഇന്നത്തെ ഒരു ഉത്തമ ക്രിസ്ത്യാനിയുടെ ധൎമ്മം.

---

# പാപ്പാമാരുടെ സേവനങ്ങൾ

---

ക്രിസ്തുവിന്റെ സാന്നിദ്ധ്യം.

ക്രിസ്തുനാഥൻ ലോകരംഗത്തുനിന്നു തിരോധാനം ചെയ്യുന്ന ഘട്ടത്തിൽതന്റെ ശിഷ്യപ്രധാനിയായ പത്രോസുവഴിയായും ദിവ്യകാരുണ്യം വഴിയായും താൻ ലോകാവസാനത്തോളം മനുഷ്യരോടു സഹവസിച്ചുകൊണ്ടു ഭൂമിയിൽ ജീവിക്കുമെന്നു കല്പിച്ചരുളി. അതിനാൽ ആ രണ്ടുമാൎഗ്ഗങ്ങളിൽക്കൂടിയും ക്രിസ്തു ഭക്തന്മാർ ക്രിസ്തുനാഥനെ ദൎശിക്കുന്നുണ്ടു്. ദൈവപുത്രനായ മിശിഹാ മരിച്ചുയൎത്തു സ്വൎഗ്ഗത്തിലേക്കു ആരോഹണംചെയ്തു. അവിടുന്നു പത്രോസിനെ തന്റെ യഥാൎത്ഥപ്രതിപുരുഷനായി നിയമിച്ചു ഈ പ്രതിപുരുഷന്റെ സ്ഥാനത്തു വൎത്തിക്കുന്ന പ്രത്യേക വ്യക്തികളാണല്ലൊ. മാൎപ്പാപ്പാമാർ വാസ്തവത്തിൽ പാപ്പാമാർ ക്രിസ്തുനാഥന്റെ അവിഷ്കരണങ്ങൾ മാത്രമാണെന്നും, അവരിൽക്കൂടി ക്രിസ്തു യഥാൎത്ഥമായി ലോകത്തിൽ ജീവിക്കുന്നുണ്ടെന്നും നമുക്കു വിചാരിക്കാം.

**പാപ്പാമാരുടെ സേവനചിത്രങ്ങൾ**

അതിനാൽ ക്രിസ്തുവിൻെറ സേവനപരമായ ധർമ്മപരിപാടികളെ തൽപ്രതിപുരുഷന്മാർ എത്രത്തോളം സജീവമാക്കിവ്യാപരിച്ചുകൊണ്ടിരിക്കുന്നു എന്നതിനെ സംബന്ധിച്ച ഒരു വിഹഗവീക്ഷണം നടത്തുന്നതു് ഏററവും ഉപകാരപ്രദമായിരിക്കും. വി. പത്രോസു തുടങ്ങി ഇതഃപര്യന്തമുള്ള പ്രതിപുരുഷന്മാരെല്ലാവരും തന്നെ സാധുജനസംരക്ഷണകൃത്യം ഒരു ധർമ്മവ്രതമായി ആചരിച്ചുപോന്നു എന്നാണു ചരിത്രം ഉത്ഘോഷിക്കുന്നതു്. ക്രിസ്തുനാഥനിൽനിന്നു ഊറിവഴിഞ്ഞ ദീനാനുകമ്പയുടെ നീർപ്രവാഹങ്ങൾ പാപ്പാമാരുടെജീവചരിത്രങ്ങളുടെ ജീവനാളങ്ങളിൽക്കൂടി അനുസ്യൂതം പ്രവഹിക്കുന്നതു് ചരിത്രം പ്രകാശിപ്പിക്കുന്നു. കല്ലും മുള്ളും നിറഞ്ഞ ദുർഘടമാർഗ്ഗങ്ങളിൽക്കൂടിയും ഈ നീർപ്രവാഹം കടന്നുപോയിട്ടുണ്ടു്. എവിടെയെല്ലാം അതിനു വിപുലമായ സഞ്ചാരമാർഗ്ഗം ലഭിച്ചു എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണു്. ദീനാനുകമ്പയെ ലോകത്തിൽ ഉത്തേജിപ്പിക്കുന്ന ആ പ്രത്യേക ഘട്ടങ്ങളെപ്പററി അവശ്യം അറിയേണ്ടതാണു. മനുഷ്യജീവിതത്തിൻെറ മഹത്വം യഥാർത്ഥമായി ഗ്രഹിക്കുന്നതിനു ആ വെളിച്ചം മനുഷ്യനു അത്യന്തം സഹായമായിരിക്കും. അതാ! നോക്കുക- സേവനത്തിൻെറ മണിദീപങ്ങൾ പ്രകാശിക്കുന്ന ചില പ്രത്യേക രംഗങ്ങൾ.

**സേവനാത്മകങ്ങളായ ചില പ്രത്യേകരംഗങ്ങൾ**

ക്രിസ്തുവർഷം 100-ൽ പത്രോസിൻെറ സിംഹാസനത്തെഅലങ്കരിച്ചിരുന്ന വി. ക്ലെമൻറു പ്രഥമൻ റോമാനഗരത്തെ ഏഴായിഭാഗിക്കുകയും, ഓരോ ഭാഗത്തിലുംപെട്ട സാധുക്കളെ സംരക്ഷിക്കുന്നതിനു ഓരോ ആറാം പട്ടക്കാരനെ പ്രത്യേകം നിയോഗിക്കുകയുമുണ്ടായി. അനന്തരം എ.ഡി. 236- 250 വരെ വാണിരുന്ന ഫാബിയൻ പാപ്പാ പ്രസ്തുത നഗരത്തെ പതിനാലായി വിഭജിച്ചു സാധുജനസംരക്ഷണാർത്ഥം ഏതാനും അഞ്ചാംപട്ടക്കാരെയും ആറാംപട്ടക്കാരെയും നിയോഗിക്കുകയും ചെയ്തു. ഈ നിയമനങ്ങളും വിഭജനങ്ങളും അന്നത്തെ സാധുസംരക്ഷണപരമായ കാര്യങ്ങൾ ആരാണു നിർവഹിച്ചിരുന്നതെന്നു വ്യക്തമായി കാണിക്കുന്നുണ്ടു്. വാസ്തവത്തിൽ പാപ്പാമാരുടെ ദീനാനുകമ്പയെ പ്രകടമാക്കുന്ന

ഒരു മൂലപ്രമാണമാണ് ഈ വസ്തുത. മാർപ്പാപ്പാമാരുടെ സേവന
പരമായ മനോഭാവങ്ങൾ ഉത്തരോത്തരം വികസ്വരങ്ങളും ആ
ദർശപരങ്ങളുമായിരുന്നു. ആദ്യമായി റോമാനഗരസീമകളിൽ
പ്രയോഗിക്കപ്പെട്ട പല ആദർശങ്ങളും കാലാന്തരത്തിൽ സാ
മ്രാജ്യാധിപന്മാരുടെ സവിശേഷമായ അഭിനന്ദനങ്ങളെ
സമാശ്ലേഷിക്കുകതന്നെ ചെയ്തു. ക്രമേണ അവരുടെ തൃക്കര
ങ്ങൾ ബാഹ്യലോകത്തേക്കും നീളുകയുമുണ്ടായി. താഴെപറയുന്ന
വാക്യശകലങ്ങൾ ആ വസ്തുതയെ ഒരുവിധം പ്രകാശിപ്പിക്കാ
തിരിക്കയില്ല.

"തന്റെ മുൻഗാമികൾ സഹായിച്ചുവന്നത
ജീവചരിത്രങ്ങ നുസരിച്ച പാപ്പാ ആയ വി. സത്തെറോ
ളിലെചിലവാ സ് കൊറിന്ത്യായിലെ ക്രിസ്ത്യാനികൾ
ക്യശകലങ്ങൾ ക്കു ധർമ്മം ശേഖരിച്ചുഅയച്ചുകൊടുത്തു. വി.
ഫാബിയാൻ റോമാനഗരിയുടെ ഏഴുവൈ
ദീകാംശങ്ങളിലുമുള്ള ദരിദ്രരുടെയും വിധവകളുടെയും കാ
ര്യം അന്വേഷിക്കുന്നതിനും ധർമ്മം ശേഖരിച്ചു അവക്കു
യഥാവിധി വിതരണം ചെയ്യുന്നതിനും ഏഴു ശെമ്മാശ്ശന്മാ
രെ നിയമിച്ചു. ഒന്നാമത്തെ വി. ലൂചിയോസ് (എ. ഡി
257) "ദരിദ്രരുടെയും ദീനരുടെയും അപേക്ഷകളെയും ആവ
ശ്യങ്ങളേയും സാധിച്ചു സാമുദായികമുറിവുകൾ സുഖപ്പെട
ത്തുന്നതിനു അഹോരാത്രം യത്നിച്ചിരുന്നു." വി. എസ്തപ്പാനോ
സ് റോമാക്കാരുടെ കഷ്ടതയിൽ അവരെ സഹായിക്കുക മാത്ര
മല്ല, ദൂരദേശങ്ങളിലേക്കുകൂടി ധനസഹായം നൽകുന്നതിനു
പരിശ്രമിക്കുകയും ആശാസ്യമായ സഹായങ്ങൾ ചെയ്യുകയും
ചെയ്തിരുന്നു." റോമായിലെയും ഇതര ദേശങ്ങളിലെയും ദരി
ദ്രർക്കു വി. ഹില്ലാര്യോനിൽ നിന്നു (എ. ഡി. 456) ധനസ
ഹായങ്ങൾ ലഭിക്കുകയും, അവർ ഇദ്ദേഹത്തെ തങ്ങളുടെ രക്ഷ
കനും പിതാവുമായി കരുതുകയും ചെയ്തിരുന്നു. വിശിഷ്യ
പള്ളിക്കുണ്ടാകുന്ന വരുമാനത്തിന്റെ നാലിൽ ഒന്നു ദരിദ്രർക്കു
കൊടുക്കണമെന്നു ഇദ്ദേഹമാണു കല്പിച്ചരുളിച്ചെയ്തതു്." "യു
ദ്ധങ്ങളുടേയും ക്ഷാമത്തിന്റെയും ഘോരതയാൽ അധികരിക്ക
പ്പെട്ടവിധവകളുടെയും ദരിദ്രരുടെയും സംരക്ഷണം വി. ജ
ലാസിയോസുപാപ്പാ (എ. ഡി. 494) ഫ്രാൻസിലെയും ഇ
റ്റലിയിലെയും മെത്രാന്മാർക്കു ഏല്പിച്ചു കൊടുത്തു." വി. സി

മാക്കോസ് (ഏ. ഡി. 514) ഉത്തരഇററലിയിൽ ഞെരുക്കമനുഭവിച്ച അടിമകളെ വീണ്ടെടുത്തു.'' മൂന്നാമത്തെ വി. യോഹന്നാൻ (ഏ. ഡി. 573) ഔദാൎയ്യത്തിൻെറ അവതാരമായിരുന്നു. ഈ മാർപ്പാപ്പാ ലോംബാർഡികൾ എന്ന ആൎയ്യവംശക്കാരുടെ ആക്രമണം നിമിത്തം സകലവസ്തുക്കളിൽനിന്നും വേർപെടുത്തപ്പെട്ടവരായി ആഹാരവും വസ്ത്രവുമില്ലാതെ അലഞ്ഞ ഇററലിക്കാരെ രക്ഷിച്ചു ആശ്വസിപ്പിച്ചു; കിഴക്കുനിന്നു അവൎക്കുവേണ്ടി സഹായം അപേക്ഷിച്ചു.

പൂൎവ്വകാലങ്ങളിലെ ആക്രമണങ്ങളും നാശങ്ങളുംകൊണ്ടു അന്നു ജീവിച്ചിരുന്ന പാപ്പാമാരെക്കുറിച്ചു നമുക്കുള്ള അറിവു വളരെ നിസ്സാരമാണെങ്കിലും അവർ മനുഷ്യവൎഗ്ഗത്തിൻെറ സാക്ഷാൽ ഉപകാരികളായിരുന്നു എന്നും ദുരിതമനുഭവിച്ചവരെ സസന്തോഷം അവരുടെ രക്ഷയിൻകീഴ് സ്വീകരിച്ചിരുന്നുവെന്നും, ചരിത്രകാരന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഇതു ഒരു ചരിത്രകാരൻ പറയുന്ന വാക്യമാണ്. ഈ വിവരണത്തിനു തികച്ചും അർഹനായ ഒരു പാപ്പായായിരുന്നു ഒന്നാമത്തെ വി. ബെനദിക്തോസ്. ഇദ്ദേഹത്തിൻെറ ഭരണകാലത്തു ഇററലിയിൽ ശത്രുക്കളുടെ ആക്രമണവും ഒരു ഭയങ്കരക്ഷാമവും നേരിട്ടു. "ഈ ദുരിതങ്ങൾക്കിടയിൽ ചക്രവൎത്തിയോടു അയാൾക്കു ആയുധംകൊണ്ടു രക്ഷിക്കുന്നതിനു സാധിക്കാതിരുന്ന റോമാപട്ടണം ക്ഷാമം കൊണ്ടു നശിക്കാതിരിക്കാൻവേണ്ടി സഹായം അയക്കുന്നതിനു അപേക്ഷിക്കാൻ പാപ്പായുടെ ശബ്ദം മാത്രമെ പൊങ്ങിയുള്ളു.'' "യുദ്ധത്തോടുകൂടിത്തന്നെ ജലപ്ളവവും ക്ഷാമവും മാരിയും ജനങ്ങളെ അതിയായി ഞെരുക്കിയിരുന്നു. ഈ കഷ്ടതകളിലെല്ലാം ഏവരുടേയും തുണ അർഹിച്ചിരുന്ന വൃദ്ധന്മാരായ ദരിദ്രരെ തൻെറ സ്വന്ത അരമനയിൽ വരുത്തിതാമസിപ്പിച്ചു. രണ്ടാമത്തെ വി. പെലാജിയോസ് 590-ാം വൎഷം കുംഭം 5-ാം തിയ്യതി അന്നത്തെ മഹാമാരിയിൽപെട്ടു മരണംപ്രാപിച്ചു."

മേലുദ്ധരിച്ചവാക്യശകലങ്ങളെല്ലാം ക്രിസ്തുവിൽനിന്നു പാപ്പാമാർ വഴിയായി കടന്നുപോന്നിട്ടുള്ള കാരുണ്യബുദ്ധിയുടെ സുവൎണ്ണമരീചികൾ മാത്രമായിരുന്നു. ഇനിയും ക്രിസ്തുനാഥൻ ലോകരംഗത്തു കൊളുത്തിയ ദീനാനുകമ്പയാകുന്ന

ആഗ്നി ലോകത്തിൽ എങ്ങനെ പടൎന്നു പിടിക്കുന്നു എന്നുനോക്കാം.

പത്രോസിൻെറ പിതൃധനം പട്ടിണിക്കാരെ രക്ഷിക്കുന്നു.

എ. ഡി. 5-ാം ശതകത്തിൻെറ ആരംഭത്തിൽ പത്രോസിൻെറ പിതൃധനം വ്യവസ്ഥാപിതമായ ഒരു സ്ഥാപനത്തിൻെറ നിലയിൽ എത്തിച്ചേൎന്നുവെന്നു നാം കണ്ടുവല്ലോ. അതോടുകൂടി പാപ്പാമാരുടെ തൃക്കരങ്ങൾക്കു കണ്ണുനീരിൻെറയും ദാരിദ്ര്യത്തിൻെറയും താഴ്വരയോളം നീളുന്നതിനും, അവിടെ സമുചിതങ്ങളായ സേവനങ്ങൾ അനുഷ്ഠിക്കുന്നതിനും സാധിച്ചു. അങ്ങനെ ക്രിസ്തുവിൻെറ വെളിച്ചത്തിലേയ്ക്കു ആനയിക്കപ്പെടുന്നതിനു ഭാഗ്യംലഭിച്ച ജനപദങ്ങൾക്കെല്ലാം പത്രോസിൻെറ പിതൃധനംകൊണ്ടു പട്ടിണിക്കാരെ പുലൎത്തുന്നതിനുള്ള ഒരു മഹാഭാഗ്യം കൈവന്നു. ഇററലി, സിസിലി, ഡൾമത്തിയ, ആഫ്റിക്കാ, ഗോൾ എന്നീ സംസ്ഥാനങ്ങളിലെ സാധുജനസമൂഹങ്ങൾ,അന്നു മാൎപ്പാപ്പായ്ക്കു 'പത്രോസിൻെറ പിതൃധനം' എന്നപേരിൽ ഉണ്ടായിരുന്ന മൂലധനംകൊണ്ടു സംരക്ഷിക്കപ്പെട്ടു. ഇങ്ങനെ ത്യാഗാത്മകങ്ങളായ സേവനങ്ങളുടെ അമൂല്യചിത്രങ്ങൾ പലതും ഇനിയും നമുക്കു ദൎശിക്കാനുണ്ട്.

ഒരു മഹാൻ സാധുക്കളെ തൻെറ സ്വത്തുക്കൾക്കു അവകാശികളാക്കുന്നു.

മഹാനായ ഒന്നാമത്തെ ഗ്രിഗോരിയോസ് പാപ്പാ (ഇദ്ദേഹം എ. ഡി. 640-ാം വൎഷം മാൎച്ച്മാസം 12-ാംനു മരണംപ്രാപിച്ചു.) സേവനപരമായ ഒരു ജീവിതംകൊണ്ടു ലോകത്തെ അകമഴിഞ്ഞു അനുഗ്രഹിച്ച ആ അമൂല്യചിത്രമാണു അടുത്ത പടിയായി നമ്മുടെ ശ്രദ്ധക്കു വിഷയമാകുന്നതു്. സാധുസേവനങ്ങളിൽ അദ്ദേഹത്തിൻെറ കണ്ണും കരളും കരുണകൊണ്ടു നിറഞ്ഞു. ക്രിസ്തുവിൻെറ മണിസൗധത്തിലേക്കു ഉയൎത്തപ്പെടേണ്ട മാണിക്കക്കല്ലുകൾ ദാരിദ്ര്യത്തിൻെറ പാഴ്ചെളിക്കുണ്ടിൽ ആണ്ടു കിടക്കുന്ന വസ്തുത അദ്ദേഹം നന്നായിഗ്രഹിച്ചു. തത്ഫലമായി തൻെറ സൎവ്വസ്വത്തുക്കൾക്കും പട്ടിണിപ്പാവങ്ങളെ അദ്ദേഹം അവകാശികളാക്കി. അങ്ങനെ അനാഥലക്ഷങ്ങളെ സമുദ്ധരിക്കു

ന്നതിനുള്ള മാർഗ്ഗങ്ങൾ ലോകരംഗത്തു ആ മഹാൻ കരുപ്പിടിച്ചു. ക്രിസ്തുവിൻെറ നാമത്തിൽ പാപ്പായുടെകരപുടങ്ങൾ കവിഞ്ഞൊഴുകിയ അനുകമ്പയുടെ ആർദ്രസലിലങ്ങൾ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും വലിയജലാശയങ്ങളായി പ്രവഹിച്ചു. അവിടവിടെ ആ ജീവജലം അക്ഷയമായ മഹാസരിത്തുകളെ തന്നെ ഉളവാക്കി. അദ്ദേഹത്തിൻെറ ചരിത്രത്തിലെ ചില വാക്യശകലങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ.

„ഇററലിയിലും, സിസിലിയിലും, മററു ദൂരദേശങ്ങളിലും റോമാസഭയ്ക്കു സ്വത്തുക്കൾ ഉണ്ടായിരുന്നു. അത്യുത്സാഹിയായ ഒരു ഉടമസ്ഥൻെറ മിത സ്വഭാവത്തോടുകൂടിയാണു് പത്രോസിൻെറ പിൻഗാമി ഇവയെ ഭരിച്ചിരുന്നതു്. അവയിലെ ആദായങ്ങൾ പാപ്പായുടെ ചെലവിന്മേൽ ടൈബർനദി വഴി കൊണ്ടുവരപ്പെട്ടു. സമാധാനപരിപാലനത്തിനും പൊതുജന ഉപയോഗത്തിനുമായി അവ സഭയുടെയും ദരിദ്രരുടെയും ആവശ്യങ്ങൾക്കു വിനിയോഗിക്കുക പതിവായിരുന്നു. റോമിലെ പട്ടക്കാക്കും, പള്ളികൾക്കും, സിമിത്തേരികൾക്കും, ധർമ്മസ്ഥാപനങ്ങൾക്കും, ആതുരശാലകൾക്കും അന്യദേശങ്ങളിലുള്ളവക്കും പാപ്പാ മൂന്നുമാസത്തിലൊരിക്കൽ ധനസഹായം ചെയ്തിരുന്നു. ഓരോ മാസത്തിലും ഒന്നാംതിയ്യതിതോറും ദരിദ്രക്കു അവസ്ഥാനുസരണം ധാന്യങ്ങളും, വീഞ്ഞും പാൽക്കട്ടിയും, സസ്യഫലങ്ങളും, എണ്ണയും, മത്സ്യവും, വസ്ത്രവുംപണവും മാർപ്പാപ്പായാണു വീതിച്ചുകൊടുത്തിരുന്നതു്. പ്രതിദിനം ഓരോ മണിക്കൂറിലും സഹായത്തിനായി പാപ്പായുടെ അടുക്കൽ രോഗികളും, ദരിദ്രരും, തീർത്ഥയാത്രക്കാരും, 'വിദേശിയരും ആയ വമ്പിച്ച ഒരു ജനസംഖ്യയും എത്തിയിരുന്നു. അക്കാലത്തെ ഞെരുക്കംകൊണ്ടു റോമിലെ പ്രഭുക്കന്മാരും ഉയർന്നഗോത്രത്തിൽപെട്ടസ്ത്രീകളും ധാരാളമായിസഭയുടെ സഹായം ആശ്രയിച്ചാണു കഴിഞ്ഞിരുന്നതു്. ഈ ഉപകർത്താവിൽനിന്നു 3000 കുഞ്ഞുങ്ങൾക്കു ഭക്ഷണവും വിദ്യാഭ്യാസവും ലഭിച്ചിരുന്നു. . . . „ഗ്രിഗോരിയോസു സന്യായം "സ്വരാജ്യപിതാവു" എന്നു വിളിക്കപ്പെടേണ്ടവനാണു ഇപ്രകാരമാണു ഗീബൺ എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നതു്. ഇനിയും ചിലവാക്യശകലങ്ങൾകൂടി നാം കാണേണ്ടതുണ്ടു. അപ്പോൾ

ജീവകാരുണ്യത്തിന്റെ വിവിധവശങ്ങൾ നമുക്കു ദൃശ്യമാകാതിരിക്കയില്ല.

**ദീനാനുകമ്പയുടെ അഭിനവ രംഗങ്ങൾ**

വി. സബീനിയാനോസ്, ക്ഷാമകാലത്തു ധാന്യശാലകൾ തുറന്നു കൊയിത്തുകാലത്തെ നിരക്കിലും താന്ന വിലയ്ക്കു ധാന്യങ്ങൾ വിററിരുന്നു എന്നു നാം കാണുന്നുണ്ടു്. ഇങ്ങനെ വിററതു കൂടാതെ ഒട്ടുവളരെ ദരിദ്രക്കു ധാന്യങ്ങൾ ധമ്മമായി കൊടുക്കുകയും ചെയ്തിരുന്നു. ദരിദ്രരേയും ദുഖിതരേയും സഹായിക്കുന്നതിൽ പ്രത്യേകശ്രദ്ധയാണു പതിച്ചിരുന്നതു്. (ഇദ്ദേഹം 606-ാം വഷം ഫെബ്രുവരി 2-ാം തിയ്യതി ദിവംഗതനായി.) വി.തെയോദോരിന്റെ ചരിത്രത്തിൽ കാണുന്നതു് ഇങ്ങനെയാണ് "ഇദ്ദേഹത്തിന്റെ ദീനാനുകമ്പയും സ്ഥിരതയും സകലരുടെയും സ്തുതിക്കുപാത്രീഭവിച്ചിരുന്നു. ദരിദ്രരെ ഇദ്ദേഹം എത്രമാത്രം സഹായിച്ചിരുന്നു എന്നു പറഞ്ഞറിയിക്കുക പ്രയാസമാണ്. പൊതുജനങ്ങൾ ഒരു വിശുദ്ധനെന്നു എണ്ണിപ്പോരുന്ന ഇദ്ദേഹത്തിന്റെ നാമം രക്തസാക്ഷികളുടെ പട്ടികയിൽ കാണ്മാൻകഴിയും. 646-ാം വഷത്തിലാണു ഇദ്ദേഹം ചരമഗതിപ്രാപിച്ചതു്. ദീനന്മാരുടെയും ദരിദ്രരുടെയും പിതാവായ മത്തീനോസും (655-കന്നി 8-ാംനു മരിച്ചു). "ദരിദ്രരുടെയും, ആത്തരുടെയും, പീഡിതരുടെയും നേക്കു സ്നേഹസംപൂൎണ്ണനായിരുന്ന വി. ദയൊദാത്തോസും (672-ഏപ്രിൽ 22-ാം തിയ്യതി തിരഞ്ഞെടുക്കപ്പെട്ടു) "ആത്മത്യാഗിയും ദരിദ്രക്കും, വിധവകൾക്കും, കുഞ്ഞുങ്ങൾക്കും, മററു ഏതു വിധത്തിലുള്ള ദുഃഖിതക്കും ഉപകാരിയും, പ്രേഷിതവേലയിൽ അത്യുത്സാഹിയും ആയിരുന്ന രണ്ടാമത്തെ വി. ലയോനും (683-ാം വഷം കക്കടകത്തിൽ കാലധമ്മം ചെയ്തു.) ആരുടെയെല്ലാം ആകമഴിഞ്ഞ പ്രശംസകളാണു അർഹിക്കാത്തതു്? മേൽകാണിച്ചവാക്യശകലങ്ങളെല്ലാം അതതു് മാപ്പാപ്പാമാരുടെ ജീവചരിത്രത്തിൽനിന്നു ഉദ്ധരിക്കപ്പെട്ടതാണ്. വാസ്തവത്തിൽ പാപ്പാമാർ ലോകത്തിലെ ആദശപുരുഷന്മാർ ആയി പരിലസിക്കുന്നു. അവരുടെ പ്രവത്തനപരിപാടികൾ രാജാക്കന്മാരും ചക്രവത്തികളും ഓരോവിധത്തിൽ അനുകരിച്ചു സേവനം അനുഷ്ഠിക്കുവാൻ തുടങ്ങി.നാലാം ശതകത്തിൽ

ആശുപത്രികൾ സ്ഥാപിക്കുന്നതിനും തദ്വാരാ, സേവനപരമായ ഒരു കർമ്മപരിപാടി രാജ്യഭരണസംഹിതയിൽ ഉൾപ്പെടുത്തുന്നതിനും പാപ്പാമാരുടെ ആതുരസേവനഫലങ്ങളായ ഉദ്യമങ്ങളായിരുന്നു, കോൺസ്റ്റന്റൈൻ ചക്രവർത്തിക്കു പ്രചോദനം നൽകിയതു്.

ആതുര ശാലകൾ

മൂന്നാമത്തെ വി. എസ്തപ്പാനോസു ആതുരശാലകൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ചരിത്ര സംഗ്രഹത്തിൽ കാണുന്ന വാക്യം താഴെ ചേർക്കുന്നു. (വി. എസ്തപ്പാനോസു 557-ാംവർഷം ഏപ്രിൽമാസത്തിൽ ചരമം പ്രാപിച്ചു.) "അദ്ദേഹം രോഗബാധിതരുടെ ഉപയോഗത്തിന്നായി പാപ്പാസ്ഥാനം ലഭിച്ചയുടനെ റോമയിൽ അഞ്ചു ആതുരശാലകൾ സ്ഥാപിച്ചു." കാലാന്തരത്തിൽ ഈ സ്ഥാപനങ്ങളുടെ പ്രതിബിംബങ്ങൾ വിദേശങ്ങളിലും കരുപ്പിടിച്ചു. മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കി ജീവിതസൗകര്യം നൽകുന്നതിനു പ്രസ്തുത സ്ഥാപനങ്ങൾ അമൂല്യമായ സേവനങ്ങൾതന്നെ അനുഷ്ഠിച്ചു. അജ്ഞാനവും, ദാരിദ്ര്യവും ഒന്നിച്ചു ഏററം ഭയങ്കരമായവിധം നടത്തുന്ന ആക്രമണങ്ങളിൽ പെട്ടു അലഞ്ഞു തിരിയുന്ന സാധുജനസംഹതികൾക്കു ഈ സ്ഥാപനങ്ങൾ അനന്യലഭ്യമായ ആശ്വാസം അരുളുകയുണ്ടായി. ഇനിയും, ദീനാനുകമ്പാപരമായ സേവനങ്ങളുടെ നാനാമുഖമായ വളർച്ചയെയാണു നമുക്കു കാണ്മാൻ ഉള്ളതു്.

സന്യാസ സഭകളുടെ ഉത്ഭവം

ഒന്നാമത്തെ വി. പൌലോസു, (767—ാം വർഷം ജൂൺ 8-ാംനു- പരലോകപ്രാപ്തനായി.) "സഭയുടെ ആദായത്തിൽ വലിയ ഭാഗവും സാധുക്കളുടെ ഉപയോഗത്തിന്നായി ചെലവഴിച്ച ഈ പാപ്പാ, ഗ്രീക്കുകാരുടെ വകയായ ഒരു സന്യാസ സഭ സ്ഥാപിച്ചു. ചക്രവർത്തിയാൽ ഞെരുക്കപ്പെട്ടു് പശ്ചിമദേശത്തിൽ ചെന്നു അഭയം പ്രാപിച്ച വിജാതീയരെ സല്ക്കരിക്കയും ഗ്രീക്കുഭാഷയിൽ ദൈവത്തെ സ്തുതിക്കയുമായിരുന്നു ഇവരുടെ പ്രധാന ചുമതല. കാലാന്തരത്തിൽ സന്യാസസഭകൾ പലവിധആദർശങ്ങളോടുകൂടി ലോകത്തിൽ വ്യവഹരിക്കുകയും ചെയ്തു. ഈ സന്യാസസഭകൾ സേവനാത്മകങ്ങളായ നിരവധി രംഗങ്ങളെ സൃഷ്ടിച്ചു. അവ വിജ്ഞാ

ത്തിൻെറയും വിവേകത്തിൻെറയും അമൂല്യവിത്തുകൾ ആ രംഗങ്ങളിൽവിതയ്ക്കുകയുംഅവയെ താലോലിച്ചുവളർത്തുവാൻവിവിധ സേവനങ്ങൾഅനുഷ്ഠിക്കുകയുമാണ ചെയ്യുന്നതു്. ഈ ഉദ്യമത്തിനു ഒന്നാമത്തെ വി. പൗലോസു ലോകത്തിനു ഉത്തമമാതൃകയായി ഭവിച്ചു.

പാപ്പാമാരുടെ ഈ സേവനങ്ങൾ ലോകത്തിനു അനന്യലഭ്യമായ ഉപകാരം കൈവരുത്തിയിട്ടുണ്ടെന്നു സമ്മതിച്ചേ മതിയാവൂ. ആ ആദർശപുരുഷന്മാരുടെ ചരിത്രസഞ്ചയങ്ങളിൽനിന്നുകൂട്ടതൽരേഖകൾ സമാഹരിച്ചു, ഈ ലേഖനം ഇനിയും ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ഒന്നു രണ്ടു പ്രത്യേക സംഗതികൾകൂടി രേഖപ്പെടുത്തിയിട്ടു ഉപസംഹരിച്ചുകൊള്ളാം.

**സാധാരണ ധർമ്മങ്ങൾ**

പാപ്പാമാരുടെ ജീവചരിത്രങ്ങളിലേയ്ക്കു ആകപ്പാടെ ഒന്നു കണ്ണോടിക്കുന്ന ഒരു വ്യക്തിക്കു അവയിൽ ചിലപ്രത്യേക വസ്തുതകൾ അവരുടെ സാധാരണ ധർമ്മങ്ങളായി കാണുവാൻ കഴിയുമെന്നുള്ളതു് അനുഭവൈകവേദ്യമാണു്. "ദീനന്മാരെ ആശ്വസിപ്പിച്ചും, ദരിദ്രരെ സഹായിച്ചും, ആശ്രയമററവൎക്കു അവലംബമായും, വിദേശീയൎക്കു ധനസഹായം ചെയ്തും, ആതുരശാലകൾ സ്ഥാപിച്ചും ധർമ്മസ്ഥാപനങ്ങൾക്കു് പണമയച്ചും, ദുഃഖിതരെ സഹായിച്ചും, ബന്ധനസ്ഥരെ ആശ്വസിപ്പിച്ചും, പട്ടിണിക്കാരെ പുലൎത്തിയും, ആപത്തിലകപ്പെട്ടവൎക്കു സഹായം നൽകിയും, സന്യാസസഭകളെ പ്രോത്സാഹിപ്പിച്ചും, രോഗികളെ സ്വസ്ഥരാക്കിയും, ലോകത്തിനു വിജ്ഞാനവും ആത്മജ്ഞാനവും നൽകിയും പാപ്പാമാർ ക്രിസ്തുനാഥൻെറ രാജവീഥിയിൽകൂടി യാതൊരു ചക്രവൎത്തിയുടെയും കൈകൾക്കു എത്താൻ കഴിയാത്ത വിദൂരരംഗങ്ങളിലേക്കു സേവനത്തിൻെറ തൃക്കരങ്ങളെ നീട്ടിക്കൊണ്ടു സാധുസംരക്ഷണവും ദുരിതനിവാരണവും നിൎവ്വഹിക്കുന്നു.

**ലോകത്തിൽ സൎവ്വാദരണീയമായി ഉയൎന്നു നില്ക്കുന്ന ഏകരഹസ്യം**

"ആദ്യത്തെ മൂന്നു ശതകങ്ങളിലെ പാപ്പാമാരുടെ ഉപവിയും അസാധാരണ ധൈൎയ്യവും, നിൎദ്ധനാവസ്ഥയും, എളിമയോടുകൂടിയ ജീവിതവും ചരിത്രങ്ങളാൽ ഉറപ്പിക്കപ്പെട്ടിട്ടുള്ള അനിഷേധ്യ സംഗതികളാണു്. നാലുംഅഞ്ചും ശതാബ്ദങ്ങളിലുണ്ടാ

യിരുന്ന പാപ്പാമാരുടെ സാമത്ഥ്യം, ജ്ഞാനം, ഭക്തി, പ്രാവത്തികമായ ഉത്സാഹം എന്നിവയെ ഒരിക്കലും വിസമ്മതിച്ചുകൂടാ. ഇന്നും നില നില്ക്കുന്ന അവരുടെ വേലകൾ അവയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ടു. ആറും ഏഴും നൂററാണ്ടുകളിലെ പാപ്പാമാർ മ്ളേച്ഛന്മാരുടെ ഉപദ്രവങ്ങളെ കുറയ്ക്കുന്നതിനും പരിഹരിക്കുന്നതിനും ശാസ്ത്രങ്ങളുടെയും നിയമങ്ങളുടെയുംആചാരങ്ങളുടെയും അവശേഷങ്ങളെ സൂക്ഷിക്കുന്നതിനും ചെയ്തിട്ടുള്ള ശ്രമങ്ങളും സഹിച്ച ബുദ്ധിമുട്ടുകളും സമകാലീനന്മാരാൽ സാക്ഷീകൃതങ്ങളാകകൊണ്ടു അവയെ യാതൊരുത്തനും നിഷേധിക്കുവാൻ സാധിക്കയില്ല. ഉത്തരയൂറോപ്പിലെ ജനങ്ങളെ സത്യവേദംമൂലം സംസ്കരിക്കുന്നതിനു എട്ടും പത്തും ശതകങ്ങളിലെ മാപ്പാപ്പാമാർ ചെയ്തിരുന്നശ്രമം സുപ്രസിദ്ധമാകയാൽ അവരുടെ ഉദ്ദേശങ്ങളേയും വഴികളേയും സമ്പ്രദായങ്ങളേയും മാത്രം ആക്ഷേപിക്കുന്നതിനേ പ്രോട്ടസ്റ്റൻറുകാക്കു സാധിച്ചിട്ടുള്ളു. പത്താംശതകത്തിൽ 'സാരസന്മാർ' ആദിയായ ലോകകണ്ടകന്മാരുടെ ശത്രുത നിമിത്തം എന്നെന്നും ക്ലേശിച്ചും അവരുടെ അധമ്മങ്ങളുടെ നാരകീയഹിംസയിൽപെട്ടു നട്ടം തിരിഞ്ഞും കഴിഞ്ഞ ജനതയ്ക്കു മാപ്പാപ്പാമാർ അഭയകേന്ദ്രങ്ങളായിതീൻ. അജയ്യനും അനിഷേധ്യനുമായ ഒരു ലോകനേതാവെന്നനിലയിൽ ഇന്നു മാപ്പാപ്പാമാർ പ്രശോഭിക്കുന്നു. സർവോത്തരങ്ങളും സവ്വാദരണീയങ്ങളുമായ ചാക്രികലേഖനങ്ങൾ, അവരുടെ ആദശങ്ങളേയും നിലയേയും വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്. അതിനാൽ സവ്വാദരണീയവും, സവ്വജനാശ്രയവും അഭയസങ്കേതവും ദീനലോകത്തിന്റെ രക്ഷാകേന്ദ്രവുമായി ഇന്നു ലോകത്തിൽ ഉയന്നുനില്ക്കുന്ന ഒരു അമൂല്യവസ്തുവാണ പാപ്പാമാരുടെ ദിവ്യഹസ്തം.

"ഭാരം ചുമക്കുന്നവരും ക്ലേശിക്കുന്നവരുമായ എല്ലാവരും എന്റെപക്കൽ വരുവിൻ, ഞാൻ നിങ്ങളെആശ്വസിപ്പിക്കാം." ദിവ്യരക്ഷകനായ മിശിഹായുടെ ഈ അമൂല്യവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു ആ ധാമ്മികസമ്റാട്ടു നമ്മെ എല്ലാവരേയും അങ്ങെ പക്കലേക്കു ക്ഷണിക്കുന്നു. നമുക്കു ആ തൃക്കരങ്ങളുടെ തണൽപററി ആനന്ദവും ആശ്വാസവും പ്രാപിക്കാം.

# പ്രൊട്ടസ്റ്റൻറു വിപ്ളവത്തിനു മുമ്പു കത്തോലിക്കാ സഭയിലുണ്ടായിരുന്ന

## പൊതുജന സംരക്ഷണം

(ഒരു സമാഹാരം)

ജറുസലത്തെ പൂർവ്വക്രൂസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന സാധുജനസംരക്ഷണം ശ്ലീഹന്മാരുടെ നടപടികളിൽ വിശദമായി കാണിച്ചിട്ടുണ്ട്. (നടപടി.അ. 4. വാ. 32–34)

**പൂർവ്വക്രൂസ്ത്യാനികൾ**

ആ നടപടികളിൽ കാണുന്ന സൗഭാഗ്യസംദായകമായ സേവനം പൂർവ്വക്രൂസ്ത്യാനികളിൽ സ്ഥിതിചെയ്തിരുന്ന അവരുടെ മതതീക്ഷ്ണതയുടെ ഫലമായിരുന്നു എന്നുവേണം പറയുവാൻ. അവർ ശ്ലീഹന്മാരുടെ പ്രേഷകവൃത്തിയുടെ ആദ്യഫലങ്ങളായിരുന്നു. അന്ന് അവരുടെ സ്മൃതിപഥത്തിൽ ക്രിസ്തുനാഥൻെറ മഹത്വാതിശയം സജീവമായി കുടികൊണ്ടിരുന്നു. ദൈവം മനുഷ്യരാശിയോടു കാണിച്ച അനന്തമായ സ്നേഹത്തിൻെറ മാറെറാലികൾ അന്നും അവരുടെ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അതിനാൽ ഏതുവിധ വിപരീത സാഹചര്യങ്ങളോടും സുധീരം പൊരുതാനുള്ള മനോഭാവമാണു അന്നത്തെ ജനതയിൽ സവിശേഷം തെളിഞ്ഞിരുന്നതു്. അവരുടെ ത്യാഗസന്നദ്ധതയും തീക്ഷ്ണതയും മതവിഷയകമായ അടിസ്ഥാനത്തിൻെറ സമുചിതലക്ഷണങ്ങളായും പരിഗണിക്കാമായിരുന്നു.

**പൊതുസ്വത്ത്.**

ആദിമക്രൂസ്ത്യാനികൾ അവരുടെ സ്വത്തെല്ലാം പൊതുമുതലായി പരിഗണിച്ചിരുന്നല്ലോ. ഈ സമ്പ്രദായം ക്രൈസ്തവ സിദ്ധാന്തങ്ങളുടെ മൗലികതത്വമായിരുന്നു എന്നു ചിലർ വാദിക്കാറുണ്ട്. എന്നാൽ ഇന്നു ആ നയം തുടരുക സാദ്ധ്യമാണൊ എന്നു നന്നേ ആലോചിക്കേണ്ടിയിരിക്കുന്നു. പൂർവ്വക്രൂസ്ത്യാനികൾ സ്വമേധയാ അപ്രകാരം ആചരിച്ചിരുന്നു എന്നാണു ശ്ലീഹന്മാരുടെ നടപടികൾകൊണ്ടു വ്യക്തമാകുന്നതു്. അനനിയാസിൻെറ സംഭവം ഇതിനു ഒരു മകുടോദാഹരണം മാത്രമാ

ണ്. അയാൾ സ്വഭാൎയ്യയോടുകൂടി തങ്ങളുടെ പറമ്പു വിററു കിട്ടിയ പണത്തിൽ ഒരു ഭാഗം ശ്ലീഹന്മാരെ ഏല്പിക്കുകയും ബാക്കിയുണ്ടായിരുന്നതു് തങ്ങൾക്കായി സൂക്ഷിക്കുയും ചെയ്തു. സംഖ്യ മുഴവൻതന്നെ ഏല്പിക്കാതിരുന്നതുകൊണ്ടല്ല പ്രത്യുത തത്സംബന്ധമായി വ്യാജം പറഞ്ഞതു കൊണ്ടായിരുന്നു വി. പത്രോസ് അവരെ ശാസിച്ചതു്. തങ്ങളുടെ സ്വത്തുക്കൾ യഥോചിതം വിനിയോഗിക്കുന്നതിനു അവൎക്കു സാധിക്കുമായിരുന്നു എന്നു് പ്രസ്പഷ്ടമാകുന്നുണ്ടു്. "അതുണ്ടായിരുന്നപ്പോൾ അതു് നിങ്ങളുടേതായിരുന്നല്ലൊ. വിററശേഷവും അതു നിങ്ങളുടെ കഴിവിലല്ലയൊ ആയിരുന്നതു്.,,(ന. അ. 5–4)

മാത്രമല്ല, ശ്ലീഹന്മാർ സഭ സ്ഥാപിച്ച മററു സ്ഥലങ്ങളിൽ ജനങ്ങൾ തങ്ങളുടെ സ്വത്തുക്കൾ പൊതുവാക്കണമെന്നുണ്ടായിരുന്നില്ലല്ലൊ. ഇതിൽനിന്നും ജറുസലത്തുണ്ടായിരുന്ന ഈ സമ്പ്രദായം താല്ക്കാലികവും, അസാധാരണ സാഹചൎയ്യങ്ങളിൽ അധിഷ്ഠിതവും ആയിരുന്നു എന്നുവേണം വിചാരിക്കുവാൻ.

ഭൂസ്വത്തുക്കളുടെ ഭരണം സൎവ്വപ്രധാനമായ സുവിശേഷപ്രസംഗത്തിനു ബാധകമായിത്തീരുന്നു എന്നും, കാലക്രമത്തിൽ അപ്പസ്തോലന്മാർ ഗ്രഹിച്ചു. ആകയാൽ

**മതപ്രചരണത്തിനുണ്ടായ വിഘാതം**

പുണ്യത്തിലും, നീതിയിലും പ്രഥമഗണനീയന്മാരായ ഏഴുപേരെ തെരഞ്ഞെടുത്തു്, ആ വക കാൎയ്യങ്ങൾ നയിച്ചു. ഇങ്ങനെയാണ തിരുസ്സഭാചരിത്രത്തിൽ ആദ്യത്തെ അഞ്ചുശതകങ്ങളിലെ സാധുജനസേവനം രേഖപ്പെടുത്തിയിരിക്കുന്നതു്. ഈ കാലഘട്ടത്തിൽ സാധുജനസേവനം മെത്രാൻെറ മേൽനോട്ടത്തിൽ ആറാംപട്ടക്കാരൻ നടത്തിപ്പോന്നു. അയാൾ സഭയിലെ സാധുജനങ്ങളുടെ ഒരു പട്ടികയുണ്ടാക്കുകയും അവരുടെ സ്ഥിതിഗതികൾ അന്വേഷിച്ചുപോരുകയും ചെയ്തിരുന്നു. ജറുസലത്തുണ്ടായിരുന്ന സഭയുടെ ഈ ദൃഷ്ടാന്തം ശ്ലീഹന്മാരാൽ സ്ഥാപിതമായ മററു സഭകളും അംഗീകരിച്ചു. അവരും സാധുജനസഹായം ആറാംപട്ടക്കാർ മുഖേന നടത്തിവന്നു. ഇതിലേക്കു തെരഞ്ഞെടുക്കപ്പെട്ടിരുന്ന ആറാംപട്ടക്കാരുടെ എണ്ണം സാധാരണ ഏഴായിരുന്നു. ഇപ്രകാരമുള്ള സാധുജനസംരക്ഷണത്തെ ഉദ്ദേശിച്ചു റോമാപട്ടണം പതിനാലു പ്രവിശ്യകളായി വിഭജിക്കപ്പെ

ട്ടിരുന്നു. ഓരോ അധികാരിയുടെയും ഭരണത്തിൽ ഈരണ്ടു പ്രവിശ്യകളാണു ഉൾപ്പെട്ടിരുന്നത് x 1.

**ജീവകാരുണ്യത്തിന്റെ സംഘടനകൾ**

സാധുജനപരിചരണത്തിൽ വനിതകൾക്കുള്ള വിശേഷപാടവം സഭ ആരംഭം മുതൽ അംഗീകരിച്ചിട്ടുള്ളതാണ്. കുടുംബജീവിതത്തിലുള്ള പല പ്രശ്നങ്ങളും, സ്ത്രീകൾ മാത്രം കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. കുടുംബഭരണത്തിലും അവർതന്നെ അഭിമുഖീകരിക്കേണ്ടതായ പല വൈഷമ്യങ്ങളും ഇല്ലാതില്ല. പാശ്ചാത്യസഭയിൽ വിധവകൾ ആദ്യം പട്ടക്കാരുടെ നേതൃത്വത്തിൽസാധുജനസംരക്ഷണത്തിൽഭാഗഭാക്കുകളായിരുന്നു.എന്നാൽ പൌരസ്ത്യസഭയിൽ ഈ ശുശ്രൂഷകൾക്കായി ആറാം പട്ടക്കാരുടെ സ്ഥാനം വഹിച്ചിരുന്ന സ്ത്രീകളുടെ ഒരു പ്രത്യേകസഭ തന്നെ ഉണ്ടായിരുന്നു എന്നാണു തോന്നുന്നത്.

**മെത്രാൻ**

സഭയുടെ ആരംഭകാലത്ത് മെത്രാനിലായിരുന്നു എല്ലാം കേന്ദ്രീകരിച്ചിരുന്നത്. അദ്ദേഹം കപ്പലിന്റെ അമരക്കാരനെന്നും, ദൈവത്തിന്റെ മനുഷ്യനെന്നും, അഗതികളുടെയും അനാഥരുടെയുംനേർക്കു ഔദാര്യമുള്ളവനെന്നും സേവനപരമായ പ്രവൃത്തികൾക്കുനിഷ്കൃഷ്ടയുള്ളവനെന്നും പരിഗണിക്കപ്പെട്ടിരുന്നു. x 2 ആരംഭകാലത്തു ഓരോ പട്ടണത്തിൽ ഓരോ പള്ളിയും അതിന്റെ അദ്ധ്യക്ഷനായി മെത്രാനും മാത്രമെ ഉണ്ടായിരുന്നുള്ളു. കാലക്രമത്തിൽ മററുപല ഉപദേവാലയങ്ങളും സ്ഥാപിതങ്ങളായി. അപ്പോൾ അവയുടെ ഭരണവും മെത്രാന്റെ അരമനയിൽനിന്നുതന്നെ നടത്തിയിരുന്നു. സഭയുടെ ആരംഭകാലത്തു സാധുജനസംരക്ഷണത്തിൽ, മെത്രാന്മാർ എത്രകണ്ടു ഔദാര്യപൂർവ്വം പ്രവർത്തിച്ചിരുന്നു എന്നു ഇതിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ അഞ്ചും ആറും ശതകങ്ങളിൽ ഗോൾ, ജർമ്മനി മുതലായ രാജ്യങ്ങൾ ക്രൈസ്തവവിശ്വാസം സ്വീകരി

---

x 1 Ratzinger: Der Geschichte Kirchlichen Armenpflge P. 30, Lallemand: Histoire de Iacharite Vol 11. Pp. 27-30

x 2 Lallemand : op. cit., Vol.11: PP. 27-30.

ച്ചതിനു ശേഷമാണു. സഭയുടെ ജീവിതത്തിൽ ഇടവക ഒരു പ്രധാന ഘടകമായിത്തീൎന്നതു്.

പള്ളിമുതൽകൊണ്ടു പാവങ്ങൾ പുലൎത്തപ്പെട്ടു

ആദ്യത്തെ മൂന്നു ശതകങ്ങളിൽ സഭയിലെ സാധുജനസംരക്ഷണം നിൎവ്വഹിക്കപ്പെട്ടിരുന്നതു്, ദിവ്യകാരുണ്യശുശ്രൂഷക്കായി വിശ്വാസികളിൽനിന്നു ലഭിച്ചിരുന്ന ധൎമ്മംകൊണ്ടും, പ്രത്യേക പെരുന്നാളുകളിൽനടത്തപ്പെട്ടിരുന്ന പിരിവുകൾകൊണ്ടും, ദേവാലയത്തിലേക്കു വന്നിരുന്ന നേൎച്ചകൾകൊണ്ടും, സമ്പന്നന്മാരുടെ ജ്ഞാനസ്നാനവേളയിൽ ലഭിച്ചിരുന്ന സംഭാവനകൾകൊണ്ടും, ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ദേവാലയത്തിലേക്കു ലഭിച്ചിരുന്ന വരുമാനങ്ങൾ കൊണ്ടാണു്, അന്നു പട്ടിണിപ്പാവങ്ങളുടെ കാൎയ്യങ്ങൾ നടത്തപ്പെട്ടിരുന്നതു്. ധനാഢ്യരായ പലരും തങ്ങൾക്കു നേരിടാനിരിക്കുന്ന രക്തസാക്ഷിത്വത്തെ ഉദ്ദേശിച്ചുകൊണ്ടു് അവരുടെ വസ്തുവകകളെല്ലാം പള്ളിക്കു വിട്ടുകൊടുത്തിരുന്നു. x 3 ആദ്യത്തെ മൂന്നു ശതകങ്ങളിൽ കൃസ്ത്യാനികൾക്കു, പീഡിതരും സന്തപ്തചിത്തരുമായ സഹോദരങ്ങളെ സഹായിക്കുന്നതിനും, അങ്ങനെ തങ്ങളുടെ പരസ്നേഹം പ്രകടമാക്കുന്നതിനും, വളരെ അധികം അവസരം ഉണ്ടായിരുന്നു.

ഒരു ക്രൈസ്തവനെ—അവൻ ആരായിരുന്നാലും വേണ്ടതില്ല—കാണുന്ന മാത്രയിൽ പൂൎവ്വകൃസ്ത്യാനികൾ ഒരു ആത്മമിത്രമെന്ന നിലയിൽ സത്ക്കരിച്ചിരുന്നു. അതിഥിസത്ക്കാരം അതിന്റെ പാരമ്യത്തെ പ്രാപിച്ചിരുന്ന കാലഘട്ടം, അതായിരുന്നു എന്നുവേണം പറയുവാൻ. ഒരു അതിഥിയെ ഒരു മെത്രാന്റെ അരമനയിലൊ ഒരു കൃസ്ത്യാനിയുടെ ഭവ

അതിഥിപൂജ.

നത്തിലൊ വച്ചായിരുന്നു സത്ക്കരിച്ചിരുന്നതു്. ആ കാലങ്ങളിൽ തടവുകാരെ സന്ദൎശിച്ചു ആശ്വസിപ്പിക്കുന്നതു്, സാധുജനസേവനത്തിന്റെ ഒരു സൎവ്വപ്രധാനമായ ചടങ്ങായും ഗണിക്കപ്പെട്ടിരുന്നു. അന്നു ഒട്ടുവളരെ കൃസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി കാരാലയവാസംപോലും കൈ

x 3 Ibid: Vol. II, P. 29.

വരിക്കേണ്ടതായി വന്നിട്ടുണ്ട്. അവർ അവലംബിച്ചിരിക്കുന്ന മതത്തിലെ എല്ലാവക ആനുകൂല്യങ്ങളും ആശ്വാസങ്ങളും നൽകിക്കൊണ്ട് അവരെ സംരക്ഷിക്കുന്നതിൽ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചുപോന്നതു് കത്തോലിക്കാസഭയായിരുന്നു.

**ദുരിതഹേതുക്കളും അഭയസ്ഥാനവും.**

വടക്കുനിന്നുണ്ടായ അപരിഷ്കൃതരുടെ ആക്രമണങ്ങളും പലവിധ നാശങ്ങൾക്കു വഴിതെളിച്ചു. അവർ പോയ വഴിയിലെല്ലാം ദാരിദ്ര്യവും വിനാശവും മുളച്ചുവളർന്നു. വസ്തുക്കളുടെ കരം ക്രമാതീതമായി വർദ്ധിപ്പിച്ചതിനാൽ അനേകായിരങ്ങൾ തങ്ങളുടെ പുരയിടങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാതെ, അവയെ ഉപേക്ഷിക്കുന്നതിനു നിർബന്ധിതരായി. ഇങ്ങനെയാണു അവർ ദാരിദ്ര്യക്ലേശത്തിനു വിധേയരായിത്തീർന്നതു്. രാഷ്ട്രീയഭരണം ഒന്നിനൊന്നിനു വഷളായിത്തീർന്നു. ദാരിദ്ര്യത്തിന്റെ വൈഷമ്യമേറിയ ഈ പ്രശ്നം അഭിമുഖീകരിക്കുന്നതിനു, അക്കാലത്തു രാഷ്ട്രം തേടിപ്പിടിച്ച അഭയസ്ഥാനം കത്തോലിക്കാസഭയായിരുന്നു. ഈ സാഹചര്യങ്ങളിൽ കത്തോലിക്കാസഭയിലെ പൊതുജനസഹായസ്ഥാപനങ്ങൾ വർദ്ധമാനമായെങ്കിൽ അതിൽ വിസ്മയിക്കേണ്ടതില്ലല്ലോ.

രോഗികളുടെയും, ഭവനരഹിതരുടെയും, അനാഥരായ ശിശുക്കളുടെയും സംരക്ഷണാർത്ഥം മെത്രാന്റെ അരമനയും ക്രൈസ്തവരുടെ ഭവനങ്ങളും, വിനിയോഗിച്ചിരുന്നതു് മതിയാകാതെയായി. തന്നിമിത്തം

**ആതുരശാലയുടെ ഉത്ഭവം.**

നാലാം ശതകത്തിന്റെ ആരംഭഘട്ടത്തിൽ ഇത്തരക്കാർക്കുവേണ്ടി ആശുപത്രികൾ എന്നപേരിൽ ഒരുതരം പ്രത്യേക സ്ഥാപനങ്ങൾ ആവിർഭവിച്ചു. അനാഥരേയും അവശരായ വൃദ്ധന്മാരെയും സംരക്ഷിച്ചിരുന്നതു് ഈ പ്രത്യേക സ്ഥാപനങ്ങളിലായിരുന്നു. x 4. സാധുസംരക്ഷണത്തിനു വേണ്ടിയുള്ള ഈ സ്ഥാപനങ്ങളെല്ലാം മെത്രാന്മാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നു. x 5. ഇക്കാലത്തു വേറെ സ്ഥാപനങ്ങളും

---

x 4. ibid Vol. II chap. VI.

x 5. Ratzinger op. cit, P. P. 139-146.

ഉണ്ടായി. മദ്ധ്യശതകങ്ങളിലെ സാധുജനസഹായത്തിൽ ആശുപത്രികളെക്കാൾ താഴ്ന്ന ഒരു സ്ഥാനം മാത്രമെ ഇവ അർഹിച്ചിരുന്നുള്ളു. ഇവ സന്യാസാശ്രമങ്ങൾ അല്ലാതെ മറെറാന്നും ആയിരുന്നില്ല. ഓരോ ആശ്രമത്തിനും സ്വന്തമായി ഓരോ ആശുപത്രിയും ഉണ്ടായിരുന്നു. അവ അഗതികളുടെയും രോഗികളുടെയും മുടന്തന്മാരുടെയും കുരുടന്മാരുടെയും അഭയസ്ഥാനങ്ങളായിരുന്നു. അക്കാലത്തു ഈ സാധുജനങ്ങൾക്കു സന്യാസിമാരിൽനിന്നു അഭികാമ്യമായ സംരക്ഷണയും വിശേഷമായ ചികിത്സകളും ആണു ലഭിച്ചിരുന്നതു്.

**വിദ്യാമന്ദിരങ്ങൾ.**

മാത്രമല്ല, സഭാസ്ഥാപകരായ വി. ബാസിൽ വി. ബെനഡിക്ട് ആദിയായ യോഗിവര്യന്മാർ സാധുക്കളായ കുട്ടികളെ വളർത്തുന്നതിനും അവക്കു വിദ്യാഭ്യാസം നൽകുന്നതിനും വേണ്ടി തങ്ങളുടെ ആശ്രമങ്ങളോടു അനുബന്ധിച്ചു വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനു അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്നു. x 6.. കാര്യക്ഷമമായ സാധുജനസേവനം നിർവ്വഹിക്കുന്നതിനുള്ള പുതിയ സ്ഥാപനങ്ങൾ രംഗപ്രവേശം ചെയ്തതോടുകൂടി ആദ്യം ഉണ്ടായിരുന്ന സ്ഥാപനങ്ങളിൽ ഒന്നു ക്രമേണ അന്തർദ്ധാനം ചെയ്തു.

**ഒരു പൊതു ആഘോഷം.**

ഇതു സംഭവിച്ചതു് നാലും അഞ്ചും നൂററാണ്ടുകളിലായിരുന്നു. ജറുസലത്തുണ്ടായിരുന്ന ആദിമകൃസ്ത്യാനികളുടെ കാലം മുതൽ 'അഗെയ്പ്പ്' (agape) എന്നു അറിയപ്പെടുന്ന ആഘോഷം കൃസ്തീയസാഹോദര്യത്തിൻെറ ഒരു ബാഹ്യചിഹ്നമായിട്ടാണു കരുതപ്പെട്ടിരുന്നതു്. അതു ജനസാമാന്യത്തെ പൊതുവെ ആകർഷിച്ചു രസിപ്പിച്ചിരുന്നു. കുബേരനേയും കുചേലനേയും, ധനവാനെയും, ദരിദ്രനേയും, മുതലാളിയേയും തൊഴിലാളിയേയും, പരസ്പരം ഘടിപ്പിച്ചു എല്ലാവരേയും ഒരുപോലെ സന്തുഷ്ടചിത്തരാക്കിയിരുന്ന ഒരു ആഘോഷമായിരുന്നു അതു്. ദിവ്യകാരുണ്യഘോഷത്തിൻെറ ഒരു ഭാഗമായിട്ടാണു് അതു ആരംഭിച്ചതു്. എന്നാൽ കാലക്രമത്തിൽ അതു കൃസ്തീയ ആരാധനയിൽനിന്നു വേർതിരിക്ക

---

x 6. Ibid- P. P. 149-152.

പ്പെട്ടു. ക്രിസ്തുനാഥന്റെ മരണത്തിനു മുൻപു് അവിടുത്തെക്കു തന്റെ ശിഷ്യരോടുണ്ടായിരുന്ന അന്തിമഐക്യത്തിന്റെയും, പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തിൽ അവിടുന്നു പ്രത്യക്ഷപ്പെടുത്തിയ നിസ്സീമമായ സ്നേഹത്തിന്റെയും, സ്മാരകമായി ഇതിനെ തുടർന്നു കൊണ്ടുപോയിരുന്നു. ക്രൂസ്ത്യാനികളുടെ സംഖ്യ വർദ്ധമാനമായതോടെ ഇതിന്റെ പ്രാധാന്യം അസ്തമിക്കുകയും, ഇതിൽ നുഴഞ്ഞുകയറിയ അഴിമതികൾ നിമിത്തം, ഇതു നിറുത്തലാക്കപ്പെടുകയും ചെയ്തു. x 7.

**അനീതിയെ മെത്രാന്മാർ എതിർക്കുന്നു.**

നാലും അഞ്ചും ശതകങ്ങളിൽ നാടെങ്ങും നടമാടിയിരുന്നു, ഭയങ്കരമായ ദരിദ്രക്ലേശം. അതിനു ഹേതുവായ സാമുദായിക അനീതിയെ ശക്തിയുക്തം അപലപിച്ചതു് മെത്രാന്മാരായിരുന്നു. അക്രമമായ കരംചുമത്തൽ, ഉദ്യോഗസ്ഥന്മാരുടെ അഴിമതി എന്നിവയിൽ അവർ അതൃപ്തി പ്രകാശിപ്പിക്കുകയും, പ്രതിഷേധം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അന്യായപ്പലിശ വാങ്ങിയിരുന്നവരുടെയും, അടിമകളെ മൃഗീയമായി ദണ്ഡിച്ചിരുന്നവരുടെയും പേരിൽ മെത്രാന്മാർ കർക്കശമായ നടപടികളാണു നടത്തിയിരുന്നതു്. സഭ അവളുടെ വസ്തുക്കളുടെ ഭരണത്തിൽ നീതിയുടെയും പരസ്നേഹത്തിന്റെയും മാതൃകയായിത്തീരുവാൻ പരിശ്രമിച്ചു. മെത്രാന്മാർ അവരുടെ പ്രസംഗത്തിലും പഠനത്തിലും വസ്തുക്കളുടെ കൈകാര്യത്തെപ്പററി ഊന്നിപ്പറഞ്ഞിരിക്കുന്നു. മനുഷ്യനു ദൈവം വസ്തുവകകൾ നൽകിയിരിക്കുന്നതു് കേവലം സ്വാർത്ഥപരമായ അഭിലാഷങ്ങളുടെ സംസിദ്ധിക്കുവേണ്ടി മാത്രമല്ലെന്നും, സമസൃഷ്ടികളുടെ ഉത്കർഷത്തിനുകൂടെ ഉപയുക്തമാകണമെന്നുള്ള അടിസ്ഥാനത്തിന്മേലാണെന്നും അവർ സമർത്ഥിച്ചു. അതായിരുന്നു അവരുടെ വാദമുഖങ്ങളുടെ മൗലികതത്വം. ധനത്തിന്റെ വിനിയോഗത്തെക്കുറിച്ചു മനുഷ്യൻ ദൈവസന്നിധിയിൽ കർക്കശമായ ഒരു കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നും അവർ ഉദ്ബോധിപ്പിച്ചു. സമ്പന്നന്മാരുടെ നിലയറസാധുക്കളുടെ പത്തായമായി ലോകം പരിഗണിക്കാത്തകാല

---

x 7. Ratzinger. op. cit, P. 153.

ത്തോളം, ഭൂമുഖത്തു സ്വാസ്ഥ്യം നടമാടുകയില്ലെന്നും, മെത്രാന്മാർ ജനങ്ങളെ പഠിപ്പിച്ചിരുന്നു. സ്വത്തുക്കളിൽ നിന്നു സ്വന്തം ആവശ്യങ്ങൾക്കുള്ളതു നീക്കിവച്ചു ശേഷിക്കുന്നവയിൽ ഒരു ഭാഗം ദരിദ്രർക്കു ദാനം ചെയ്യാത്ത ധനവാന്മാരെ, ഒരു തരം കള്ളന്മാരെന്നും കവർച്ചക്കാരെന്നുംകൂടി സംബോധന ചെയ്യുന്നതിനു മെത്രാന്മാർ മടിച്ചിരുന്നില്ല.

**ധർമ്മസഹായത്തിന്റെ ആദ്ധ്യാത്മിക ശക്തി**

പാപമോചനങ്ങൾക്കു ധർമ്മസഹായത്തിനുള്ള ശക്തി അനന്യലഭ്യമായ ഒന്നാണെന്നു സഭാപിതാക്കന്മാർ പഠിപ്പിച്ചിരുന്നു. മധ്യശതകങ്ങളിലെ ജനതയിൽ കുടികൊണ്ടിരുന്ന ഈ ആശയം—പാപമോചനവും ധർമ്മസഹായവും തമ്മിലുള്ള ബന്ധം—നിരർത്ഥകവും സ്വാർത്ഥപരവും ആണെന്നു പ്രോട്ടസ്റ്റന്റു ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെട്ടു. മനുഷ്യൻ ധർമ്മസഹായങ്ങൾ ചെയ്യുന്നതിൽ ദത്തശ്രദ്ധനാണെങ്കിൽ, അവന്റെ അപരാധങ്ങളെപ്പററി അത്ര കാര്യമായി കരുതേണ്ടതില്ല എന്നായിരുന്നു അവരുടെ വെല്ലുവിളി. ഇതിന്റെ യുക്തി എത്ര ദുർബലമായ വശത്തുകൂടെയാണു വ്യാപരിക്കുന്നതെന്നു, വിഷയജ്ഞാനമുള്ളവർ മനസ്സിലാക്കാതിരിക്കുമെന്നു തോന്നുന്നില്ല. അവർ വീണ്ടും അപലപിക്കുന്നു. "ഒരു നിശ്ചിതസംഖ്യക്കു പാപമോചനം സാധിക്കാം." ഇതൊക്കെ കത്തോലിക്കരുടെ കള്ളത്തരങ്ങളും, കുതന്ത്രങ്ങളുമാണെന്നുംമററും പുലമ്പുവാൻ ചില പ്രോട്ടസ്റ്റന്റു എഴുത്തുകാർ, ഒരു വിധത്തിലും സങ്കോചം കാണിച്ചിരുന്നില്ല. സഭാപിതാക്കന്മാരിൽ ചിലർ അവരുടെ പ്രസംഗമദ്ധ്യേ ചെയ്ത പ്രസ്താവനയിൽ നിന്നാണത്രെ, പ്രോട്ടസ്റ്റന്റുകാർ ഈ നിഗമനത്തിൽ എത്തിച്ചേർന്നതു്. എന്നാൽ സഭാപിതാക്കന്മാർ ഏകകണ്ഠമായി ഈ വിഷയത്തെ സംബന്ധിച്ചു പഠിപ്പിക്കുന്നതെന്താണെന്നു, കൂലങ്കഷമായി പരിശോധിച്ചാൽ പാപമോചനത്തിനു ധർമ്മസഹായം മാത്രം മതിയാകയില്ല എന്നു നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയും. ജീവിതനവീകരണം കൂടാതെ, ധർമ്മസഹായങ്ങൾകൊണ്ടു മാത്രം പാപമോചനം പ്രാപിക്കുവാൻകഴിയുകയില്ലെന്നു വി: ആഗസ്തീനോസും വി: ചിപ്രിയാനും പഠിപ്പിക്കുന്നു. ഒരു മനുഷ്യൻ അവന്റെ പാപകൃത്യങ്ങൾ തുടർന്നു കൊണ്ടുപോകണ

മെന്നുള്ള പ്രതീക്ഷയോടുകൂടിയാണു ധർമ്മം ചെയ്യുന്നതെങ്കിൽ, അവൻെറ അപരാധം വർദ്ധമാനമാവുകയല്ലാതെ ഒരു വിധത്തിലും അതു ലഘൂകരിക്കപ്പെടുകയില്ല എന്നാണു വി: അഗസ്റ്റീനോസു പ്രസ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നതു്. x8.

**പിതാക്കന്മാരുടെ വചനം**

ധർമ്മദാനത്തിനു മറെറാരു വിധത്തിൽ അജയ്യമായ ഒരു ശക്തിയുണ്ടു്. അതു കേവലം ലൗകികനന്മകളിൽനിന്നു മനുഷ്യഹൃദയത്തെ മാററുന്നു. ആദ്ധ്യാത്മികമായ ഒരു പരമലക്ഷ്യം മനുഷ്യനുണ്ടെന്നുള്ള ഒരു ചിന്തയ്ക്കു് അതു അവസരം നൽകുന്നു. മാത്രമല്ല, സഹോദരത്വേന മനുഷ്യൻ പകുത്തനുഭവിക്കുന്നതിനും, അവൻെറ മുട്ടുപാടിൽ വേണ്ടത്ര സഹായം ചെയ്യുന്നതിനുമാണു, ദൈവം മനുഷ്യനു സ്വത്തു നൽകിയിരിക്കുന്നതെന്നുള്ള ഒരു ബോധം, മനുഷ്യഹൃദയത്തിൽ കൂടെക്കൂടെ അലതല്ലുന്നതിനും, ആ ധർമ്മസഹായം ഒരു പ്രേരകമായിത്തീരുന്നു. കേവലം സ്വാർത്ഥത്തിൽനിന്നു, മനുഷ്യബുദ്ധി, പരാർത്ഥത്തിലേക്കു അല്പാല്പമായി നീങ്ങി, സമുചിതമായ ത്യാഗശീലം ഒരുവനിൽ രൂഢമാകുന്നതിനും, അതു നിദാനമായിത്തീരുന്നു എന്നത്രേ, സഭാപിതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും അഭിപ്രായം. അതുകൊണ്ടു സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കു സാമുദായികമായ ഒരു ഉത്തരവാദിത്വംകൂടെ നോക്കേണ്ടതുണ്ടു്. മദ്ധ്യശതകങ്ങളിലെ പ്രബോധനങ്ങൾ ഈ ആദർശത്തെയാണു വിശദമാക്കിയിരുന്നതു്. അതു് ധർമ്മസഹായങ്ങളെ എത്രത്തോളം പ്രോത്സാഹിപ്പിച്ചിരുന്നു എന്നു, നമുക്കു അനുമാനിക്കുവാൻ കഴിയും.

**ധർമ്മസഹായം പാപമോചന മരുളുമോ?**

ധർമ്മസഹായവും പാപമോചനവും തമ്മിൽ ഉള്ള അഭേദ്യമായ ബന്ധം, ഈ ഘട്ടത്തിൽ വിസ്മരിക്കാവുന്നതല്ല. പാപസങ്കീർത്തനം (കുമ്പസാരം) എന്ന കൂദാശകൊണ്ടു ഒരു വ്യക്തിയുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെങ്കിലും, ആയാൾ അവശ്യം പരിഹരിക്കേണ്ടതായ ശിക്ഷയുടെ ഒരു ഭാഗം അവശേഷിക്കും. ഇതിനെയാണു പരിഹാരകടം എന്നു പറയാറുള്ളതു്. ശാരീരികങ്ങളോ, ആദ്ധ്യാത്മിക

---

x 8 Lallemand op., Vol. 11, P 94

ങ്ങളൊ ആയ പരോപകാരപ്രവൃത്തികളുടെ നിർവ്വഹണത്താൽ, ഒരു പാപിക്കു സ്വന്തം പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം, യഥാർത്ഥമാണെന്നു പ്രത്യക്ഷപ്പെടുത്തുവാൻ അവസരം ലഭിക്കുന്നു. ഇതത്രെ കത്തോലിക്കാസഭയുടെ ആദർശം. സഭയുടെ സിദ്ധാന്തങ്ങളിലും പരമ്പരാഗതമായ പഠനങ്ങളിലും, പീഡിതരേയും ദുഃഖിതരേയും സമാശ്വസിപ്പിക്കുകയെന്നതു്, ഒരു പാപി അർഹിക്കുന്നശിക്ഷയിൽ സാരമായ ലാഘവം വരുത്തുന്നതിനുള്ള മാർഗ്ഗങ്ങളിൽ പ്രധാനമായി പരിഗണിക്കപ്പെട്ടിട്ടുണ്ടു്. ഒരു മനുഷ്യൻ സ്വന്ത ആവശ്യംകഴിച്ചു, ബാക്കിയുള്ളതിൽ ഒരു ഭാഗം, സാധുജനങ്ങളെ സംരക്ഷിക്കുന്നതിനായി വിനിയോഗിക്കുമ്പോൾ, അതു ദുഃഖിതരെ ആശ്വസിപ്പിക്കുവാൻ എന്നുള്ള സദുദ്ദേശ്യത്തോടുകൂടി ആയിരിക്കണം. ഉദ്ദേശ്യരഹിതമായ ധർമ്മസഹായം പ്രോത്സാഹനാർഹമല്ല. എന്തുകൊണ്ടെന്നാൽ, അതു ശിക്ഷയെ ലഘുപ്പെടുത്തുകയില്ല.

സഭയുടെധാർമ്മികസഹായം

ഒരിക്കൽ സാധുക്കൾ സംഖ്യാതീതമായിത്തീർന്നപ്പോൾ, ഓരോരുത്തരെക്കുറിച്ചുള്ള ശ്രദ്ധ ആവശ്യമായിരുന്നിട്ടും ചിലപ്പോഴൊക്കെ സഭയ്ക്കു അതു് സാധിക്കാതെ വന്നിട്ടുണ്ടു്. റോമാസാമ്രാജ്യത്തിന്റെ അവസാനകാലത്തു, മതപീഡനാവസരങ്ങളിൽ ചെയ്തിരുന്നതുപോലെ, ഓരോരുത്തരേക്കുറിച്ചും പ്രത്യേകശ്രദ്ധപതിക്കുന്നതിനു സാധിച്ചില്ല. എന്നാൽ സാധുജനസംരക്ഷണത്തിനു് അന്നു സഭയ്ക്കുണ്ടായിരുന്ന മാർഗ്ഗങ്ങളേയും, സംരക്ഷണം ആവശ്യപ്പെട്ടിരുന്ന ആളുകളേയും, താരതമ്യേനവീക്ഷിക്കുന്നപക്ഷം, അന്നത്തെപ്പോലെ മറ്റൊരവസരത്തിലും സഭ സാധുജനസംരക്ഷണം നിർവ്വഹിച്ചിട്ടില്ലായെന്നു, കാണുവാൻ കഴിയും. ഒരു ധനികന്റെ സാമുദായികധർമ്മങ്ങളെക്കുറിച്ചു, സഭ ഒരിക്കലുംനിഷ്കൃഷ്ടമായ നിർവ്വചനം നൽകാതിരുന്നിട്ടില്ല. അപ്രകാരം തന്നെ, ധനികന്മാർക്കു രാഷ്ട്രീയമായും ചില കടപ്പാടുകൾ നിർവ്വഹിക്കാനുണ്ടെന്നുള്ള വസ്തുത അവരെ ഉത്ബോധിപ്പിക്കാതെ, സഭ ഉദാസീനമായികഴിഞ്ഞുകൂടീട്ടുമില്ല. വാസ്തവത്തിൽ ഈ കൃത്യങ്ങൾ അവൾ അജയ്യയായ ഒരു ധാർമ്മികശക്തിയുടെ നിലയിൽ, യഥായഥം നിർവ്വഹിച്ചുപോന്നു.

**പള്ളിമുതൽ പാവപ്പെട്ടവൎക്കു**

പള്ളിവകസ്വത്തുക്കൾ പാവപ്പെട്ടവരുടെ പിതൃധനമായി പരിഗണിക്കപ്പെടണമെന്നായിരുന്നു, ചില സഭാപിതാക്കന്മാരുടെ അഭിപ്രായം. ഈ വിഷയത്തിൽ വി. അഗസ്റ്റീനോസ്സ്, വി. അമ്പ്രോസീസ്സ്, മഹാനായ വി. ഗ്രിഗോറിയോസ്സ ആദിയായ പിതാക്കന്മാർ വളരെ അധികം താല്പൎയ്യം പ്രകാശിപ്പിച്ചിരുന്നുവെന്നും, അവർ അങ്ങനെതന്നെ സിദ്ധാന്തിച്ചിരുന്നുവെന്നും നാം അറിയുന്നുണ്ടു്. നാലാം ശതകത്തിന്റെ അവസാനത്തിലും. അഞ്ചാംശതകത്തിന്റെ ആരംഭത്തിലും, പള്ളിവക സ്വത്തുക്കളിൽ നാലിലൊന്നു സാധുജനസംരക്ഷണത്തിനുവേണ്ടി മാററിവയ്ക്കുന്ന സമ്പ്രദായം നടപ്പിലിരുന്നു. ശിഷ്ടമുള്ളതിൽ ഒരുഭാഗം മെത്രാനും, മറെറാരുഭാഗം വൈദികഅന്തസ്സുകാൎക്കും, ബാക്കിയുള്ളതു് പള്ളിവക സ്വത്തുക്കളുടെ സംരക്ഷണത്തിനുമായി, വിനിയോഗിക്കപ്പെട്ടിരുന്നു. x 9

**സഭയും സംഭാവന**

ഇക്കാലത്തു മാനസാന്തരപ്പെട്ട വിജാതീയരിൽനിന്നും, ചില ധനാഢ്യരിൽനിന്നും വിലയേറിയ ദാനങ്ങൾ സഭ സ്വീകരിക്കുവാൻ തുടങ്ങി. ക്രമേണ ഗവൎമ്മെണ്ടിൽനിന്നു (പാശ്ചാത്യരാജ്യങ്ങളിൽ) ഗ്രാൻറും സഭയ്ക്കു ലഭിച്ചു. ഈ സംഖ്യമുഴവൻ ആശുപത്രികളുടെ ആവശ്യത്തിനു വേണ്ടിയാണു സഭ ചെലവഴിച്ചിരുന്നതു്. ദൈവാലയങ്ങളിൽ സാധാരണയായി നടത്തിവരാറുള്ള പണപ്പിരിവും സാധുജനസംരക്ഷണത്തിനു ആശാസ്യമായ ഒരു മാൎഗ്ഗമായി പരിണമിച്ചു.

**ദശാംശദാനം**

നാലും അഞ്ചും നൂററാണ്ടുകളിൽ ഉണ്ടായിരുന്ന മഹാന്മാരായ മെത്രാന്മാർ, സാധുജനസംരക്ഷണത്തിനുവേണ്ടി എല്ലാവരിൽനിന്നും പത്തിലൊന്നു ദാനമായി ആവശ്യപ്പെട്ടു. എന്നാൽ ആറാംശതകത്തിൽ ഫ്റാൻസിൽ സമ്മേളിച്ച മെത്രാന്മാരുടെ സംഘത്തിൽ വച്ചാണു, ദശാംശതത്വം ഒരു നിയമമായി ആദരിക്കപ്പെട്ടതു്. എ. ഡി. 585-ൽ മാക്കൺ (Macon)

---

x 9 Ulhorn Christian charity in the Early Church, P. 226; Ratzinger, op. cit., p. 121-

എന്ന സ്ഥലത്തു കൂടിയസംഘത്തിൽവച്ചു 'ദശാംശദാനം, ക്രൈസ്തവരുടെ ഒരു ധർമ്മമാണെന്നു്, ആദ്യമായി അവർ പ്രസ്താവിച്ചു. എന്നാൽ അതു പുതിയ പ്രമാണമായിട്ടല്ല; പ്രത്യുത മുൻപേതന്നെ സ്വീകരിക്കപ്പെട്ടിരുന്ന ഒരു ക്രിസ്തീയതത്വത്തിന്റെ വെറും വിശദീകരണം മാത്രമായിരുന്നു. എട്ടാം ശതാബ്ദത്തിൽ ദശാംശദാനം പാശ്ചാത്യസഭയിൽ സർവ്വത്രപ്രചരിച്ചു. [x 10]

**റോമാപട്ടണ വിഭജനം**

തിരുസ്സഭാ ചരിത്രത്തിന്റെ ആരംഭം മുതൽ സാധുജനങ്ങൾക്കായുള്ള ധർമ്മസഹായങ്ങളെ നിയന്ത്രിക്കുവാൻ, റോമാമെത്രാനാണു ഏററം വലിയഭാരം വഹിച്ചിരുന്നതു്. റോമിൽ ധർമ്മസഹായങ്ങളുടെ ശരിയായ വിതരണത്തിനുവേണ്ടി, ക്രമവത്കൃതമായ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. ഉദ്ദേശം നൂറാം വർഷത്തിൽ ഒന്നാമത്തെ ക്ലെമെൻറുപാപ്പാ, റോമാപട്ടണത്തെ ഏഴായി വിഭജിച്ചു എന്നു നാം കണ്ടുവല്ലോ. അവയുടെ ഭരണം ഉയർന്നപദവിയിലുള്ള ഏഴു ശുശ്രൂഷകന്മാരെ (6-ാം പട്ടക്കാരെ) ഏല്പിച്ചു. ഫാബിയൻ പാപ്പാ ആ നഗരത്തെ 14 പ്രവിശ്യകളായി വിഭജിച്ചു. അവയുടെ ഭരണം ഏഴു ആറാം പട്ടക്കാർക്കും ഏഴു അഞ്ചാംപട്ടക്കാർക്കുമായി ഏല്പിച്ചുകൊടുത്തു. ഓരോ പ്രവിശ്യയിലും ഓരോകേന്ദ്രഭവനം ഉണ്ടായിരുന്നു. ആ സ്ഥലങ്ങളിൽധാന്യങ്ങൾ ശേഖരിച്ചു്, അവിടെനിന്നു മററു സ്ഥലങ്ങളിലേക്കു വിതരണം ചെയ്തുവന്നു.

**റോമാമെത്രാന്റെ ദീനാനുകമ്പ**

റോമാമെത്രാസന നഗരിയിലെ സാധുക്കളുടെമേൽ മാത്രമല്ലാ മററു പട്ടണങ്ങളിലുണ്ടായിരുന്ന സാധുക്കളുടെമേലും മാർപ്പാപ്പാക്കു ഉത്തരവാദിത്വമുണ്ടായിരുന്നു. കൊറീന്തിയായിലെ മെത്രാൻ 170-ാം വർഷത്തിൽ റോമിലെ ക്രൈസ്തവർക്കെഴുതിയ ഒരെഴുത്തിൽ, അവരുടെ മെത്രാന്റെ ധർമ്മസഹായ സംരംഭങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്." റോമാക്രിസ്ത്യാനികൾ അവരുടെ മെത്രാന്റെ നിയന്ത്രണത്തിൽ മററു സ്ഥലങ്ങളിലുള്ള സാധുജനങ്ങളെ സഹായിക്കുന്ന

---

x 10 Gasquet D. D- O. S. B. Parish Life in Medieval England; P. 10 11

തിൽ' അത്യന്തം ഉദാരമതികളായി വൎത്തിച്ചിരുന്നു എന്നത്രേ മുൻപ്രസ്താവിച്ച കത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.

അഞ്ചാംശതകത്തിന്റെ ആരംഭത്തിൽ പത്രോസിന്റെ പിതൃധനം വ്യവസ്ഥാപിതമായ ഒരു സ്ഥാപനമായിത്തീൎന്നു.

പത്രോസിന്റെ പിതൃധനം

റോമാമെത്രാനുണ്ടായിരുന്ന സഹായങ്ങളുടെ കേന്ദ്രസ്ഥാനത്തുനിന്നും ഇററലി, സിസിലി, ഡാൽമത്തിയാ, ഉത്തരആഫ്രിക്കാ, ഗോൾ, ആദിയായസ്ഥലങ്ങളിലെ സാധുക്കളെ സഹായിച്ചുപോന്നു. മഹാനെന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന ഗ്രിഗോരി പ്രഥമന്റെ ഭരണകാലത്താണു, (590-604) സാധുജനസംരക്ഷണത്തിൽ പാപ്പായുടെ സൎവ്വകഴിവുകളും പ്രയോഗിച്ചിരുന്നതായി നാം കാണുന്നതു്. മഹാനായ ഈ പാപ്പാ, സാധുസംരക്ഷണത്തിൽ ഒരു സജീവമാതൃകയായി പരിലസിച്ചിരുന്നു. സാധുക്കളോടു അദ്ദേഹത്തിനുള്ള കടമകളെ അദ്ദേഹം ഒരിക്കലും വിസ്മരിച്ചിട്ടില്ല. തന്റെ സമ്പാദ്യത്തിൽ എല്ലാസാധുക്കളേയും ഭാഗഭാക്കുകളാക്കിയിരുന്നു. അന്നു ലോകത്തിലുണ്ടായിരുന്ന മെത്രാന്മാരെയെല്ലാം സാധുക്കളുടെ നേക്കുള്ള അവരുടെ കടമകളെപ്പററി അദ്ദേഹം അനുസ്മരിപ്പിച്ചിരുന്നു. ഈ കടമകളിൽ ഏതെങ്കിലും ഉപേക്ഷകാണിച്ചിരുന്നവരെ കഠിനമായി ശാസിക്കുകയും ചെയ്തിരുന്നു. x 11

ഉദ്ദേശം അഞ്ഞൂറാം (500) വൎഷത്തോടുകൂടി ധൎമ്മസഹായ വിതരണത്തിൽ ഇടവക ഒരു പ്രധാനസ്ഥാപനമായി പ്രത്യക്ഷപ്പെട്ടു. റോമാസാമ്രാജ്യത്തിലെ പള്ളികളിൽ ഭൂരിഭാഗവും പണിയപ്പെട്ടിരുന്നതു് പട്ടണങ്ങളിലായിരുന്നു.

സാധുക്കളുടെ നേക്കുള്ളകടമ

മെത്രാന്റെ നേരിട്ടുള്ള അധികാരത്തിൽ ആയിരുന്നു ആ പള്ളികൾ. ഗോളിലെ നാട്ടിൻപുറങ്ങളിൽ പള്ളികളുടെ സംഖ്യ ക്രമേണ വൎദ്ധമാനമായതോടെ പ്രത്യേകം ഇടവകകൾ സ്ഥാപിതങ്ങളായി. ഈ ഇടവകകളിലെ വികാരിമാൎക്കു മററു കാൎയ്യങ്ങളിൽഎന്നപോലെ, തങ്ങളുടെ അധികാരത്തിൽ പെട്ട സാധുജനങ്ങളുടെ സംരക്ഷണത്തിലും

---

x 11. Prof Dr Wilhelm Liese: Geschichte der Carita

ഉത്തരവാദിത്വം ഉണ്ടായിരുന്നു. ടൂർസിൽ സമ്മേളിച്ച തിരുസംഘത്തിൽവച്ചു ഓരോ ക്രൈസ്തവ വിഭാഗത്തിനും അതിലെ സാധുക്കളെ സംരക്ഷിക്കുന്നതിനുള്ള കടമയുണ്ടെന്നും, ആ കടമ അവരുടെ ബന്ധുമിത്രാദികളിലും ആത്മീയപാലകരിലും ആണു സ്ഥിതിചെയ്യുന്നതെന്നും, പ്രഖ്യാപനം ചെയ്തു. മെത്രാൻ സ്വന്തരൂപതയിലുള്ള സാധുക്കളുടെ ഉത്കർഷത്തിനുള്ള ഉത്തരവാദിത്വം സ്വീകരിച്ചുപോന്നു.

**ആശുപത്രികളുടെ ആരംഭം**

മുൻപ്രസ്താവിച്ചതുപോലെ നാലാം നൂററാണ്ടിന്റെ ആരംഭത്തിൽ "കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്തായിരുന്നു, ആശുപത്രികൾ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്. എല്ലാത്തരത്തിൽപെട്ട രോഗികളെയും ഉദ്ദേശിച്ചായിരുന്നു അവയുടെ ആരംഭം. ഒൻപതും, പത്തും, പതിനൊന്നും ശതാബ്ദങ്ങളിൽ ഈദൃശങ്ങളായ സ്ഥാപനങ്ങളുടെ സംഖ്യ വളരെ വർദ്ധിച്ചു. എന്നാൽ ഇവ മുൻ സ്ഥാപിച്ചിരുന്നതിൽനിന്നു വ്യത്യസ്തങ്ങളായിരുന്നു. മുൻപുണ്ടായിരുന്നവ രോഗികളെ ശുശ്രൂഷിക്കുന്നതിനുള്ള സ്ഥാപനങ്ങൾ മാത്രമെ ആയിരുന്നുള്ളു. എന്നാൽ ഇവയോ പകർച്ചരോഗം ബാധിച്ചവർക്കും ശിശുക്കൾക്കും, അനാഥപ്പൈതങ്ങൾക്കുംവേണ്ടി പ്രത്യേകം പ്രത്യേകമായി സ്ഥാപിക്കപ്പെട്ടിരുന്നു. ഇങ്ങനെ ഈ കാലഘട്ടത്തിൽ സാധുജനസംരക്ഷണം, സാമാന്യം വിപുലമായ തോതിൽ വളർന്നു വന്നു എന്നുപറയാം.

**അതിഥിമന്ദിരങ്ങൾ**

മദ്ധ്യശതകങ്ങളിൽ മറെറാരുവിധ സ്ഥാപനം ആവിർഭവിച്ചു. ജനസാമാന്യത്തിന്റെ തൃപ്തികരമായ പുരോഗതിക്കു അവ അത്യന്തം സഹായകമായിരുന്നു എന്നുപറയാതെ കഴിയുകയില്ല. പഥികന്മാർക്കും, തീർത്ഥയാത്രക്കാർക്കും, സൗകര്യപ്രദമായ വിധത്തിൽ അഭയം അരുളുന്ന അതിഥിമന്ദിരങ്ങളായിരുന്നു അവ, എന്നു പ്രത്യേകം പറയേണ്ടതുണ്ടു്. മനുഷ്യന്റെ അഭിമാനത്തിനും, പൗരുഷത്തിനും വ്രണമേല്ക്കാത്ത വിധത്തിൽ, ജീവിതസൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതു് ഏററവും ആശാസ്യമാണു്. അതു സമുദായശക്തിയുടെ വികാസത്തേയും, വ്യക്തികളുടെ സംസ്കാരത്തേയുമാണു ആശ്രയിച്ചിരിക്കുന്നതു്. പൂർവ്വക്രിസ്ത്യാനികൾ അതിഥിസല്ക്കാരത്തിൽ

അദ്വിതീയരായിരുന്നു എന്നുള്ളതു്, പ്രത്യേകം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അവരെ അനുകരിച്ചു അതിഥികളെ ശുശ്രൂഷിക്കുന്നതിൽ അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്ന സ്ഥാപനങ്ങളാണു് പ്രസ്തുത മന്ദിരങ്ങൾ. ഈ അതിഥിമന്ദിരങ്ങളുടെ കേന്ദ്രസ്ഥാനമായിരുന്നു മെത്രാന്റെ അരമനയെന്നുള്ളതും, പ്രത്യേകം ശ്രദ്ധേയമാണു്.

പതിനൊന്നാം ശതകത്തിലെ യുദ്ധങ്ങളുടെയും അക്രമണങ്ങളുടെയും ഫലമായി, പരുക്കേററ അഭയാർത്ഥികളുടെ സംഖ്യ ഗണ്യമായതോതിൽ വർദ്ധിച്ചു. ഇക്കൂട്ടരെ ഉദ്ദേശിച്ചു ആശുപത്രികൾ സ്ഥാപിക്കേണ്ടതായിവന്നു. 1089-ൽ പിസ്റ്റോറെ (Pistore) എന്ന സ്ഥലത്തുള്ള വി. മാർട്ടിന്റെ വൈദികസംഘം ഒരു ആശുപത്രിസ്ഥാപിച്ചു. വി. ലൂക്കായുടെ ആശുപത്രി എന്ന അഭിധാനത്തിൽ അതു അറിയപ്പെട്ടു. ആരോഗ്യം പ്രാപിക്കേണ്ടവരേയും തീർത്ഥയാത്രക്കാരേയും ആ സ്ഥാപനം മുഖ്യമായി സ്വീകരിച്ചിരുന്നു. അനന്തരം 'വെഴ്സബർഗ്ഗിലെ' മെത്രാൻ മറെറാരു ആശുപത്രി

മററു പലതരം ആശുപത്രികൾ

സ്ഥാപിച്ചു. അതിന്റെ പ്രവർത്തനപരിപാടികൾക്കു വലിയ വ്യത്യാസമുണ്ടായിരുന്നില്ല. തദനന്തരം 1110-ൽ വിൻചെസ്റ്ററിലെ മെത്രാൻ ആ നഗരത്തിൽ വേറൊരു ആശുപത്രിസ്ഥാപിച്ചു. 'റെയിംസ്സിലെ' മെത്രാപ്പോലീത്താ 1201-ൽ ഒരു ആശുപത്രി പണികഴിപ്പിച്ചു. വിൻചെസ്റ്ററിലെ മെത്രാൻ 'സൌത്തു്വാക്കി'ലുള്ള വി. തോമസ്സിന്റെ ആശുപത്രി പൂർത്തിയാക്കിയതു 1121-ൽ ആയിരുന്നു. ഇങ്ങനെ 13-ാം ശതകം വരെ ആശുപത്രികളുടെ സംഖ്യ വർദ്ധമാനമായിവന്നു. മെത്രാന്മാരായിരുന്നു ആശുപത്രികളുടെ സംസ്ഥാപനത്തിനുഹേതുഭൂതർ. എന്നാൽ 13-ാം നൂററാണ്ടിൽ സ്ഥാപിതമായ ആശുപത്രികളിൽ പലതും, 14-ാം നൂററാണ്ടിൽ ഉണ്ടായിരുന്നതിൽ പലതും, ഭക്തജീവിതം നയിച്ചിരുന്ന ചില പ്രത്യേക വ്യക്തികളുടെയൊ, സംഘങ്ങളുടെയൊ വകയായിരുന്നു. ഏതെങ്കിലും വിധത്തിലുള്ള പരോപകാരപ്രവൎത്തികളിൽ വ്യാപൃതരായിരിക്കണമെന്നായിരുന്നു, അക്കാലത്തെ ഭക്തജനങ്ങളുടെ മനോഭാവം. ഈ അഭിലാഷസിദ്ധിക്കു മേൽപറയപ്പെട്ട ആശുപത്രികൾ ഒരുവിധം വഴിതെളിയിക്കയാണുണ്ടായതു്. സഹൃദയ

രായ 'ഗിൽഡു'കാർ' ഈദൃശസ്ഥാപനങ്ങളെ സാരമായി സഹായിച്ചിട്ടുണ്ട്. അന്നത്തെ മുൻസിപ്പാലിററികളും, ഓരോതരത്തിലുള്ള സഹായങ്ങൾകൊണ്ടു ആശുപത്രികളെ പുലത്തിവന്നിരുന്നു എന്നു, ചരിത്രം ഉത്ഘോഷിക്കുന്നു. തന്നിമിത്തം, ഏതൽസ്ഥാപനങ്ങളുടെ ജനയിതാക്കൾ അവയുടെ ഭരണം മുൻസിപ്പാലിററികൾക്കു നൽകിയിരുന്നതായി നമുക്കു കാണ്മാൻ കഴിയും x 12 ഇങ്ങനെ സാധുജനസംരക്ഷണപരമായ സ്ഥാപനങ്ങൾ പലതും പ്രാദേശികഭരണസമിതികളുടെ നിയന്ത്രണത്തിനു വിധേയമായിത്തീൎന്നു.

**ത്യാഗബുദ്ധികളുടെ ധീരസേവനം**

കത്തോലിക്കാസഭയിൽ പരോപകാരപ്രവൃത്തികൾ നാനാമുഖമായി വളൎന്നു. പലരുടെയും ത്യാഗപൂൎവ്വകമായ സേവനങ്ങൾകൊണ്ടു അവ അഭിവൃദ്ധിപ്പെട്ടു. ഇക്കൂട്ടത്തിൽ ആശുപത്രികളുടെ വളർച്ചക്കു ത്യാഗബുദ്ധികളായ പല സ്ത്രീപുരുഷന്മാരുടെയും സേവനം സഭക്കു അവശ്യം ആവശ്യമായിത്തീൎന്നു. സാധുസംരക്ഷണാൎത്ഥം സ്വജീവനെപ്പോലും ഹോമിക്കുവാൻ സന്നദ്ധതയുള്ളവരെ, സഭ ആഹ്വാനം ചെയ്തു. അവശരേയും അനാഥരേയും രോഗികളേയും ശുശ്രൂഷിക്കുന്നതിനു, ആയുസ്സുശേഷം ബലിഅൎപ്പിക്കുവാൻ സഭ യുവജനങ്ങളെ പ്രേരിപ്പിച്ചു. ത്യാഗബുദ്ധികളായ പല സ്ത്രീപുരുഷന്മാരും ആ രംഗത്തു അണിനിരന്നു പൂൎവ്വോക്തങ്ങളായ പല സ്ഥാപനങ്ങളുടെയും തണൽപററി അവർ ആജീവനാന്തം യത്നിച്ചു. അല്ല, ധീരധീരങ്ങളായ സേവനങ്ങൾതന്നെ അനുഷ്ഠിച്ചു. ആത്മത്യാഗികളായ ധൎമ്മഭടന്മാർ സ്ത്രീപുരുഷഭേദമെന്യേ അഹമഹമികയാ മുന്നിട്ടുനിന്നു സാധുസംരക്ഷണം നിൎവ്വഹിച്ചു. ഇങ്ങനെ ത്യാഗബുദ്ധികളായി മുന്നോട്ടുവന്ന സ്ത്രീപുരുഷന്മാർ, കാലാന്തരത്തിൽ ഓരോ പ്രത്യേകസഭ രൂപവല്ക്കരിച്ചു.

**സന്യാസസഭകളുടെ ഉത്ഭവം**

മുനിസിപ്പൽ അധികാരികളുടെ ഭരണത്തിനു ഏല്പിക്കപ്പെട്ടിരുന്ന ആശുപത്രികളിലും ത്യാഗബുദ്ധികളായവർ തിങ്ങിക്കൂടി. സേവനസന്നദ്ധരായ യുവതീയുവാ

---

x 12. Lallemand. op. Cit Vol 1, P 40--75

ക്കന്മാരുടെ സമൂഹങ്ങൾ ഓരോന്നായിതിരിഞ്ഞു, ഓരോവക പ്രത്യേകസേവനങ്ങൾ ആചരിച്ചുതുടങ്ങി. സർവ്വസംഗപരിത്യാഗികളായ അവരുടെ സേവനം, അത്യന്തം ആത്മാർത്ഥവും ആദർശപരവുമായിരുന്നു. ഇങ്ങനെ സ്ഥാപിതങ്ങളായ സന്യാസസമൂഹങ്ങൾ ആരംഭത്തിൽ പ്രാദേശികങ്ങളായിരുന്നെങ്കിലും, 12-ാം നൂററാണ്ടിന്റെ അവസാനത്തിലും 13-ാം നൂററാണ്ടിന്റെ ആരംഭത്തിലും, അവ സാർവ്വത്രികങ്ങളായിത്തീർന്നു. ആശുപത്രികളിലും, മററു പരോപകാരസ്ഥാപനങ്ങളിലും അഭയം തേടിയിരുന്ന സാധുക്കളെ സഹായിക്കുക, എന്നതായിരുന്നു അവരുടെ പ്രധാനജോലി.

**പരിശുദ്ധാത്മാവിന്റെസഹോദരന്മാർ**

12-ാം ശതകത്തിന്റെ അവസാനത്തിൽ സ്ഥാപിതമായ 'പരിശുദ്ധാത്മാവിന്റെ' സഹോദരന്മാർ എന്ന സന്യാസസഭ, മേൽപറയപ്പെട്ട സമൂഹങ്ങളിൽ ഒന്നാണ്. യഥാർത്ഥമായ സഹോദരത്വം എങ്ങനെ പ്രാവർത്തികമാക്കാമെന്നു ആദർശപരമായി ഈ സഭ തെളിയിക്കുന്നു. മനുഷ്യജീവിതത്തിൽ സാഹോദര്യത്തിനുള്ള സ്ഥാനം എന്താണെന്നു കാണിക്കുകയും, ക്ലേശമനുഭവിക്കുന്ന ലോകത്തിനു സാഹോദര്യത്തിന്റെ നാമത്തിൽ എന്തെല്ലാം ചെയ്യുവാൻ സാധിക്കും എന്നു പ്രസ്തുത സഭ ഉദാഹരിക്കയും ചെയ്യുന്നു. ഇപ്പോൾ ഈ സഭയുടെ സേവനം ലോകത്തിന്റെ നാനാഭാഗങ്ങളിലും ലഭിക്കുന്നുണ്ട്.

**ആശുപത്രിക്കാർ അഥവാ വി. യോഹന്നാന്റെ ഭടന്മാർ**

12-ാം നൂററാണ്ടിന്റെ അന്തിമദശയിൽ തന്നെ സ്ഥാപിതമായ മറെറാരു സംഘമാണ്, ആശുപത്രിക്കാർ അഥവാ വി. യോഹന്നാന്റെ ഭടന്മാർ എന്നപേരിൽ അറിയപ്പെടുന്നതു്. ആതുരസേവനമാണ് ഇവരുടെ ധർമ്മം. ആരോഗ്യരഹിതരായി, ആശ്വാസഹീനരായി കഴിഞ്ഞുകൂടുന്ന സാധുലോകത്തിനു, പ്രത്യാശയും ആശ്വാസവും നൽകി രോഗത്തിന്റെയും നിരാശയുടെയും ആഴത്തിൽ നിന്നു സമുദ്ധരിച്ചു സാധുലോകത്തെ സഹായിക്കുക എന്നുള്ളതാണു ഈ ഭടന്മാരുടെ കൃത്യം. യൂറോപ്യൻ രാജ്യങ്ങളിൽ ഈ സഭയ്ക്കു വളരെ അധികം പ്രവർത്തിക്കുവാൻ ഇതഃപര്യന്തം സാധിച്ചിട്ടുണ്ട്. കുരിശുയുദ്ധഭടന്മാരി

ൽ ഉണ്ടായിരുന്ന ആദർശപരമായ സേവനത്തിൻെറ അത്യപിയുടെ പരിണതഫലമാണ, പ്രസ്തുത സഭയെന്നു പറയുന്നതു്. ഏററവും അൎത്ഥവത്തായിരിക്കും.

ഗ്രേനൺസ്

13-ാംനൂററാണ്ടിൻെറ ആരംഭത്തിൽ സ്ഥാപിതമായ ഒരു സഭയാണ ഗ്രേനൺസ് എന്ന പേരിൽ അറിയപ്പെടുന്നതു്. ഇപ്പോൾ ജൎമ്മനിയിൽ ,എലിസബത്തേറിയൻ, എന്നും ഫ്റാൻസിൽ ഗ്രേനൺസുഎന്നും ഉള്ള നാമധേയങ്ങളിൽ ഈ സഭ അറിയപ്പെടുന്നു. ഫ്റാൻസു്, ജൎമ്മനി, ഇററലി എന്നീ രാജ്യങ്ങളിൽ ഈ സഭയ്ക്കുപ്രചുരമായ പ്രചാരം സിദ്ധിച്ചിട്ടുണ്ടു. സാധുസേവനമാണ ഇവരുടെ ആദൎശം. ഇതഃപൎയ്യന്തം ഈ സഭ നിൎവ്വഹിച്ചിരിക്കുന്ന സേവനങ്ങൾക്കു കണക്കില്ല. നിരവധി സാധുലക്ഷങ്ങളെ ദാരിദ്ര്യത്തിൻെറയും അജ്ഞതയുടെയും ക്രൂരിരുളിൽനിന്നു ഇവൎക്കുമോചിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നാണ, ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നതു്.

വിയന്നായിലെ വി. അന്തോനീസിൻെറ സഭ

13-ാം നൂററാണ്ടിൻെറ ആരംഭത്തിൽതന്നെ സംസ്ഥാപിതമായ മറെറാരു സഭയാണ 'വി. അന്തോനീസിൻെറ സഭ, ത്യാഗത്തിൻെറയും വിശുദ്ധിയുടെയും അമലസുമങ്ങൾ ലോകത്തിൽ പ്രതിഫലിപ്പിച്ചു, ജനതയിൽ സാഹോദൎയ്യം പുലൎത്തി, സാധുസേവനം അനുഷ്ഠിക്കണം എന്നതാണ, ഈ സംഘത്തിൻെറ ആദൎശം. ജീവകാരുണ്യത്തിൻെറ നീരുറവകളെ ലോകത്തിൽ എവിടെയും പ്രവഹിപ്പിക്കുന്നതിനാണ, ഈ സഭക്കാർ ഉദ്യമിക്കുന്നതു്. സാധുജനതയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനു ഈ ധൎമ്മസംഘം സന്നദ്ധമാണ. പാശ്ചാത്യരാജ്യങ്ങളിൽ ഈ സഭയുടെ പ്രവൎത്തനങ്ങൾ തുടൎന്നുപോരുന്നു.

അലക്സ്യൻ സഹോദരന്മാർ

മേൽപറഞ്ഞ കാലഘട്ടങ്ങളിൽ ഈ സന്യാസ സമൂഹം ആവിർഭവിച്ചു. ഇതു് ആരംഭത്തിൽ ഒരു 'അൽമായ' സമൂഹമായിരുന്നു. ഇതു 1458-ാം വൎഷത്തിൽ ഒന്യാസസമൂഹമായി പരിണമിച്ചു. മരിച്ചവരെ സംക്കുക എന്നുള്ളതായിരുന്നു, ആദിമകാലത്തു ഇവർ ചെന്നപരോപകാരപ്രവൃത്തി. അനന്തരംആശുപത്രിശുശ്രൂഷ

മാത്രം ഇവർ ഏല്പെട്ടു. 1868-ൽ മാത്രമെ ഈ സഭയ്ക്കു ഐ
ക്യനാട്ടുകളിൽ പ്രവേശനം ലഭിച്ചുള്ളു. പിന്നീടു ഈ സഭ
മുഖാന്തരം ലോകത്തിന്റെ നാനാഭാഗങ്ങളിലും അനേകം
ആശുപത്രികൾ സ്ഥാപിതങ്ങളായിട്ടുണ്ടു. ത്യാഗവും സേവന
വുമാണു ഇവരുടെ മുദ്രാവാക്യങ്ങൾ x 13

ആശുപത്രിഭരണത്തെ സംബന്ധിച്ചിടത്തോ
ആശുപത്രിക ളം, 13-ാം നൂററാണ്ടിന്റെ അവസാനഘട്ട
ളിലെഅഴിമതി ത്തിലും 14-ാം നൂററാണ്ടിന്റെ ആരംഭഘട്ട
ത്തിലും പലതരത്തിലുള്ള അഴിമതികൾ
അവയിൽ നുഴഞ്ഞുകയറി. അലസന്മാരും അജ്ഞന്മാരുമായ
അൽമായരുടെയും, വൈദീകരുടെയും ഭരണം അവയുടെ പു
രോഗതിക്കു ബാധകമായിത്തീന്നു് ആശുപത്രിയിലെ ആദാ
യം സ്വന്തം ആവശ്യത്തിന്നായി അവർ ഉപയോഗിച്ചു. മാത്ര
മല്ല, ആശുപത്രിയിലെ പല ജോലികൾക്കായി ശമ്പളക്കാരെ
നിയമിച്ചു. ആ വഴിക്കും ചില വൈകല്യങ്ങൾ കടന്നുകൂടി.
ഇങ്ങനെ ഈ സ്ഥാപനത്തിന്റെ നടത്തിപ്പിൽ ചില കളങ്ക
ങ്ങൾ കണ്ടുതുടങ്ങിയപ്പോൾ, അന്നുണ്ടായിരുന്ന തിരുസ്സഭാപ
ണ്ഡിതന്മാർ അവയെ നിശിതമായി വിമർശിച്ചു. പല പ്രമു
ഖന്മാരും അവയെ ശക്തിയുക്തം അപലപിക്കുകതന്നെ ചെയ്തു.
വി. ബെർണ്ണാർദ്ദ് ഈ അഴിമതികളെ ദൈവദ്രോഹപരമാ
യ കവർച്ചയെന്നാണു്, നാമകരണം ചെയ്തിരുന്നതു്.
1311-ൽ റവേന്ന എന്ന സ്ഥലത്തു സമ്മേളിച്ച തിരുസംഘ
ത്തിൽവച്ചു, മേലാൽ ആശുപത്രിഭരണം സന്യാസികളെ ഏ
ല്പിക്കേണ്ടതാണെന്നു തീരുമാനിച്ചു. ആയുസ്സുശേഷം പരോപ
കാരാർത്ഥം ബലി അർപ്പിക്കാൻ കഴിയുന്ന സന്യാസികളുടെ
ഭരണംമൂലംമാത്രമെ, ആശുപത്രികളിൽ നുഴഞ്ഞുകയറിയിരി
ക്കുന്ന അഴിമതികൾ ഒഴിഞ്ഞുപോകയുള്ളു എന്നു, ആ തിരു
സ്സംഘം മനസ്സിലാക്കി. അന്നു പരിശുദ്ധസിംഹാസനത്തെ
അലങ്കരിച്ചിരുന്ന ക്ലെമന്റു പഞ്ചമന്റെ അനന്തരഗാമി
യായ 22-ാം യോഹന്നാൻ മാർപ്പാപ്പാ അതിനെ സംബന്ധിച്ചു
1911-ൽ ഒരു പ്രഖ്യാപനംതന്നെ ചെയ്യുകയുണ്ടായി. 'ക്ലമ
ന്റൻ നിയമങ്ങൾ എന്നറിയപ്പെടുന്ന ആ വിളംബരത്തിൽ

---

x 13 John A Ryan: art in catholic Encoclopecdia Vol lllp509

അശ്രുപത്രിഭരണം പ്രത്യേകമായി പരാമശിക്കപ്പെട്ടിരുന്നു. പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവക്കും, സത്കീത്തിയുള്ളവക്കും മാത്രമേ, മേലാൽ അശ്രുപത്രിഭരണം നൽകാവൂ എന്നു അതിൽ നിർദ്ദേശിച്ചിട്ടുണ്ടു്. മാത്രമല്ല, അശ്രുപത്രിഭരണം സ്വീകരിക്കുന്ന ഏവരും തങ്ങളുടെ ജോലിയെ സംബന്ധിച്ചുള്ള ഒരു വാഷികറിപ്പോർട്ടു മെത്രാനോ സ്ഥലത്തെ മുൻസിപ്പാലിററിക്കൊ സമപ്പിക്കണമെന്നും നിഷ്കൃഷിച്ചിട്ടുണ്ടു്. x 14

അനാഥശിശുക്കളുടെസംരക്ഷണം

പത്തും പതിനൊന്നും പന്ത്രണ്ടും നൂററാണ്ടുകളിൽ പാപ്പാമാരും. തിരുസംഘങ്ങളും, അനാഥശിശുക്കളുടെ സംരക്ഷണത്തിൽ അത്യന്തം ശ്രദ്ധാലുക്കളായിവത്തിച്ചു, ശിശുക്കളെ പരിത്യജിക്കുന്നതിൽ അവർ കഠിനമായ പ്രതിഷേധം പുറപ്പെടുവിച്ചു. ഇപ്രകാരം ശിശുപരിത്യാഗം ചെയ്യുന്ന അപരാധികൾക്കു കഠിനശിക്ഷകൾതന്നെ നൽകിയിരുന്നു. പരിത്യക്തരായ ധാരാളം ശിശുക്കളെ അശ്രുപത്രികളിൽ സ്വീകരിക്കാൻ തുടങ്ങി. എന്നാൽ ശിശുസംരക്ഷണത്തിനു അവശ്യം വേണ്ട സൗകര്യങ്ങൾ തങ്ങൾക്കില്ലെന്നു അശ്രുപത്രികളുടെ ഭാരവാഹികൾ വിചാരിക്കാതെയിരുന്നില്ല. അനാഥരും പരിത്യക്തരുമായ ശിശുക്കളുടെ സംരക്ഷണത്തിനു അശ്രുപത്രികൾ ഒരു പ്രധാനരംഗമായിത്തീരണമെന്നായിരുന്നു, തൽപ്രവത്തകന്മാരുടെ ഉദ്ദേശ്യം. കൂടാതെ മററുപല സ്ഥാപനങ്ങളും, സാധുസംരക്ഷണം, ജീവിതപ്രമാണമായിക്കരുതിയിരുന്നു. എന്നാൽ ട്രോയിസ്സിലുള്ള ഹോട്ടൽ ദിയുദേകോമിറേറദേ,

ഒരു സ്ഥാപനത്തിൻെറ നിർദ്ദേശം

ട്രോയിസ് (Hote lDiewde- Comite de Jaovlo) എന്ന സ്ഥാപനത്തിൻെറ നിർദ്ദേശങ്ങളിൽ ഒന്നു ഇവിടെ പ്രസ്താവ്യമാണു. "ഉൽസൃഷ്ടശിശുക്കളെ ഞങ്ങൾ ഞങ്ങളുടെ സ്ഥാപനത്തിൽ സ്വീകരിക്കുന്നില്ല. അങ്ങനെ സ്വീകരിക്കാൻ തുടങ്ങിയാൽ അവരുടെ സംഖ്യ ഞങ്ങളുടെ കഴിവുകളെ അധഃകരിക്കും. മാത്രമല്ല, ഇതു് ഞങ്ങളെക്കാൾ കൂടുതലായി

---

x 14 Lallemand: op. cit., 1, P. 108.

നിർവ്വഹിക്കാൻ കടപ്പെട്ടിരിക്കുന്നതു്, ഇടവകപ്പള്ളികളാണു." ഇതേ നിർദ്ദേശംതന്നെ ആൻജിയേഴ്സിലുള്ള വി. യോഹന്നാൻെറ നിയമ സാഹിതകളിൽ കാണുന്നുണ്ടു് എന്നാണു് ലാല്ലിഹാൻസിൻെറ അഭിപ്രായം. പാരീസിലുള്ള പരിശുദ്ധാത്മാവിൻെറ ആശുപത്രിയിൽ നിയമാനുസൃതമായ വിവാഹബന്ധത്തിൽനിന്നും ജനിച്ച ശിശുക്കളെ മാത്രമെ സ്വീകരിക്കയുള്ളു എന്നു തീരുമാനിച്ചു. മററുള്ള ആശുപത്രികൾ അവിടെക്കിടന്നു മരിച്ച തള്ളമാരുടെ ശിശുക്കളെ മാത്രമെ സംരക്ഷിക്കുകയുള്ളു എന്നും, നിശ്ചയിച്ചു. x 15

**അനാഥശിശുക്കളും ചരിത്രസാക്ഷ്യവും**

എന്നാൽ ഉൽസൃഷ്ടശിശുക്കളെ ഉദ്ദേശിച്ചുള്ള പ്രത്യേകസ്ഥാപനങ്ങൾ 14-ാംനൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ ഉണ്ടായിരുന്നു എന്നുള്ളതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. ജർമ്മനിയിൽ അനാഥശിശുക്കളെ ഉദ്ദേശിച്ചുള്ള സ്ഥാപങ്ങൾ, ഉൽസൃഷ്ടശിശുക്കളെ ഉദ്ദേശിച്ചുള്ള സ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തങ്ങളായിരുന്നു എന്നാണു കാണുന്നതു്. ആറാമത്തെ ക്ലെമെൻറു മാർപ്പാപ്പാ എട്ടാമത്തെ ഇന്നൊസെൻറു മാർപ്പാപ്പാ എന്നീ തിരുമേനിമാർ, ഉൽസൃഷ്ടശിശുക്കളുടെ സംരക്ഷണത്തെ ഉദ്ദേശിച്ചു പല സ്ഥാപനങ്ങളും പണികഴിപ്പിക്കുന്നതിനും, പ്രത്യേകം ഉത്സാഹം പ്രദശിപ്പിച്ചിരുന്നു എന്നു കാണുന്നുണ്ടു്. 16 x

മധ്യശതകങ്ങളിലെ സ്ഥാപനങ്ങളിൽ സ്വീകരിക്കപ്പെട്ട ശിശുക്കളെ സംരക്ഷിക്കുന്നതിനു്, പ്രത്യേക പരിശീലനം സിദ്ധിച്ച ധാത്രിമാരെ തെരഞ്ഞെടുത്തു നിയമിച്ചിരുന്നു

**ധാത്രിമാർ**

ഈ ജോലി ചെയ്യുന്നവൎക്കു സാരമായ ഒരു പ്രതിമാസശമ്പളം തന്നെയുണ്ടായിരുന്നു. പതിനഞ്ചോ പതിനെട്ടോ മാസങ്ങൾക്കുശേഷം പ്രസൂതശിശുക്കൾ തങ്ങളുടെ സ്ഥാപനങ്ങളിലേക്കു മടങ്ങിപ്പോകും. ഏതാണ്ടു പത്തുവയസ്സു പ്രായമാകുന്നതുവരെ അവിടെ താമസിക്കും. അനന്തരം അവരെ വിശ്വസനീയരായ വ്യവസായവിദഗ്ധന്മാരെ ഏല്പിക്കും. അവരുടെ ചുമതലയിൽ തൊഴിൽ

---

x 15 Lallemaud: op. p 138-139
x 16 Ibid: P- 139 Ratzinger: op Cit P: 351

പരമായ അഭ്യസനങ്ങൾ നൽകി ആ ശിശുക്കളെ ഉത്തമ ജീവിതനിർവ്വഹണത്തിനു യോഗ്യതയുള്ളവരാക്കിത്തീർക്കും x17

**അധ്യാപകന്മാരുടെ തെരഞ്ഞെടുപ്പും മാതാപിതാക്കന്മാരുടെ ചുമതലയും**

കുട്ടികൾക്കു തൊഴിൽപരമായ അഭ്യസനങ്ങൾ നൽകുന്നതിനു അവരെ ആരുടെ പക്കൽ ഏല്പിക്കുന്നുവൊ, ആ അദ്ധ്യാപകന്മാരെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ അന്നത്തെ നേതാക്കന്മാർ അസാമാന്യ ശ്രദ്ധ പതിച്ചിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രെ. അദ്ധ്യാപകർ സൽസ്വഭാവമുള്ളവരും, മതതീക്ഷ്ണതയുള്ളവരും, ആയിരിക്കണമെന്നു നിഷ്കർഷിക്കപ്പെട്ടിരുന്നു. പരിശീലനാർത്ഥം തങ്ങളുടെ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്ന പൈതങ്ങളെ പുത്രനിർവിശേഷം പരിഗണിക്കണമെന്നായിരുന്നു വ്യവസ്ഥ. ഇങ്ങനെ തങ്ങളുടെ സംരക്ഷണാർത്ഥം ആശ്രുപത്രിയിലേക്കു അയക്കുന്ന മാതാപിതാക്കന്മാർക്കും, അവരുടെനേർക്കു സാരമായ കടപ്പാടുണ്ടായിരുന്നു. അവർ യഥാശക്തി തങ്ങളുടെ ശിശുക്കളെ സഹായിക്കണം എന്നുള്ളതായിരുന്നു ആ കടമ. ഈ ചുമതലയിൽ നിന്നു ഒഴിയുവാൻ അവർക്കു സാധിച്ചിരുന്നില്ല. ഈ ധർമ്മനിർവ്വഹണത്തിൽനിന്നു വ്യതിചലിക്കുന്ന മാതാപിതാക്കന്മാർക്കു പാപമോചനം നൽകാൻ വൈദികർക്കു അനുവാദമുണ്ടായിരുന്നില്ല. x 18

**യാചക വർദ്ധനവിനു കാരണം**

അന്നത്തെ ആശ്രുപത്രികളിൽനിന്നും ആശ്രമങ്ങളിൽനിന്നും ചെയ്തുവന്നിരുന്ന അവിവേകപൂർവ്വമായ ധർമ്മസഹായങ്ങളാണു യാചകരുടെ സംഖ്യവർദ്ധമാനമാക്കിയതെന്നു ചിലആധുനിക ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നുണ്ടു. എന്നാൽ വാസ്തവത്തിൽ അതു അങ്ങനെ ആയിരുന്നില്ല. അക്കാലത്തെ ചില പ്രത്യേക സാമൂഹ്യവ്യവസ്ഥകളുടെ പരിണതഫലമായിരുന്നു അതു് എന്നാണു സൂക്ഷ്മനിരീക്ഷകന്മാരായ മറ്റു ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നതു്.

**തിരുസ്സഭയുടെ നിഷ്കർഷ**

ഓരോ വ്യക്തിയും ഉപജീവനാർത്ഥം എന്തെങ്കിലും വൃത്തിയിൽ ഏർപ്പെട്ടിരിക്കണമെന്നു സഭ നിഷ്കർഷിച്ചിരുന്നു. വേലയുടെ വിശു

---

x 17, 18. Lallemand: op. Cit p 150-151

ദ്ധിയേയും, മാഹാത്മ്യത്തേയും ആദരിച്ചു മാത്രമെ, കത്തോലിക്കാസഭ ജനതയെ പഠിപ്പിച്ചിട്ടുള്ളു. എല്ലാമനുഷ്യരും ഏതെങ്കിലും തൊഴിലുകളിൽ വ്യാപൃതരായിരിക്കണമെന്നുള്ളതു്, അനിഷേധ്യമായ ഒരാവശ്യമാണല്ലൊ. സമുദായത്തിൻെറ ശക്തിയെ അതു വദ്ധിപ്പിക്കുകയും, പരിപാവനമായി സൂക്ഷിക്കുകയും ചെയ്യുന്നു. മാത്രമല്ല പലവിധ നാശങ്ങളിൽനിന്നും ഒഴിഞ്ഞു വത്തിക്കുന്നതിനു മനുഷ്യനു അതു അത്യന്തം സഹായകവും ആയിരിക്കും. ഈ കാരണങ്ങളാൽ ഉപജീവനമാൎഗ്ഗം അന്വേഷിക്കുന്ന വിഷയത്തിൽ സഭ ഓരോവ്യക്തിയേയും ഉണത്തുകയും നിർബന്ധിക്കുകയും ചെയ്തിരുന്നു. ക്രിസ്തുവിൻെറയും അവിടുത്തെ പ്രേഷിതന്മാരുടെയും ജീവിതാദശം തന്നെയാണു, ഏതദ്വിഷയത്തിൽ ജനതയ്ക്കു പ്രേരകമായിരുന്നതു്. ക്രിസ്തു ഒരു മരപ്പണിക്കാരൻെറ മകനും, പ്രേഷിത പ്രവീണനായ വി. പൗലോസു് കൂടാരം പണിയുന്നവനും, വി. പത്രോസു ഒരു മുക്കുവനും, ആയിരുന്നു. യഥാത്ഥത്തിൽ ഇവർ ലോകത്തിനു പരിശ്രമത്തിൻെറ മാതൃകകളാണു നൽകിയിരിക്കുന്നതു്. തദ്വാരാ, ജനങ്ങൾ സ്ഥിരോത്സാഹികളായി! കാഠിന്യമേറിയ പ്രയത്നങ്ങൾക്കുപോലും അവർമുതിർന്നു. സ്വകാര്യസ്വത്തുക്കളും പ്രത്യേക സമ്പാദ്യങ്ങളും അവർ കാംക്ഷിച്ചു. അന്യന്മാരുടെ പ്രയത്നഫലത്തിൽ ഭാഗഭാക്കുകളായി, അതുകൊണ്ടുമാത്രം ജീവിതസൗഭാഗ്യം പ്രാപിക്കാൻ കാംക്ഷിച്ച അലസന്മാരെ, സഭ വെറുത്തു. അത്തരക്കാരെ സമുദായാന്തരീക്ഷത്തിൽനിന്നു ബഹിഷ്കരിക്കാൻ തന്നെയും, അന്നത്തെ മേധാവികൾ ഉദ്യമിക്കാതിരുന്നില്ല. സഭ ഇവരെ നിശിതമായി ശാസിച്ചിട്ടുണ്ടു്. അതിനാൽ തിരുസ്സഭയിലുള്ള ധമ്മസ്ഥാപനങ്ങളിൽ ഒന്നെങ്കിലും യാചകരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അതു സഭയുടെ ആദശങ്ങൾക്കു കടക വിരുദ്ധമാണു്. ഇതു വിവാദരഹിതമായ ഒരു വസ്തുതയാണെന്നു, വിജ്ഞാനികൾ സമ്മതിക്കതന്നെ ചെയ്യും. ഉപകാരപ്രദമായ ഏതെങ്കിലും തൊഴിലിൽ ഏൎപ്പെടാതെ, അലസന്മാരായി അലഞ്ഞുതിരിയുന്ന ഭിക്ഷുക്കളെ യാതൊരുവിധത്തിലും പ്രോത്സാഹിപ്പിക്കരുതെന്നായിരുന്നു. മദ്ധ്യശതകങ്ങളിലെ പ്രേഷിതർ തീക്ഷ്

ണമായി ഉപദേശിച്ചിരുന്നതു്. കേവലം രോഗാതുരന്മാരെ മാത്രമെ അന്നത്തെ ആശുപത്രികളിൽ സ്വീകരിച്ചിരുന്നുള്ളു. മററുള്ളവരെ സ്വീകരിക്കാതിരിക്കാൻവേണ്ടി, സാധാരണ മാർഗ്ഗങ്ങൾ എല്ലാംതന്നെ ഉപയോഗിച്ചിട്ടുണ്ടു് x 19

---

# ഭാരതത്തിലെ ക്രൈസ്തവ സേവനം

---

**തോമാശ്ലീഹായുടെ മണിസൗധം**

ക്രിസ്ത്വാബ്ദം 52-ാം മാണ്ടു തോമാശ്ലീഹാ കേരളക്കരയിൽ വന്നു. ഭാരതഭൂമിയിൽ ക്രൈസ്തവമണിദീപം കൊളുത്തുന്നതിനു ദൈവത്താൽ നിയുക്തനായിരുന്നു വി. തോമാശ്ലീഹാ. ഗുണ്ടഫർ രാജാവിനു ഒരു മണിസൗധം നിർമ്മിക്കുന്നതിനുള്ള ഒരു ശില്പിയുടെ നിലയിലാണല്ലൊ അദ്ദേഹം കേരളത്തിൽ വന്നതു്. തൻെറ അനന്യസാധാരണമായ പ്രാഭവത്തിനു അനുയോജ്യമായ ഒരു വിശിഷ്ടമന്ദിരം നിർമ്മിക്കുവാൻ ഗുണ്ടഫർ വി. തോമാശ്ലീഹായോടു ആവശ്യപ്പെട്ടു. അതനുസരിച്ചു ലോകോത്തരമായ ഒരു സൗധം പണികഴിക്കാൻ വി. ശ്ലീഹാ സന്നദ്ധനായി. തനിക്കു അതിനു വേണ്ട എല്ലാവിധകഴിവുകളും സംസിദ്ധമാണെന്നു ശ്ലീഹാ ഗുണ്ടഫറിനെ ധരിപ്പിച്ചു. പണിവകയ്ക്കു ഒരു വലിയ സംഖ്യ സ്വർണ്ണനാണയമായി അദ്ദേഹം ഗുണ്ടഫറിനോടുവാങ്ങി. എന്നാൽ വി. ശ്ലീഹാ പ്രസ്തുത സംഖ്യ മുഴുവനും സാധുജനങ്ങളുടെ മുട്ടുപാടുനോക്കി അവക്കു വിതരണം ചെയ്തു, അവക്കു വിജ്ഞാനവും ശാന്തിയും നല്കി. ദാരിദ്ര്യത്തിൻെറ കരാളദംഷ്ട്രങ്ങൾക്കിടയിൽ അകപ്പെട്ടു എരിപൊരികൊണ്ട സാധുസഹോദരങ്ങളെ സമുദ്ധരിക്കാൻ അദ്ദേഹം ധനം മുഴുവൻ വിനിയോഗിച്ചു. അവരുടെ ദീനരോദനങ്ങൾ ശ്രവിച്ചു അദ്ദേഹം അലിവുകൊണ്ടു, മധുരമേറിയ സാന്ത്വനവചനങ്ങൾ ചൊരിഞ്ഞു ആ വിശുദ്ധൻ സാധുലക്ഷങ്ങളെ അവശതയിൽ നിന്നും അകററി മാത്രമല്ല. ആദ്ധ്യാത്മിക പരമസൗധത്തി

---

x 19. Ibid: Vol. III. Chap. II.

ലേക്കു ഉയരുന്നതിനുള്ള സന്മാർഗ്ഗബോധവും ജനതയിൽ ഉത്ഭൂതമാക്കി. ഏവംവിധം ക്രിസ്തുനാഥൻെറ മണിദീപത്തിൻെറ സന്നിധിയിലേക്കു വി. ശ്ലീഹാ ജനതയെ ആനയിച്ചു. അങ്ങനെ നാളുകൾ വളരെ കഴിഞ്ഞു. ഗുണ്ടഫർ പുതിയ ഹർമ്മ്യത്തെപ്പററി അന്വേഷിച്ചു. അതിൻെറ യാതൊരു പണിയും നടന്നിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹം ക്ഷോഭിച്ചുവശായി, വി. ശ്ലീഹായെ കാരാഗൃഹത്തിൽ ബന്ധിച്ചു. എന്നാൽ സൗധത്തിൻെറ പണിതീർന്നിട്ടുണ്ടെന്നും, അതു ഏററവും തേജോമയമായ ഒന്നാണെന്നും വി. ശ്ലീഹാ രാജസന്നിധിയിൽ മൊഴികൊടുത്തു. രാജാവു അതവിശ്വസിച്ചു, വി. ശ്ലീഹായെ വധിക്കുവാൻ ആലോചിച്ചു. നമ്മുടെ വിശുദ്ധൻ കാരാഗൃഹത്തിൽ കിടന്നു അപാരദുഃഖം അനുഭവിച്ചു.

**അനന്തരസംഭവങ്ങൾ**

ഈ ഘട്ടത്തിൽ അവിചാരിതമായി ഗുണ്ടഫറിൻെറ സഹോദരനായ ഗാദ്ദ് മരണംപ്രാപിക്കുകയും, ശവസംസ്കാരവേളയിൽ അയാൾ പെട്ടെന്നു പുനർജ്ജീവിക്കുകയും, സ്വർഗ്ഗത്തിൽ വി. തോമ്മാശ്ലീഹാ ഗുണ്ടഫർനുവേണ്ടി പണിചെയ്തിരിക്കുന്ന സൗധത്തിൻെറ സ്ഥിതിയെപ്പററി വെളിപ്പെടുത്തുകയും ഉണ്ടായി. അയാൾ അതു ജ്യേഷ്ഠനെ അറിയിച്ചു. ഗുണ്ടഫർ അതു വിശ്വസിക്കയും, തൻെറ ഭാവിജീവിതത്തിനു തയ്യാറാക്കപ്പെട്ടിരിക്കുന്ന ആ മണിസൗധത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കുകയും ചെയ്തു. സ്വന്തം സഹോദരനുവേണ്ടി അതുപേക്ഷിക്കാൻ ഗുണ്ടഫർ സമ്മതിച്ചില്ല. രാജാവു വി. തോമാശ്ലീഹായുടെ യഥാർത്ഥമഹത്വം ഗ്രഹിക്കയും അദ്ദേഹത്തിൻെറ ആദർശങ്ങൾ സ്വീകരിക്കയും ചെയ്തു. ഇങ്ങനെയാണു വി. ശ്ലീഹാ ഗുണ്ടഫർനുവേണ്ടി ഒരു മണിസൗധനിർമ്മിതി സാധിച്ചതു്.

**സേവനഫലങ്ങൾ**

ഈ സേവനത്തോടുകൂടി തോമാശ്ലീഹായുടെ അനന്യസാധാരണമായ മഹത്വം ഭാരതീയ അന്തരീക്ഷത്തിൽ സവിശേഷം പ്രകാശിച്ചു. ആ ദിവ്യൻ ദീനന്മാരിൽ പതിപ്പിച്ച കണ്ണുകളിൽ നിന്നുതന്നെ ആത്മജ്ഞാനത്തിൻെറ കതിരുകളും വീശുകയുണ്ടായി. അങ്ങനെ ദരിദ്രരെ സഹായിച്ചും, ദുഃഖിതരെ ആ

ശ്വസിപ്പിച്ചും, രോഗികളെ സ്വസ്ഥരാക്കിയും വി. ശ്ലീഹാ ഭാരതഭൂമിയുടെ നാനാഭാഗങ്ങളിലും ചുററിസഞ്ചരിച്ചു. ഇതോടുകൂടി സത്യസ്വരൂപനായ ദൈവത്തിന്റെ മഹിമാവിൽ ജനസാമാന്യത്തിനു വിശ്വാസമുണ്ടായി. വിശുദ്ധൻ സാക്ഷാൽ നിത്യപിതാവിന്റെ ഒരു പ്രേഷകനാണെന്നുള്ള ബോധവും ജനങ്ങളിൽ അങ്കുരിച്ചു. ഗുണ്ടഫർ രാജകുടുംബം താമസമെന്നിയെ മാനസാന്തരപ്പെട്ടു. ആയാൾ സ്വസഹോദരനോടു പറയുന്ന വാക്കുകൾ ശ്രവിക്കുക. "നീ പറഞ്ഞതു പരമാർത്ഥമെങ്കിൽ എനിക്കുള്ള സകല സമ്പാദ്യങ്ങളും രാജ്യം തന്നെയും നീ സ്വീകരിച്ചുകൊള്ളുക. ആ സൗധം അതിന്റെ ഉടമസ്ഥനായ എനിക്കു വിട്ടുതന്നാൽമതി. കണ്ടാലും, അതിന്റെ നിർമ്മാതാവു ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലൊ. അവൻ കള്ളം പറയുന്നവനല്ല. അയാൾ നിശ്ചയമായും നിനക്കു മറെറാന്നു പണിതുതരും. പണിയുവാൻ പ്രാപ്തനായ ഒരു ശില്പിയുണ്ട്. വേലക്കാരുമുണ്ടു. സ്വർണ്ണനാണയങ്ങൾ അവനെ ഏല്പിക്കുക. എനിക്കു പണിതതുപോലെ ഒന്നു നിനക്കും പണിയും. സ്വർഗ്ഗത്തിൽ എനിക്കുള്ള സൗധം നീ കണ്ടുവെങ്കിൽ എന്റെ രാജ്യം മുഴവനും വിട്ടുകൊടുത്താലും അതു എനിക്കുതന്നെ കിട്ടേണ്ടതാണ്. മാലാഖാമാരുടെ മദ്ധ്യേ ഒരു സൗധം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിലയായി ലോകം മുഴവനും കൊടുത്താലും മതിയാകയില്ല. മരണാനന്തരം എനിക്കു സ്വർഗ്ഗത്തിൽ ഒരു സൗധം ഉണ്ടെന്നു ഇപ്പോൾ ഒരുവിധം മനസ്സിലായി. ഈ മഹാമഹത്വത്തെ ഞാൻ ഒരുവനു എങ്ങനെ കൊടുക്കും? അതു ഞാൻ വിട്ടുകൊടുക്കുകയില്ല. അതിനു വേണ്ടി നീ എന്നോടു കേണു അപേക്ഷിക്കുകയും വേണ്ട. കടലും കരയും അതിന്റെ നിഴൽപോലും ആകയില്ല. അതിന്റെ നിർമ്മാതാവിന്റെ അടുക്കലേക്കു പോയി അയാൾ ജീവിക്കുന്നുണ്ടോ എന്നു നോക്കാം. അയാൾക്കെതിരായി നാം കുററം ചെയ്തതിനാൽ മോചനത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം." (ഈ സംഭവം വി. തോമാശ്ലീഹായുടെ ചരിത്രത്തിൽ നിന്നും ഉദ്ധരിച്ചിരിക്കുന്നതാണ്.)

**വി. ശ്ലീഹായുടെ മോചനം**

അനന്തരം കാരാഗൃഹത്തിന്റെ ഇരുളറയിൽനിന്നു വി. തോമ്മാശ്ലീഹാക്കു മോചനം ലഭിച്ചു. അനവധിജനങ്ങൾക്കു ക്രി

ന്തുനാഥന്റെ ദിവ്യവെളിച്ചത്തിലേയ്ക്കു പ്രവേശനമരുളി. ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിലും വി. ശ്ലീഹാ സഞ്ചരിച്ചു. സാധുജനസേവനത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണു് വി. തോമ്മാശ്ലീഹാ കേരളക്കരയിൽ ഏഴു പ്രധാനപള്ളികൾ സ്ഥാപിച്ചതു്. അനവധി ആഢ്യബ്രാഹ്മണരെയും വളരെ കുലീന ഹിന്ദുക്കളെയും അദ്ദേഹം ക്രിസ്തുമതത്തിലേക്കു ആനയിച്ചു.

**വി. തോമാശ്ലീഹായുടെ പ്രവൎത്തനങ്ങൾ**

അദ്ദേഹത്തിന്റെ പ്രവൎത്തനങ്ങളുടെ പട്ടിക താഴെ ചേൎക്കുന്നു. ഭാരതഭൂമിയിൽവച്ചു വി. തോമാശ്ലീഹാ 29 പേരെ പുനർജ്ജീവിപ്പിച്ചു. പിശാചുബാധിതരായ 280 ആളുകളിൽ നിന്നു ആ ബാധയെ ഒഴിച്ചു. 250 വെള്ളപ്പൂദീനക്കാരെ സ്വസ്ഥരാക്കി. 250 കുരുടന്മാൎക്കു കാഴ്ച നൽകി. 120 തളർവാതക്കാരെ സുഖപ്പെടുത്തി. 20 ഊമന്മാൎക്കു സംസാരശക്തി നല്കി. 17490 ബ്രാഹ്മണരേയും 3750 വൈശ്യരേയും 4280 ശൂദ്രരേയും മാനസാന്തരപ്പെടുത്തി. 2 മെത്രാന്മാരെ അഭിഷേകം ചെയ്തു. 7 പേരെ പട്ടക്കാരാക്കുകയും 4 പേരെ റമ്പാന്മാരാക്കുകയും ഉണ്ടായി. 21 പേരെ ഡീക്കൻ സ്ഥാനത്തേക്കു ഉയൎത്തുകയും ചെയ്തു. ആകപ്പാടെ തോമാശ്ലീഹാ ഇന്ത്യയിൽ 17 വർഷം പ്രേഷിതവൃത്തി നിർവ്വഹിച്ചു. അതിൽ 6 വർഷത്തോളം കേരളത്തിലും 4 വർഷം സിൻഡിലും 7 വർഷം മൈലാപ്പൂർ, ചൈന, ടാർട്ടറി, ഗ്രെയിററ് മുഗൾ മുതലായ സ്ഥലങ്ങളിലുമായി കഴിച്ചുകൂട്ടിയെന്നാണു ഐതിഹ്യം. കേരളക്കരയിൽ നടത്തിയ 6 വർഷത്തെ പ്രേഷിതജോലിയുടെ ഫലമാണു ഇന്നു കേരളീയരായ നാം അനുഭവിക്കുന്നതു്. കേരളത്തിൽ ഇന്നു കാണുന്ന ക്രൈസ്തവചൈതന്യത്തിന്റെ വിത്തു അന്നു പ്രസ്തുത വിശുദ്ധൻ വിതച്ചതാണു്. ഈ ബീജാവാപത്തിനു നിലമൊരുക്കിയതു് ഗുണ്ഡഫറിന്റെ സ്വർഗ്ഗീയസൌധനിർമ്മിതിയോടുകൂടിയാണെന്നു പറയാതെ നിവൃത്തിയില്ല. അതിനാൽ സാധുജനസേവനമാണു ക്രിസ്തുമതത്തിന്റെ മാർഗ്ഗദീപം എന്നു വെളിപ്പെടുന്നു. ഇന്നു കേരളം സാക്ഷരത്വത്തിൽ ഉയരുന്നതിനും, സംസ്കാരത്തിൽ ഇതര രാജ്യങ്ങളെ പരാജയപ്പെടുത്തുന്നതിനും, തോമാശ്ലീഹായുടെ സേവനഫലങ്ങളാണു ഹേതുഭൂതങ്ങ

ളെന്നു പ്രസിദ്ധമാണല്ലോ. നാട്ടിൽനിന്നു അയിത്തവും അനാചാരങ്ങളും തിരോധാനം ചെയ്യുന്നതിനു തോമാശ്ലീഹായുടെ കൈവേലകൾ അത്യധികം ഉപകരിച്ചിട്ടുണ്ട്. ഈ വിശുദ്ധൻ കേരളജനതയിൽ കണ്ട ഗുരുതരങ്ങളായ സ്ഥിതിവ്യത്യാസങ്ങളെ സമീകരിക്കുന്നതിനും യത്നിച്ചു.

**അനന്തര ഫലങ്ങൾ**

അങ്ങനെ കാലം ഒട്ടുവളരെ കടന്നു. അന്നു ക്രിസ്ത്വാബ്ദം 52. ഇന്നു ക്രിസ്ത്വാബ്ദം 1946. ഈ കാലചക്രഗതിയിൽ വി. തോമാശ്ലീഹായുടെ സേവനവൃക്ഷങ്ങൾ എങ്ങനെയെല്ലാം തഴച്ചിരിക്കുന്നു! അന്നത്തെ ക്രിസ്തുമതാവലംബികളുടെ സംഖ്യ വളരെ തുച്ഛമായിരുന്നു. നമ്മുടെ വിശുദ്ധൻ 6 കൊല്ലത്തെ സേവനം കൊണ്ടു കേരളക്കരയിൽ 25520 പേരെ മതത്തിലേക്കു സ്വീകരിച്ചു. എന്നാൽ ഇന്നാകട്ടെ തിരുവിതാംകൂറിൽ മാത്രം 20 ലക്ഷം ക്രിസ്ത്യാനികളുണ്ടെന്നുള്ള വസ്തുത കണക്കുകൊണ്ടു ബോദ്ധ്യമാകുന്നുണ്ട്. ഭാരതത്തിൽക്രിസ്തുവിന്റെ പതാകയിൻകീഴ് വർത്തിക്കുന്ന വിവധതരക്കാരായ ക്രിസ്ത്യാനികളിൽ കത്തോലിക്കരുടെ സാധുഃസേവനപരമായ പ്രവർത്തനങ്ങളുടെ ഒരു സ്ഥൂലചിത്രം മാത്രമേ ഇവിടെ സമാഹരിക്കുന്നുള്ളു.

**സേവനഫലങ്ങൾ**

കേരളക്കരയിൽനിന്നു അയിത്തം ഒട്ടുവളരെ പിന്നോട്ടുമാറി. വഞ്ചിഭൂമിയിൽനിന്നു അതു തികച്ചും യാത്രപറഞ്ഞു. അധഃകൃതവർഗ്ഗക്കാരെന്നു പരിഗണിക്കപ്പെട്ടിരുന്ന പല ജാതിക്കാരെയും കത്തോലിക്കർ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഉയർത്തി. അവർക്കു ദേവാലയങ്ങൾ പണികഴിപ്പിക്കുകയും, ക്രൈസ്തവസംസ്കാരത്തിൽ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. തന്നെയല്ല, അവരുടെ സാമൂഹ്യജീവിതത്തിനു സാരമായ വ്യതിയാനങ്ങൾ വരുത്തി. പരിഷ്കൃതജനസമുദായങ്ങളോടു ഇണങ്ങിവർത്തിക്കത്തക്ക ചൈതന്യം അവർക്കു ഇപ്പോൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ ജാതിക്കോട്ടകൾ തകർത്തു സർവ്വസാഹോദര്യത്തിൽ അഭിരുചി കൊള്ളത്തക്ക അന്തരീക്ഷം സംജാതമാക്കുന്നതിനു ക്രൈസ്തവസേവനം എത്രകണ്ടു ത്യാഗബുദ്ധിയോടുകൂടിയാണു നിർവഹിച്ചിട്ടുള്ളതെന്നു നിഷ്പക്ഷബുദ്ധികൾക്കു സ്മരിക്കാതെ കഴിവില്ല.

**തള്ളുന്നവരെ കൊള്ളുന്നു.**

അശുദ്ധരായും, പ്രാകൃതരായും പരിഗണിക്കപ്പെട്ടിരുന്ന ചില സമൂഹങ്ങളെ പെരുവഴിയിൽവെച്ചുപോലും സമീപിക്കുവാൻ പാടില്ലന്നു സവർണ്ണഹിന്ദുക്കൾശഠിക്കുകയും, 'ഹേയ്' ശബ്ദോച്ചാരണത്താൽഅവരെഅട്ടിപ്പായിക്കുകയുംചെയ്തിരുന്നുവല്ലോ.ഇത്രശോചനീയമായ ഒരവസ്ഥയിൽനിന്നു ഈ സാധുക്കൾക്കു എങ്ങനെ മോചനം ലഭിച്ചു? നിശ്ചയമായുംക്രിസ്ത്യാനികളുടെ അനുകമ്പാപൂർവ്വമായ സേവനങ്ങൾകൊണ്ടു മാത്രമാണു ഇവർ ഉദ്ധരിക്കപ്പെട്ടതു്. അമ്പലങ്ങളെ സമീപിക്കുവാൻപോലും അനുവദിക്കപ്പെടാതിരുന്ന ഇക്കൂട്ടക്കു ക്രിസ്തുവിൻെറ വെളിച്ചത്തിൽ കൂടി ദേവാലയത്തിലേക്കു പ്രവേശം അനുവദിക്കപ്പെട്ടപ്പോൾ ആ ജനതയുടെ അശുദ്ധത തനിയേ നീങ്ങുകയാണുണ്ടായതു്. തന്നെയല്ല, ക്രിസ്ത്യാനികളുടെ പലവിധ സഹായങ്ങൾകൊണ്ടു തടിച്ച സാമൂഹ്യാവസ്ഥയിൽ ഉറച്ചു നില്ക്കാനും അവക്കു പ്രാപ്തിയുണ്ടായി. ഇന്നു ഒരുവിധം സംസ്കാരം സിദ്ധിച്ചവരായി ഇക്കൂട്ടർ പുലരുന്ന വസ്തുതയും നമുക്കു അറിവുണ്ടല്ലോ, അറിയുന്നുണ്ടല്ലോ. ക്രിസ്ത്യാനികൾ ഭാരതത്തിൻെറ നാനാഭാഗങ്ങളിലും അക്ഷീണയത്നം ചെയ്തു ക്രിസ്തുവിൻെറ വെളിച്ചം തെളിയിച്ചു പോരുന്നു. ഇതിൽ ആക്കും പരിഭവത്തിനു അവകാശമില്ല.

**വിവിധ വീക്ഷണ കോണങ്ങൾ.**

കത്തോലിക്കരുടെ സേവനം അവർണ്ണഹിന്ദുക്കളുടെ മാത്രമല്ല സവർണ്ണഹിന്ദുക്കളുടെയും ജീവിതത്തിലും സാമൂഹ്യസ്ഥിതിയിലും സാരമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടു. വാസ്തവത്തിൽ ധനസ്ഥിതിയിൽ താഴ്ന്ന പടവിയിൽ പെട്ടവരെ മാത്രമല്ല, കത്തോലിക്കർ സാധുക്കളായി പരിഗണിക്കുന്നതു്. പ്രത്യുത, വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ജീവിത വിശുദ്ധിയിലും പിന്നണിയിൽ നില്ക്കുന്ന ജനസമൂഹങ്ങളേയും വ്യക്തികളേയും സാക്ഷാൽ സാധുക്കളായി കത്തോലിക്കർ എണ്ണിപ്പോരുന്നു. ഇങ്ങനെ നോക്കുമ്പോൾ, അഷ്ടിക്കു വകയില്ലാത്തവക്കു അശനം നൽകിയും, അജ്ഞാനികൾക്കു ജ്ഞാനമരുളിയും, ദുരാചാരങ്ങളിൽ ആണ്ടുപോയവക്കു നല്ല ആദർശങ്ങൾ നൽകിയും സമുചിതമായ സാധുസേവനം ക്രിസ്ത്യാനികൾ നിർവ്വഹിച്ചുപോ

രുന്നു എന്നു സമ്മതിക്കാതെ തരമില്ല. കേരളക്കരയിൽ 'മക്കത്തായം' പ്രചാരത്തിൽ വരുന്നതിനും, ഏകഭാര്യാവ്രതം അത്യന്തം ആദരണീയമായിത്തീരുന്നതിനും, കുടുംബത്തിൽസ്ത്രീകൾക്കുസമുചിതമായ ഒരു സ്ഥാനം കൈവരുന്നതിനും, ക്രൈസ്തവസേവനമാണു് സവർണ്ണഹിന്ദുക്കളിൽ ഫലപ്രദമായവിധം വഴിതെളിച്ചിട്ടുള്ളതു്. മാത്രമല്ല; വസ്ത്രാഭരണാദി ബാഹ്യാഡംബരങ്ങളുടെ വിഷയത്തിലും സാരമായ ഭേദഗതികൾ വരുത്തീട്ടുണ്ടു്. പ്രഥമവീക്ഷണത്തിൽ ഇന്നത്തെ ജനത ഒരേജാതിയിലൊ മതത്തിലൊ പെട്ടവരാണെന്നു തോന്നിപ്പോകും. അത്രമാത്രം ബാഹ്യസംസ്കാരം സാമാന്യജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്. ക്രിസ്തുനാഥൻെറ സാധുജനസേവനബുദ്ധി ജനതയിൽ അസാമാന്യമായ ഒരു പരിവർത്തനം ഉത്ഭൂതമാക്കാതിരിക്കയില്ല. ക്രൈസ്തവസംസ്കാരത്തിനു ഒരു പുളിച്ചമാവിൻെറ ധർമ്മമാണുള്ളതു് എന്നു് ക്രിസ്തുനാഥൻ തന്നെ അരുളിച്ചെയ്തിട്ടുണ്ടു്. ജനസാമാന്യത്തെ നനച്ചമാവിനോടും ഉപമിച്ചിരിക്കുന്നു. ആ മാവിൻെറ പുറമെ ക്രൈസ്തവസംസ്കാരം സേവനാത്മകമായ രൂപത്തിൽ ഒരു വിധം പുളിച്ചമാവായിത്തന്നെ ഭവിക്കാനിരിക്കുന്നു എന്നു കരുതാം. ഈ ആവരണംകൊണ്ടു സമുചിതമായ പരിവർത്തനം യഥാകാലം സംജാതമാകാതിരിക്കയില്ല. അതാണു ക്രൈസ്തവാദർശങ്ങളുടെ സമ്പർക്കം കൊണ്ടുണ്ടാകുന്ന അമൂല്യഫലം. അതിനാൽ ലോകം ഒരിക്കൽ ക്രിസ്തുവിനെയും തൻെറ ആദർശങ്ങളേയുംപററി വേണ്ടവണ്ണം അറിയാതിരിക്കയില്ല എന്നു് നിശ്ചയമായും പ്രത്യാശിക്കാം. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭ അവളുടെ ധർമ്മം നിർവ്വഹിക്കുന്നു. ആ പ്രവർത്തനങ്ങളിൽ ക്രിസ്തുനാഥൻെറ നേതൃത്വം ഉണ്ടായിരിക്കുന്നതിനാൽ അതിൽക്കൂടി ലോകത്തിനു ക്രിസ്തുവിനെ ദർശിക്കാതെ കഴിയുകയില്ല. അതുകൊണ്ടാണു ഒരു കാലത്തു ഏകതൊഴുത്തും ഏകഇടയനും ആയി ലോകം രൂപാന്തരപ്പെടും എന്നു വി. ഗ്രന്ഥങ്ങൾ ഉത്ഘോഷിക്കുന്നതു്.

**ഭാരതത്തിലെ വിവിധസേവനരംഗങ്ങൾ**

ഭാരതഭൂമിയിൽ ക്രിസ്തുനാമത്തിൽ സാധുസേവനം ആചരിക്കുന്ന വിവിധരംഗങ്ങൾ നമുക്കു കാണ്മാൻകഴിയും. ആതുരശാലകൾ അനാഥശാലകൾ, വയോവൃദ്ധരക്ഷണകേ

ന്ദ്രങ്ങൾ, കന്യകാമഠങ്ങൾ, ആശ്രമങ്ങൾ, ശുശ്രൂഷാസഖ്യങ്ങൾ, മിഷ്യൻരംഗങ്ങൾ, വിദ്യാപ്രവർത്തനരംഗങ്ങൾ മുതലായ അനവധി സ്ഥാപനങ്ങൾ ക്രിസ്തുവിൻെറ നാമത്തിൽ ത്യാഗപൂർവ്വകമായ സേവനങ്ങൾ ആചരിക്കുകയും തദ്വാരാ ആ രംഗങ്ങളിൽ ക്രിസ്തുവിൻെറ ദിവ്യപ്രകാശം പ്രതിബിംബിച്ചു പോരുകയും ചെയ്യുന്നു.

**ആതുരശാലകളിലെ സേവനം**

നോക്കുക! നമ്മുടെ ആതുരശാലകളിൽ രോഗികളെ ശുശ്രൂഷിക്കുന്നതിനു ഏല്പ്പിട്ടിരിക്കുന്ന കന്യാസ്ത്രീകൾ എന്തുത്യാഗം അനുഷ്ഠിക്കുന്നു എന്നു് അവർ രോഗികളെ ജാതിമതഭേദമെന്യേ, സ്ത്രീപുരുഷഭേദമെന്യേ, കുബേരകുചേലഭേദമെന്യേ പ്രമാണിക്കാതെ താങ്ങിത്തലോടി ആശ്വസിപ്പിക്കുന്നു. യഥാർത്ഥത്തിൽ നിസ്വാർത്ഥമായും ഹൃദയപൂർവ്വകമായും ആചരിക്കുന്ന ആ സേവനം ലോകത്തിനു എത്രകണ്ടു ആശ്വാസം അരുളുന്നു എന്നു ഹൃദയം ഉള്ളവർക്കു് ചിന്തിക്കാതെ കഴികയില്ല. എന്നാൽ അതിനെപ്പററി അവശ്യം ചിന്തിക്കേണ്ടതാണു്. ഇത്തരം സേവനം അനുഷ്ഠിക്കുന്നതിനു ഇന്നു ഭാരതഭൂമിയിലല്ല, ലോകത്തിൻെറ നാനാഭാഗങ്ങളിലും ബദ്ധകങ്കണരായി വർത്തിക്കുന്ന ധീരവനിതകൾ, കത്തോലിക്കാസഭയുടെ അരുമസന്താനങ്ങളാണെന്നുള്ള വസ്തുത, ഏതൊരു വ്യക്തിയുടെ ഹൃദയത്തെയാണു ആനന്ദത്തിൻെറ അലകളിൽ ആറാടിക്കാത്തതു്? നിങ്ങൾ മലയാളക്കരയിലെ ആശുപത്രികളിലേക്കു ഒന്നു കണ്ണോടിക്കുക. മേൽപറഞ്ഞ വസ്തുത അവിടെയും നിങ്ങൾക്കു അനുഭവപ്പെടാതിരിക്കുകയില്ല. ദീനന്മാരെ താങ്ങിത്തലോടുന്ന കരങ്ങളെ കരങ്ങളെന്നും, അവരിൽ ആർദ്രത കാണിക്കുന്ന മനസ്സിനെ മനസ്സെന്നും ആ യോഗിനികൾ ക്രിസ്തുവിൻെറ നാമത്തിൽ പ്രവർത്തിമൂലം പ്രകാശിപ്പിക്കുന്നു. ഇന്നു ഭാരതവർഷത്തിൽ ഇപ്രകാരം സേവനം അനുഷ്ഠിക്കുന്ന യോഗിനികളുടെ സംഖ്യ ഒട്ടുംകുറവല്ല ഒടുവിൽ കാണിച്ചിരിക്കുന്ന പട്ടികയിൽനിന്നു ആ വക സംഗതികൾ വ്യക്തമാകും. ആതുരശാലാപ്രവർത്തനത്തിൽ ലോകത്തിനു മാതൃക നൽകിയിട്ടുള്ള കത്തോലിക്കാസഭ, ഭാരതത്തിൽ ആ വക സ്ഥാപനങ്ങൾക്കു പല അടിസ്ഥാനങ്ങളിട്ടിട്ടുണ്ടെങ്കിലും, കാലാന്തരത്തിൽ അവയിൽ ചിലതു് ഭരണമേധാവികളുടെ

നിയന്ത്രണത്തിനു വിധേയമാക്കിത്തീക്കുകയും, ആ ഭരണഭാരത്തിൽനിന്നും അല്പം പിൻതിരിയുകയുമാണുണ്ടായിട്ടുള്ളതു്. അതു കൊണ്ടാണു ഇന്നു കത്തോലിക്കരുടെ വക എന്ന പേരിൽ അത്തരം സ്ഥാപനങ്ങൾ അധികം ഇല്ലാതിരിക്കുന്നതു് എന്നുള്ളതും സ്മത്തവ്യമാണു്.

**അനാഥശാലകൾ**

ആരും തുണയില്ലാത്ത ബാലികാബാലന്മാക്കു അഭയം അരുളി അവക്കു ശരിയായ ഒരു ഭാവിയെ സൃഷ്ടിക്കുന്നതിനു ഉദ്യമിക്കുന്ന സ്ഥാപനങ്ങളാണു, അനാഥശാലകൾ. ഈ വിഷയത്തിൽ സഭ എത്രത്തോളം കാര്യമായി പ്രവൃത്തിച്ചിട്ടുണ്ടെന്നു പാപ്പാമാരുടെ സേവനങ്ങളിൽനിന്നു വെളിപ്പെടാതിരിക്കയില്ല. അനാഥശാലകളിൽ പാവനമായ സ്നേഹത്തിന്റെ തനി പ്രകടനമാണു നടക്കുന്നതു്. ക്രിസ്തുവിന്റെ ആദശം അതു മാത്രമാണു്. ക്രിസ്തുമതം സ്നേഹത്തിന്റെ മതമാണല്ലോ. സാധുസംരക്ഷണത്തെ ഉദ്ദേശിച്ചു മദ്ധ്യശതകങ്ങളിലുണ്ടായിരുന്ന സ്ഥാപനങ്ങൾക്കെല്ലാം പ്രചോദനം നൽകിയിരുന്നതു് ക്രിസ്തുമതസിദ്ധാന്തങ്ങൾ ആയിരുന്നു. 16-ാം നൂററാണ്ടുവരെ സാധുജനസംരക്ഷണത്തെ സംബന്ധിച്ചുള്ള ക്രിസ്തുവിന്റെ പഠനങ്ങളെ കത്തോലിക്കാസഭ എങ്ങനെ അന്യൂനമായി പാലിച്ചുപോന്നു എന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ 16-ാം ശതകത്തിലെ മതവിപ്ളവകാലത്തു കത്തോലിക്കാസഭയിലെ ജീവകാരുണ്യപ്രവത്തനങ്ങളുടെ ജീവനാഡി ഒരു വിധം നിശ്ചലമായി എന്നു പറയാം. കാരണം, മനുഷ്യൻ നീതീകരിക്കപ്പെടുന്നതിനു വിശ്വാസംമാത്രം മതി എന്നു വിപ്ളവകാരികൾ ശഠിച്ചു. വിശ്വാസാനുസൃതങ്ങളായ പ്രവൃത്തികളുടെ അനുഷ്ഠാനം ആത്മരക്ഷക്കു കൂടിയേ കഴിയൂ എന്നില്ലെന്നും അവർ സിദ്ധാന്തിച്ചു ലൂഥർ പ്രഭൃതികളാണു ഈവക സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചതു്. സത്പ്രവൃത്തികൾ മനുഷ്യന്റെ ആത്മീയ യോഗ്യതയെ അർഹിക്കുന്നില്ലായെന്നും അവർ പഠിപ്പിച്ചു. അതായിരുന്നു അന്നത്തെ പ്രോട്ടസ്റ്റൻറു സിദ്ധാന്തങ്ങളിൽ മൗലികമായിരുന്നതു്. ഇങ്ങനെയെങ്കിൽ, പിന്നെ മനുഷ്യൻ എന്തിനു ബുദ്ധിമുട്ടുന്നു? ത്യാഗപരവും ക്ലേശപൂർണ്ണവുമായ സാധുജനസേവനത്തിനു ആരു മുതിരും?

എന്നാൽ കത്തോലിക്കാസഭ ആ പരീക്ഷണങ്ങളിൽ നി

ന്നു സമ്പൂർണ്ണവിജയം തന്നെ കരസ്ഥമാക്കി, പൊതുസേവനപരമായ പലവിധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിപ്പോരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഈ പ്രവർത്തനശാലകൾ ധാരാളമായി നമുക്കു കാണ്മാൻ കഴിയും. ഭാരതത്തിലെ അനാഥശാലകൾ ചില ആശ്രമങ്ങളുടെയും കന്യകാമഠങ്ങളുടെയും ദേവാലയങ്ങളുടെയും നേതൃത്വത്തിൽ ജീവിച്ചു പോരുകയാണ്. ലോകത്തിനു അനന്യലഭ്യമായ ഒരു അമൂല്യസേവനമാണു ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതു്. ഭാരതഭൂമിയിൽ ഇപ്പോൾ ഒട്ടുവളരെ അനാഥശാലകൾ ഉണ്ടു്. കത്തോലിക്കരുടെ ത്യാഗാത്മകങ്ങളായ സേവനങ്ങളുടെ ഒരു വലിയ ഘടകമാണു അനാഥശാലകളെന്നു പ്രത്യേകം പ്രസ്താവ്യമത്രെ. ഒടുവിൽ കാണിച്ചിരിക്കുന്ന പട്ടികയിൽനിന്നു കൂടുതൽ വിവരങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും.

**സാധുവൃദ്ധജന മന്ദിരങ്ങൾ**

ഇക്കാലത്തു സാധുക്കളായ വൃദ്ധജനങ്ങളുടെ സംരക്ഷണം അവശ്യം ആവശ്യമാണെന്നു ബോദ്ധ്യമായതിന്റെ ഫലമായി, കത്തോലിക്കാസഭയുടെ പ്രവർത്തനപരിപാടികളിൽ ഈ പ്രസ്ഥാനവും ഉൾപ്പെട്ടിട്ടുണ്ടു്. പ്രായാധിക്യത്തിൽ ആരും ആശ്രയമില്ലാത്ത വൃദ്ധസ്ത്രീപുരുഷന്മാരുടെ സംരക്ഷണകൃത്യം ഏറെറടുത്തു് നടത്തുന്നതു് ഒരു വലിയ സേവനമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇന്നു ഭാരതത്തിൽ ഇപ്രകാരമുള്ള സ്ഥാപനങ്ങൾ കത്തോലിക്കാസഭയ്ക്കു മാത്രമേയുള്ളു. അവ എണ്ണത്തിൽ പരിമിതവുമാണ്. ജനസമുദായത്തിന്റെ അവശതകളിൽ സാരമായ ഒന്നു തങ്ങിനില്ക്കുന്ന ഒരു രംഗമാണിതെന്നു വിവേകബുദ്ധികൾക്കു ബോദ്ധ്യമാകാതിരിക്കയില്ല. സാധുജനസംരക്ഷണപരമായ ഈ കൃത്യം കത്തോലിക്കാസഭ ഉത്തരോത്തരം പ്രോത്സാഹിപ്പിച്ചുപോരുന്നു.

**തൊഴിൽ ശാലകൾ.**

ഇന്നു് ഗ്രാമീണപുനരുദ്ധാരണം സംബന്ധിച്ചുള്ള പ്രവൃത്തികൾക്കു കൂടുതൽ സാംഗത്യമുണ്ടു്. പല ഗ്രാമങ്ങളും ക്ഷയോന്മുഖങ്ങളായിരിക്കുന്നു. അവിടെ നടമാടിയിരുന്ന പുരാതനസംസ്കാരങ്ങളും ചൈതന്യവും നഷ്ടപ്പെട്ടു. ജനങ്ങൾ ദാരിദ്ര്യത്തിന്റെ അടിത്തറയിൽ ആണ്ടു. അവരുടെ ഉപജീവനത്തിനു മാർഗ്ഗമില്ലെന്നായി. ഈ സാഹചര്യ

ങ്ങളിൽ തൊഴിൽപരമായ അഭ്യാസങ്ങൾ ഗ്രാമീണർക്കു നൽകുകയാണു അവശ്യം കരണീയമായിരിക്കുന്നതു്. ഇതിനുവേണ്ടി അധികമാരും ശ്രമിച്ചുകാണുന്നില്ല. എന്നാൽ കത്തോലിക്കരുടെ വകയായി ഇന്നു ഭാരതഭൂമിയിൽ നടത്തിപ്പോരുന്ന പല തൊഴിൽശാലകളും സാധുജനങ്ങൾക്കു തൊഴിൽപരിശീലനം നൽകുന്നതിനും പൊതുജനസേവനം ആചരിക്കുന്നതിനും വേണ്ടി ജീവിക്കുന്നവയാണു്. അവ എണ്ണത്തിൽ ഒട്ടും കുറവല്ല. മനുഷ്യരുടെ ജീവിതക്ലേശങ്ങൾ ദൂരീകരിക്കുന്നതിനു ഈ സ്ഥാപനങ്ങൾ ചെയ്യുന്ന ശ്രമം അത്യന്തം ചാരിതാർത്ഥ്യജനകമായിരിക്കുമല്ലോ.

അനന്തരം മറ്റൊരു രംഗത്തിലേക്കു നമുക്കു കമിഷ്യൻരം ണ്ണോടിക്കാം. പരിഷ്കാരസൂര്യന്റെ കതിരുകൾ ഗങ്ങൾ പ്രവേശിക്കാത്ത പല കുഗ്രാമങ്ങളും ഇന്നു ഭാരതത്തിലുണ്ടു്. അവിടത്തെ അജ്ഞാനം നീക്കുകയും ഉത്തമോത്തമങ്ങളായ ജീവിതസമ്പ്രദായങ്ങൾ ജനങ്ങൾ വശമാക്കുകയും ചെയ്യേണ്ടതു് ഏററവും അത്യാവശ്യമായ ഒരു മഹാകൃത്യമാണു്. ദാരിദ്ര്യവും അശുദ്ധതയും അജ്ഞാനവും ഒത്തുകളിയാടുന്ന അന്ധവിശ്വാസികളുടെ ചില ക്രൂരരംഗങ്ങളാണു അവ എന്നും സമ്മതിക്കാതെ കഴിവില്ല. ഇത്തരം സ്ഥാനങ്ങളിൽ കടന്നുകൂടി ദരിദ്രർക്കു ധനസഹായവും ജീവിതസൗകര്യമില്ലാത്ത അവശന്മാർക്കു ആ വക സൗകര്യങ്ങളും, അജ്ഞന്മാർക്കു വിദ്യാഭ്യാസവും നൽകുന്നതു് സംസ്കാരസമ്പന്നമായ ഒരു സമുദായത്തിന്റെ മൗലികകൃത്യമാണെന്നുവേണം പറയുവാൻ. ഇത്തരം കൃത്യങ്ങൾ കത്തോലിക്കാസഭ, ലോകത്തിന്റെ നാനാഭാഗങ്ങളിലും ചെയ്തുപോരുന്നുണ്ടു്. അതിന്റെ സാരമായ മാറ്റൊലികൾ ഭാരതത്തിൽ പ്രതിബിംബിക്കാതിരിക്കയില്ല. ഈ വക പ്രവർത്തനങ്ങളെയാണു കത്തോലിക്കാപ്രവർത്തനം എന്നു നാമകരണം ചെയ്തിരിക്കുന്നതു്. ഭാരതഭൂമിയിൽ ഇത്തരം രംഗങ്ങൾ അസംഖ്യങ്ങളാണു്. കത്തോലിക്കർ അവിടെ അനുഷ്ഠിക്കുന്ന ത്യാഗാത്മകങ്ങളായ സേവനങ്ങൾ അന്യാദൃശങ്ങളാണെന്നു നിഷ്പക്ഷനിരൂപകന്മാർക്കു സമ്മതിക്കാതെ തരമില്ല. കത്തോലിക്കരുടെ ഓരോ ഇടവകയും വാസ്തവത്തിൽ ഓരോ മിഷ്യൻരംഗമാണെന്നു പറയുന്നതിൽ വലിയ അബദ്ധമില്ല. ഉത്തരഭാ

രത്തിൽ ഡെൽഹി, റംഗൂൺ, ആഗ്ര, പഞ്ചാബു ആദിയായ സ്ഥലങ്ങളിലും കത്തോലിക്കർ മിഷ്യൻപ്രവർത്തനങ്ങൾ നടത്തിപോരുന്നുണ്ടു്.

**ക്രൈസ്തവ വിദ്യാലയങ്ങൾ**

കേരളത്തിൽ ജാതിവ്യത്യാസവും അയിത്തവും കൊടുംപിരി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ശരിയായ വിദ്യാഭ്യാസവും പൗരസമത്വവും ലഭിക്കാതെ പല ജാതിക്കാരും വിഷമിച്ചിരുന്നു. ഈഴവർ, പുലയർ, പറയർ മുതലായ ജാതിക്കാർ ഈ ഗണത്തിൽ പെട്ടവരാണു്. ഈഴവർക്കു പബ്ലിക്കു സർവ്വീസിലാകട്ടെ പബ്ലിക്കു് വിദ്യാലയങ്ങളിലാകട്ടെ പ്രവേശനം ലഭിച്ചിരുന്നില്ല. ഈ ഘട്ടത്തിൽ കൃസ്ത്യാനികൾ തങ്ങളുടെ വിദ്യാലയങ്ങളിൽ അവർക്കു പ്രവേശനം നൽകി, കാലോചിതമായ വിദ്യാഭ്യാസവും സംസ്കാരവും അവരിൽ ഉളവാക്കി. വാസ്തവത്തിൽ ആ ജനസമൂഹങ്ങളെ യഥായോഗ്യം സംസ്കരിക്കുക തന്നെ ചെയ്തു. ഇങ്ങനെ വിദ്യാഭ്യാസവിഷയത്തിൽ കൃസ്ത്യാനികൾ പ്രദർശിപ്പിച്ചുപോരുന്ന പൊതുജനസേവനബുദ്ധി, എത്രത്തോളം അഭിലഷണീയമാണെന്നുള്ളതു് കാര്യവിവരമുള്ളവർ ചിന്തിക്കാതിരിക്കുകയില്ല. അനന്യസാധാരണമായ ഈ സേവനത്തെ പല മഹാത്മാക്കളും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. മഹാത്മഗാന്ധി തുടങ്ങി ഇന്ത്യയിലെ പ്രമുഖന്മാരായ പലരും കൃസ്ത്യാനികളുടെ ഈദൃശസേവനങ്ങളെപ്പററി അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത ഈ അവസരത്തിൽ പ്രത്യേകം സ്മർത്തവ്യമാണു്. വിദ്യാലയങ്ങളുടെ എണ്ണം പട്ടികയിൽ നിന്നു ഗ്രഹിക്കാം.

**കൃസ്ത്യാനികളുടെ നേർക്കുള്ള അവഹേളനം**

കൃസ്ത്യാനികളുടെ സാധുസേവനബുദ്ധിയെ ചിലർ അവഹേളിക്കുന്നുണ്ടു്. അവർ സാധുജനസേവനം ആചരിക്കുന്നതു് അന്യജാതിക്കാരെ മതപരിവർത്തനം ചെയ്യിക്കുന്നതിനാണെന്നും ആ വിഷയത്തിൽ അവർ നിരവധി കുതന്ത്രങ്ങൾ സ്വീകരിക്കുന്നുവെന്നും ചിലഗണനീയന്മാരായ വ്യക്തികൾ അഭിപ്രായങ്ങൾ രേഖപ്പെടുത്തി നാട്ടിൽ അസ്വസ്ഥതയുണ്ടാക്കി വരുന്നു എന്നുള്ളതു് അത്യന്തം പരിതാപകരമാണു്. കരയുന്ന ശിശുവിനു സ്തന്യം നൽകുന്ന

മാതാവു ആ ശിശുവിനെ നിഹനിക്കുവാൻവേണ്ടി അങ്ങനെ ചെയ്യുന്നുവെന്നു വ്യാഖ്യാനിക്കുന്നതും, ക്രൈസ്തവ സേവനങ്ങളെ പഴിക്കുന്നതും തുല്യമായിരിക്കും. മനുഷ്യമനസ്സിന്റെ മാഹാത്മ്യത്തെ നിഹനിക്കുന്ന കൃതഘ്നതയും വഞ്ചനയുമാണ് ഇത്തരം അവഹേളനങ്ങൾക്കു പ്രേരകമായിരിക്കുന്നതു് എന്നുള്ളതു് നിഷ്പക്ഷബുദ്ധികളായ അഭിജ്ഞന്മാർക്കു ഗ്രഹിക്കാൻ പ്രയാസമില്ല. അതിനാൽ ആ വക ദുരഭിപ്രായങ്ങളെ സംസ്കൃതലോകം അവഗണിക്കുകതന്നെ ചെയ്യും. കാര്യവിവരമുള്ളവർ അതിനെപ്പററി സാരമായ ആക്ഷേപം പുറപ്പെടുവിക്കും. പ്രസ്തുത അവഹേളനങ്ങൾ ഒരുവക ബാലിശമനോഭാവത്തിന്റെ പ്രകടനങ്ങളാണെന്നേ വിവേകബുദ്ധികൾ ഗ്രഹിക്കയുള്ളു. അതിനാൽ ആ ആക്ഷേപശരങ്ങൾക്കു മറുപടിപറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും നന്ദിഹീനതയുടെയും അജ്ഞതയുടെയും പ്രത്യക്ഷഫലങ്ങൾ മാത്രമാണ പ്രസ്താവിത അവഹേളനങ്ങൾ എന്നു ഒന്നുകൂടി രേഖപ്പെടുത്തിക്കൊള്ളുന്നു. ത്യാഗത്തിന്റെയും സാധുജനസേവനത്തിന്റെയും, പരസ്നേഹത്തിന്റെയും ഒരു തികഞ്ഞ ആദർശമാണ്, ക്രിസ്തു സ്വജീവിതദ്വാരാ ലോകത്തിനു നൽകിയിരിക്കുന്നതു്. ക്രിസ്ത്യാനികൾ അവരുടെ ജീവിതരംഗങ്ങളിൽ അതു പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു എന്നു മാത്രമേയുള്ളു. അവിടെ മതപരിവർത്തനത്തിനു സ്ഥാനമില്ല. മതപരിവർത്തനപരമായ കുതന്ത്രങ്ങളായി ഈ വക ഉദ്യമങ്ങളെ വീക്ഷിക്കുന്നവർക്കു ക്രിസ്തുവിന്റെ ആദർശത്തെപ്പററി യാതൊരു ബോധവും ഉണ്ടെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. ഒരു ക്രിസ്ത്യാനി മറെറാരുവനെ പഠിപ്പിക്കയോ, അവനു ഭക്ഷണം നൽകുകയോ, അവന്റെ സങ്കടങ്ങളിൽ അവനെ സഹായിക്കയോ, ചെയ്താൽ അതൊക്കെയും അവനെ ക്രിസ്തുമതത്തിലേക്കു പിടിച്ചുവലിച്ചു പ്രവേശിപ്പിക്കുന്നതിനാണെന്നു ജല്പിക്കുന്ന കുബുദ്ധികൾ ആരു തന്നെയായാലും, എത്ര വലിയ വേദാന്തികളായാലും—അവർക്കു യഥാർത്ഥമനുഷ്യത്വം ഉണ്ടെന്നു സമ്മതിക്കാൻ പാടില്ല. എന്നാൽ ഇത്തരക്കാർ ഒരു കാര്യം ചെയ്താൽ കൊള്ളാം. ക്രിസ്ത്യാനികളുടെ സഹായംകൊണ്ടു വിലയും നിലയും പ്രാപിച്ചു മാന്യമായവിധത്തിൽ ജീവിക്കുന്ന വല്ല വ്യക്തികളോടും ചോദിച്ചു സംഗതികളുടെ യാഥാർത്ഥ്യം ഗ്രഹി

ച്ചു ഈ ദുരഭിപ്രായം ഇനിയെങ്കിലും മാറുന്നതായിരിക്കും നല്ലതു. ഒരു ക്രിസ്ത്യാനി "തന്നെപ്പോലെ തന്റെ അയൽക്കാരനെ പരിഗണിക്കുന്നു.,,

### ഉപസംഹാരം

ലോകത്തിൽ ക്രിസ്തുവിനെക്കാൾ വലിയ ത്യാഗം അനുഷ്ഠിച്ചിട്ടുള്ള യാതൊരു വ്യക്തിയും ഇതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയും ഇല്ല. അതിനാൽ ക്രിസ്തുവിന്റെ ആദർശഭക്തന്മാരുടെ സർവ്വ ആദർശങ്ങളിലും പരമോത്തമമായ സാധുജനസേവനം അവരുടെ മൗലികധർമ്മമായി സ്വീകരിച്ചിരിക്കുന്നു എന്നു കാണാം. ഭാരതത്തിനു കൈവന്നിട്ടുള്ള നേട്ടങ്ങൾക്കെല്ലാം ക്രിസ്ത്യാനികളുടെ വിശിഷ്യ കത്തോലിക്കരുടെ പൊതുജനസേവനപരമായ ഉദ്യമങ്ങളാണു നിദാനമായിത്തീർന്നിരിക്കുന്നതെന്നു നിഷ്പക്ഷബുദ്ധികൾ സസന്തോഷം സമ്മതിക്കാതിരിക്കയില്ല. വിദ്യാഭ്യാസം, സന്മാർഗ്ഗജീവിതം, പൗരസമത്വം, സംസ്കാരം ഈ വിഷയങ്ങളിൽ ഇന്നു ഭാരതത്തിൽ ഒന്നാംകിടയിൽ നില്ക്കുന്ന കേരളം ആ നിലയിൽ എത്തിച്ചേർന്നിട്ടുള്ളതിനു, കത്തോലിക്കാസഭയുടെ നിസ്വാർത്ഥമായ പൊതുജനസേവനമാണു വഴി തെളിച്ചിട്ടുള്ളതെന്നു, ലോകം മുക്തകണ്ഠം സമ്മതിക്കുകതന്നെ ചെയ്യും.

### പട്ടിക

കത്തോലിക്കാസഭ ഭാരതഭൂമിയിൽ എന്തു ചെയ്തു എന്നു കാണിക്കുന്ന ഒരു പട്ടിക സഹൃദയശ്രദ്ധക്കു ഏററവും അർഹമായിട്ടുള്ള ഒന്നാണല്ലോ. അതിനാൽ അതിന്റെ ഒരു പട്ടിക താഴെ ചേർക്കുന്നു. ഈ പട്ടിക കൊല്ലത്തുനിന്നു പ്രസിദ്ധപ്പെടുന്ന 'കാത്തലിക് ആക്ഷൻ' എന്ന മാസികയുടെ 7—ാം വാല്യം 11=ാം ലക്കത്തിൽനിന്നും ഉദ്ധരിച്ചിട്ടുള്ളതാണു്. ഇതു് 1941-ൽ എടുത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കി രൂപവല്ക്കരിച്ചിട്ടുള്ളതാണെന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1941-ൽ ഭാരതഭൂമിയിൽ 38 കോടിയിൽപരം ജനങ്ങൾ (388991000) ഉള്ളതിൽ കത്തോലിക്കർ 37 ലക്ഷത്തിൽപരം (3719000) മാത്രമായിരുന്നു. പ്രസ്തുതവർഷത്തിൽ മിഷ്യൻ പ്രവർത്തനത്തിലും ഇടവകഭരണത്തിലും വിദ്യാപ്രദാനത്തിലും സേവനകൃത്യങ്ങളിലും മററും ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ ഒരു പട്ടിക ചുവടെചേർക്കുന്നു.

| 1941-ാംമാണ്ടു. | ലത്തീൻറീത്തു | പൗരസ്ത്യറീത്തു | ആകെ |
|---|---|---|---|
| പുരോഹിതന്മാർ | 3507 | 1071 | 4578 |
| സന്യാസികൾ Brothers | 776 | 93 | 869 |
| സന്യാസിനികൾ | 6403 | 2465 | 8868 |
| ഉപദേശിമാർ | 4038 | 110 | 4148 |
| ആകെ | 14724 | 3739 | 18463 |

**കത്തോലിക്ക് സ്ഥാപനങ്ങൾ** ഇൻഡ്യയിൽ കത്തോലിക്കർ നടത്തിവരുന്ന വിവിധസ്ഥാപനങ്ങളുടെ ഒരു പട്ടികയും വിജ്ഞാനപ്രദമായിരിക്കും. ക്രിസ്തുവിൽനിന്നു ഭാരതത്തിനു എത്രമാത്രം അനുകൂല്യം സിദ്ധിച്ചിട്ടുണ്ടെന്നു പരിഗണിക്കുന്നതിനു ഇതിൽപരമായ ഒരു രേഖ വേറെ ഉണ്ടായിരിക്കാൻ ഇടയില്ല. അതിനാൽ ആ സ്ഥാപനങ്ങളുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

| ആണ്ട്. 1941 | ലത്തീൻറീത്തുവക | പൗരസ്ത്യറീത്തുവക | ആകെ |
|---|---|---|---|
| ആസ്ഥാനദേവാലയങ്ങൾ | 1738 | 535 | 2273 |
| കപ്പേളകൾ | 4465 | 230 | 4695 |
| സെമിനാരികൾ | 54 | 9 | 63 |
| ഹൈസ്കൂൾ (ആൺ) | 131 | 31 | 162 |
| „ (പെൺ) | 128 | 14 | 142 |
| മിഡിൽസ്കൂൾ | 310 | 125 | 435 |
| പ്രാഥമികസ്കൂൾ | 4465 | 528 | 4993 |
| ആശുപത്രികൾ | 53 | — | 53 |
| അനാഥമന്ദിരങ്ങൾ | 257 | 20 | 277 |
| വ്യവസായസ്കൂളുകൾ | 125 | 21 | 146 |
| ആകെ. | 11726 | 1513 | 13239 |

**കത്തോലിക്കാ കോളജ്ജുകൾ**

ഇന്നു് ഭാരതഭൂമിയിൽ 20 കത്തോലിക്കാ കോളജ്ജുകൾ പ്രവൃത്തിയിൽ ഇരിക്കുന്നുണ്ടു്. ഭാരതീയ ജനതയെ വിദ്യാഭ്യാസത്തിലുയർത്തി സംസ്കാരോന്മുഖമായ ഉത്തമമാർഗ്ഗത്തിൽക്കൂടി നയിക്കുന്നതിനു ഈ സ്ഥാപനങ്ങൾ അത്യന്തം സഹായകമായിരിക്കുന്നു. അങ്ങനെ സേവനാത്മകങ്ങളായ നിരവധികൃത്യങ്ങൾ ചെയ്തുകൊണ്ടു കത്തോലിക്കർ ഭാരതഭൂമിയുടെ അന്ധകാരത്തേയും അവശതയേയും നിഹനിക്കുന്നു.

**ഉത്ബോധനം**

ബഹുമാന്യസഹോദരരെ! കത്തോലിക്കർ ലോകത്തെ കബളിപ്പിക്കുവാൻ യത്നിക്കുന്നില്ല. മനുഷ്യനു ജന്മസിദ്ധമായ സാഹോദര്യത്തേയും സ്നേഹത്തേയും പുലത്തുവാൻ അവർ ഉദ്യമിക്കുന്നു. സാധുജനസേവനമാണു കത്തോലിക്കാമതത്തിന്റെ ആദർശം. അധികാരം ദൈവദത്തമാണെന്നും അതിനെ ആദരിക്കേണ്ടതു മനുഷ്യന്റെ മൗലികകൃത്യമാണെന്നും നന്നായി അറിയുന്നതു് കത്തോലിക്കരാണു്. "ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകി നിങ്ങളെ ശുശ്രൂഷിച്ചുവെങ്കിൽ നിങ്ങളും അപ്രകാരം പരസ്പരം ആചരിക്കുവിൻ. ഇതായിരിക്കട്ടെ നിങ്ങളുടെ പ്രത്യേക ലക്ഷണം.„ എന്ന തിരുവായ്മൊഴിഞ്ഞ ദിവ്യഗുരുവിന്റെ നാമത്തിൽ കത്തോലിക്കർ അകമഴിഞ്ഞു പൊതുസേവനം ആചരിക്കുന്നു. ലോകം അതിനെ തള്ളുകയോ കൊള്ളുകയോ ചെയ്യട്ടെ.

---

ACHARYA PALACKAL JEEVASS KENDRAM
LIBRARY
16086

S. RAILWAY STATION ALWAYE TRAVANCORE
ST. ANTONY'S CARMELITE MONASTERY
ALWAYE, TRAVANCORE
D 95/841

# സേവാ സദനം.

**_Fr. Victor, C. D._**

(വില അണ 12)

239.9
C